

# ദിക്‌റെ ഇലാഹി

ഹദ്‌റത്ത് മിർസാ ബശീറുദ്ദീൻ മഹ്‌മൂദ് അഹ്‌മദ് (റ)

# DIKR-E-ILAHI

Hadhrath Mirza Basheeruddin Mahmood Ahmad (r)

'Dikr-e-Ilahi' is a malayalam translation of a speech delivered by Hadhrath Mirza Basheerudheen Mahmood Ahmed, second successor of the Promised Messiah Hadhrath Mirza Gulam Ahmad (A). In this fabulous speech Ahmadiyya Khalifa beautifully explains the significance of remembrance of God and how a believer can enjoy or experience the beauty of his Creator. It also helps the human soul to find its rest in the true living God by eradicating the misconceptions upon his attributes.

ISLAM INTERNATIONAL PUBLICATIONS,KERALA

# ദിക്റെ ഇലാഹി
# (ദൈവ സ്മരണ)

ഗ്രന്ഥകർത്താവ്
ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ)
ഖലീഫത്തുൽ മസീഹ് രണ്ടാമൻ

വിവർത്തനം
സിദ്ദീഖ് അമീർ അലി, മൊഗ്രാൽ

പ്രസാധകർ:
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലികേഷൻസ്, കേരള
ഫോർട്ട് റോഡ്, കണ്ണൂർ - 670001

# DHIKRE ILAAHI
(Malayalam Translation of an Urdu work)

Author
Hadhrath Mirza Bashirudhin Mahmood Ahmad (R)

Translated by:
Siddique Ameer Ali; Mogral.

Printed :
Geethanjali Offset Printers, Calicut.

First Edition :
second Edition : 2011

Copies : 1000

Price : 40/

Publishers
Ialam international Publication, Kerala.
Fort Road, Kannur - 1
IIPK/11

## പ്രസ്താവന

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാമത്തെ ഖലീഫയും വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനുമായ ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ﷺ ഖാദിയാനിൽ വെച്ച് ചെയ്ത അതിമഹത്തായ ഒരു പ്രഭാഷണത്തിന്റെ മലയാള പരിഭാഷയാണ് ദിക്റെ ഇലാഹി എന്ന ഈ അവിസ്മരണീയ ഗ്രന്ഥം.

ദൈവസ്മരണയുടെ അനിർവ്വചനീയ നിർവൃതിയെ വിശ്വാസികളെകൊണ്ട് അനുഭവിപ്പിക്കുന്ന ഒരു കൃതിയാണ് ഇത്. ദിക്റെ ഇലാഹി (ദൈവസ്മരണ)യുടെ നിർവ്വചനം, പ്രാധാന്യം, പ്രയോജനം, ലക്ഷ്യം,സ്വായത്തമാക്കാനുള്ള നിർദ്ദേശങ്ങൾ ഇവയൊക്കെയും ഈ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്.

ദൈവത്തിന്റെ സ്മരണ ഒരു ഭക്തന് സമ്മാനിക്കുന്ന ആത്മീയമായ അവസ്താ വിശേഷത്തെയും അതു നൽകുന്ന പരിവേഷത്തെയും അഹ്മദിയ്യാ ഖലീഫ ലളിതമായ വാക്കുകളിൽ വ്യക്തമാക്കുന്നു.

ആത്മീയനുഭൂതിയുടെ പരമപ്രാപ്തിക്ക് ദൈവസ്മരണ സഹായകമാകും. എന്നാൽ ഇതു നേടാൻ ചിലർ നിർദ്ദേശിക്കുന്ന വഴികൾ വിചിത്രവും അബദ്ധമയവുമാണ്. ഹിപ്നോട്ടിസവും മിസ്മെറിസവും തൊട്ട് ഉച്ചസ്ഥായിയായ ശബ്ദാവസ്ഥയിൽ അഭിരമിക്കുന്ന സൂഫിസം വരെ ദൈവസ്മരണയുടെ മാർഗ്ഗമായിക്കരുതുന്ന കൃത്രിമ രീതികളെ ദിക്റെ ഇലാഹി എന്ന കൃതിയിൽ പരിശോധനാ വിധേയമാക്കുന്നു. മായം കലർന്ന ഒരു സൈദ്ധാന്തിക തത്ത്വശാസ്ത്രവും ആത്മീയതയുടെ പൂമുറ്റത്ത് പ്രവേശനാർഹവുമാവുന്നില്ല. ദിക്റെ ഇലാഹി ചൊല്ലുന്നവരുടെ അവസ്ഥ ശുദ്ധമായ ജീവിതത്തിന്റെ അവസ്ഥയാണ്.

ഈ പുസ്തകം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയത് കേരളാ അഹ്മദിയ്യാ ജമാഅത്തിന്റെ പ്രഥമ അമീറും സ്വാത്തിക സാന്നിദ്ധ്യവുമായിരുന്ന മർഹൂം സിദ്ദീഖ് അമീർ അലി സാഹിബാണ്. അല്ലാഹു അദ്ദേഹത്തിന് ആത്മ ശാന്തി നൽകുമാറാകട്ടെ. ആമീൻ മനസ്സിൽ ദൈവസ്മരണയുടെ ദിവ്യ ദീപ്തി പ്രസരിപ്പിക്കുന്ന ഈ മധുരോപഹാരം ഭക്തർക്ക് സമ്മാനിക്കാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകിയത് കേരളാ ലജ്നാ ഇമാഇല്ലാഹ് ആണ്. അവരുടെ ഈ ത്യാഗപൂർണ്ണമായ സേവനത്തിന് അല്ലാഹുവിൽനിന്ന് തക്കതായ പ്രതിഫലം ലഭിക്കുമാറാകട്ടെ. ആമീൻ.

ഹൃദയം നിറയെ ദൈവസ്മരണയുമായി സ്വയം ജീവിതം ദൈവത്തിന് സമർപ്പണം ചെയ്യുന്ന വിശ്വാസിക്ക് സ്വർഗ്ഗവാതിൽ തുറന്നിടുന്ന ദിക്റെ ഇലാഹി എന്ന ഈ പുസ്തകം സഹൃദയരായ വായനക്കാരുടെ മുന്നിൽ സവിനയം സമർപ്പിക്കുന്നു.

കണ്ണൂർ
14.08.2011

യു.മൻസൂർ അഹ്മദ്
ചെയർമാൻ
കേരള അഹ്മദിയ്യാ പബ്ലിക്കേഷൻ സമിതി.

# അവതാരിക

അല്ലാഹുവിനെ സ്മരിച്ചു കൊണ്ടുള്ള ആരാധന ഇസ്ലാമിന്റെ ജീവൽവശമാണ്. ഇന്ന് ആചാരപരമായ ആരാധനകൾ നിരവധി യുണ്ടെങ്കിലും ഹൃദയത്തിലും ആത്മാവിലും ഫലമുണ്ടാകുന്ന വിധം ദൈവസ്മരണയോടെ ആരാധിക്കുന്നവർ വളരെ കുറവാ ണ്. അല്ലാഹുവിനെ സ്മരിച്ചുകൊണ്ടുള്ള ആരാധനയിലൂടെ മാത്രമേ മനുഷ്യന് ആത്മ സംതൃപ്തിയും മനസമാധാനവും കൈവരിക യുള്ളൂ എന്നത് വിശുദ്ധ ഖുർആന്റെ അദ്ധ്യാപനമാകുന്നു.

വിശുദ്ധ ഖുർആന്റെ അദ്ധ്യാപനങ്ങളും തിരുനബി ﷺ യുടെ ഉത്തമ മാതൃകയും ഇന്നു ലോകത്തു പുനഃസ്ഥാപിക്കുന്നതിനു വേണ്ടി സ്ഥാപിതമായ ദൈവിക പ്രസ്ഥാനമാണ് അഹ്മദിയ്യാ ജമാ അത്ത്. ഇസ്ലാമിക അദ്ധ്യാപനങ്ങളിൽ നിന്നും നബി തിരുമേനിﷺ യുടെ ഉത്തമ മാതൃകയിൽ നിന്നും അല്ലാഹുവിനെ സ്മരിച്ചുകൊ ണ്ടുള്ള ആരാധനയിൽ നിന്നും മുസ്ലിംകൾ പൊതുവെ അകന്നു പോയിരിക്കുന്ന ഇക്കാലത്ത് 'ദിക്റെ ഇലാഹി' എന്ന ഈ കൃതി അവർക്ക് മാർഗ്ഗ ദർശനം നൽകുമെന്നതിൽ സംശയമില്ല.

വാഗ്ദത്ത മസീഹിന്റെ വാഗ്ദത്ത പുത്രനും അഹ്മദിയ്യാ ജമാ അത്തിന്റെ രണ്ടാം ഖലീഫയുമായ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് رضي الله عنهന്റെ ഈ കൃതി ജ: സിദ്ദീഖ് അമീറലി സാഹിബ് (മൊഗ്രാൽ) വിവർത്തനം ചെയ്ത് 'സത്യദൂതൻ' മാസികയിൽ ഖണ്ഡശ: പ്രസ്ദ്ധീകരിച്ചിട്ടുള്ളതാണ്.

അഹ്മദികൾക്ക് പ്രത്യേകിച്ചും, മുസ്ലിം സഹോദരങ്ങൾക്ക് പൊതുവെയും അവരുടെ ആത്മീയോന്നമനത്തിന് ഈ കൃതി വള രെയേറെ പ്രയോജനപ്പെടുമെന്ന ഉത്തമ വിശ്വാസത്തോടും ശുഭ പ്രതീക്ഷയോടും കൂടിയാണ് അഹ്മദിയ്യാ സംസ്ഥാനക്കമ്മിറ്റി ഇത് പ്രസിദ്ധീകരിക്കാൻ തയ്യാറായത്.

കോഴിക്കോട്
1-9-1363/1984

മുഹമ്മദ് അബുൽവഫാ,
അഹ്മദിയ്യാ മുസ്ലിം മിഷനറി

(ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് II رضي الله عنه 1916 ലെ വാർഷിക സമ്മേളനത്തിൽ ഖാദിയാനിൽ വെച്ച് ചെയ്ത പ്രസംഗം, പിന്നീടത് 'ദിക്റെ ഇലാഹി' എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ ആശയാനുവാദ മാണ് ഈ ഗ്രന്ഥം)

بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ

## ദിക്റെ ഇലാഹി

'ദിക്റെ ഇലാഹി'(ദൈവസ്മരണ) എന്നതിന്റെ ഉദ്ദേശ്യമെന്താണ്? ദിക്റെ ഇലാഹി എത്ര തരത്തിലുണ്ട്? ദിക്റെ ഇലാഹിയിൽ എന്തെല്ലാം സൂക്ഷ്മത പാലിക്കേണ്ടതുണ്ട്? ദിക്റെ ഇലാഹി മനസ്സിലാക്കുന്നതിൽ ജനങ്ങൾക്കെന്തെല്ലാം പിഴവുകൾ പറ്റിയിട്ടുണ്ട്? നമസ്കാര വേളയിൽ പിശാച് പല അനാവശ്യ ചിന്തകളും ഇടയിൽ കടത്തി വിടുന്നതുകൊണ്ട് ശ്രദ്ധ കേന്ദ്രീകരിച്ചു നിർത്താനുള്ള മാർഗ്ഗമെന്താണ്? എന്നിത്യാദി വിഷയങ്ങളെ കുറിച്ച് വിവരിക്കാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

അല്ലാഹു കഴിവ് പ്രദാനം ചെയ്താൽ ഇന്ന് ഞാൻ പറയാൻ പോകുന്ന വിഷയത്തിന്റെ ഭാഗങ്ങളാണ് ഇവ. ഏതെങ്കിലും ഒരു പ്രത്യേക ജനവിഭാഗവുമായി ബന്ധപ്പെട്ട വിഷയമല്ലാ ഇതെന്ന് ആമുഖത്തിൽ നിന്ന് നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകും. മറിച്ച് ഉയർന്നവരും താഴ്ന്നവരും, സമ്പന്നരും ദരിദ്രരും, ചെറിയവരും വലിയവരുമായ ഓരോ വ്യക്തിയുമായും ബന്ധപ്പെട്ട വിഷയമാണിത്. ആയതിനാൽ നിസ്സാരമെന്ന് തോന്നുന്ന എന്തെങ്കിലും കാര്യം എന്നിൽ നിന്ന് കേട്ടാൽ പോലും അതിനെ തള്ളിക്കളയരുത്. കാരണം നിങ്ങളത് പ്രാവർത്തികമാക്കുമ്പോൾ അത് നിസ്സാരമല്ലെന്നും മറിച്ച് അത്യധികം ഫലമുളവാക്കുന്നതാണതെന്നും നിങ്ങൾക്ക് വ്യക്തമാകുന്നതാണ്.

### ദിക്റെ ഇലാഹി എന്നാൽ എന്ത്?

'ദിക്റ്' എന്ന പദത്തിന്റെ അർത്ഥം സ്മരിക്കുക എന്നാണ്. അപ്പോൾ ദിക്റെ ഇലാഹി എന്നതിന്റെ വിവക്ഷ ദൈവത്തെ സ്മരിക്കുക എന്നായി. അതിനാൽ അല്ലാഹുവിനെ സ്മരിക്കുന്നതിന് ദിക്റെ ഇലാഹി എന്നു പറയുന്നു. അതായത് അല്ലാഹുവിന്റെ ഗുണമഹാത്മ്യങ്ങളെ സ്മരിച്ചുകൊണ്ട് നാവുകൊണ്ട് അവയെ

ആവർത്തിച്ചാവർത്തിച്ചേറ്റു പറയുന്നതുമെല്ലാം ദിക്റെ ഇലാഹി തന്നെയാണ്.

'ദിക്റെ ഇലാഹി' എന്ന വിഷയം എത്ര കണ്ട് ആവശ്യമായതും പ്രധാനപ്പെട്ടതുമാണെന്നു ചോദിച്ചാൽ വളരെ അത്യാവശ്യവും വളരെ പ്രധാനപ്പെട്ടതും ആണെന്നാണ് അതിന്റെ മർമ്മമായ ചുരുങ്ങിയ ഉത്തരം. ഈ വിഷയവുമായി ഞാൻ പ്രസംഗിക്കുന്നതുകൊണ്ടാണ് അങ്ങിനെ പറയുന്നതെന്ന് വല്ലവരും ധരിക്കുകയാണെങ്കിൽ അത് ശരിയല്ല. അല്ലാഹു തന്നെ അതു വളരെ വലുതാണെന്നും പ്രധാനപ്പെട്ടതാണെന്നും പറഞ്ഞിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:

وَلَذِكْرُ اللَّهِ أَكْبَرُ "അല്ലാഹുവിന്റെ ദിക്ർ മറ്റെല്ലാ കാര്യത്തെക്കാളും വലുതും പ്രധാനപ്പെട്ടതും ആണ്. " അല്ലാഹു തന്നെ അതിനെ വലുതും പ്രധാനപ്പെട്ടതും ആണെന്ന് പറയുമ്പോൾ അത് എന്റെ വചനമല്ല അല്ലാഹുവിന്റെ വചനമാണെന്ന് വ്യക്തമായല്ലോ.

ദിക്റെ ഇലാഹി പ്രധാനപ്പെട്ട ഒരു കാര്യമാണെന്നു വരുമ്പോൾ അതിനെക്കുറിച്ച് സഗൗരവം ശ്രദ്ധിക്കാനുള്ള ആജ്ഞകളും അധികമായി ഉണ്ടായിരിക്കേണ്ടതല്ലേയെന്നൊരു ചോദ്യമുണ്ടാകാം. വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന ഒരാൾക്ക് അതിന്റെ ഗൗരവം വ്യക്തമായും മനസ്സിലാവുന്നതാണ്. അല്ലാഹു പറയുന്നു;

وَاذْكُرِ اسْمَ رَبِّكَ بُكْرَةً وَأَصِيلًا "നിന്റെ റബ്ബിനെ രാവിലെയും വൈകുന്നേരവും ധ്യാനിച്ചു കൊണ്ടിരിക്കുക". ഏതൊരു സദസ്സിൽ അല്ലാഹുവിനെ കുറിച്ചുള്ള അനുസ്മരണവും ധ്യാനവും ഉണ്ടാവുന്നുവോ ആ സദസ്സിനെ മലക്കുകൾ പൊതിഞ്ഞുകൊണ്ട് അവിടെ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ വർഷിക്കുന്നതാണ് എന്ന് റസൂൽ തിരുമേനി ﷺ പറയുന്നു. ഈ വിഷയം വാർഷിക സമ്മേളനത്തിലേക്കു വേണ്ടി ഞാൻ തിരഞ്ഞെടുത്തതും അക്കാര്യം ഓർത്തിട്ടു തന്നെയാണ്. ആയിരകണക്കിനാളുകൾ വിദൂര പ്രദേശങ്ങളിൽ നിന്നു വന്ന് ഇവിടെ സമ്മേളിക്കുമ്പോൾ അവരിലെല്ലാം

അല്ലാഹുവിന്റെ അനുഗ്രഹങ്ങളും ബർക്കത്തും ഉണ്ടാകുന്നതാണ്. അവർ അവരവരുടെ വീടുകളിലേക്ക് തിരിച്ചുചെന്നാൽ അവിടെയും അവർ ഈ വിഷയം ആവർത്തിച്ചു പറയുന്നതായിരിക്കും. അപ്പോൾ മലക്കുകൾ അവിടെയും അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇറക്കുന്നതാണ്. അങ്ങിനെ ദൈവാനുഗ്രഹങ്ങൾ മുഴുവൻ ജമാഅത്തിലും വ്യാപിക്കുന്നതിന് ഇടയാക്കുകയും ചെയ്യുന്നതാണ്.

'ദിക്റെ ഇലാഹി' വളരെ പ്രധാനപ്പെട്ടതും മഹത്തായതും ആണെന്ന് പ്രസ്തുത ഹദീസിൽ നിന്നും മനസ്സിലാക്കാം. മലക്കുകൾ പോലും ദിക്റെ ഇലാഹി കേൾക്കാൻ വരുന്നു. ദിക്റെ ഇലാഹി ചെയ്യുന്നവർ മലക്കുകളുടെകൂടി ഉസ്താദ്മാരാണെന്ന് വരുമ്പോൾ അവരെ മലക്കുകൾ എത്ര ബഹുമാനിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അവരിൽ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ ഇറക്കി കൊടുക്കുവാൻ വേണ്ടി മലക്കുകൾ ദുആ ചെയ്യുമെന്നും നന്മ ചെയ്യാനുള്ള പ്രചോദനം അവരിൽ ഉണ്ടാക്കി കൊടുക്കുമെന്നും വ്യക്തമായി. മലക്കുകൾ വരുമെന്ന് പറയുന്നത് വെറും സാങ്കൽപിക കാര്യമല്ല; ഖണ്ഡിതമായ ഒരു യാഥാർത്ഥ്യമാണ്. ഞാനതിൽ സ്വയം അനുഭവസ്ഥനാണ്. മലക്കുകൾ എന്നോടു സംഭാഷണം നടത്തുക കൂടി ചെയ്തിട്ടുണ്ട്. ചുരുക്കത്തിൽ ദിക്റെ ഇലാഹി ചെയ്യുന്നവരുമായി മലക്കുകൾ സ്നേഹബന്ധത്തിൽ കഴിഞ്ഞുകൂടുകയും അവരെ ദൈവാനുഗ്രഹങ്ങൾക്ക് പാത്രമാക്കി ത്തീർക്കുകയും ചെയ്യുന്നു.

വിശുദ്ധ ഖുർആൻ പറയുന്നു:

يَا أَيُّهَا الَّذِينَ آمَنُوا لَا تُلْهِكُمْ أَمْوَالُكُمْ وَلَا أَوْلَادُكُمْ عَن ذِكْرِ اللَّهِ
وَمَن يَفْعَلْ ذَٰلِكَ فَأُولَٰئِكَ هُمُ الْخَاسِرُونَ

يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا اللَّهَ ذِكْرًا كَثِيرًا وَسَبِّحُوهُ بُكْرَةً وَأَصِيلًا

"ഏ, സത്യവിശ്വാസികളെ! നിങ്ങളുടെ സ്വത്തുകളും നിങ്ങളുടെ സന്താനങ്ങളും നിങ്ങളെ ദൈവസ്മരണയിൽ നിന്ന്

തടയാതിരിക്കട്ടെ. ദൈവസ്മരണക്ക് ഒന്നുംതന്നെ നിങ്ങൾക്ക് തട സ്സമാകാതിരിക്കട്ടെ. നിങ്ങൾ ചെയ്യുന്ന ഒരു പ്രവർത്തനവും കാര ണമായി ദിക്റെ ഇലാഹി ഉപേക്ഷിക്കേണ്ടതായി വരാതിരിക്കട്ടെ. മറ്റൊന്നിനെയും നിങ്ങൾ ഗൗരവമുള്ളതായി കണക്കാക്കരുത്. ഏ, സത്യവിശ്വാസികളെ നിങ്ങൾ അധികമായി അല്ലാഹുവിനെ ഓർത്തുകൊണ്ടിരിക്കുക. രാവിലെയും വൈകുന്നേരവും അവനെ സ്മരിച്ചുകൊണ്ടിരിക്കുകയും ചെയ്യുക''.

ഇതുപോലെ തന്നെ റസൂൽ തിരുമേനി ﷺ യുടെ ഒരു ഹദീ സിൽ അബൂമൂസാ അശ്അരി رضي الله عنه രിവായത്ത് ചെയ്യുന്നു.

مَثَلُ الّذِى يَذْكُرُ رَبَّهُ وَالَّذِى لَا يَذْكُرُهُ مَثَلُ الْحَيِّ وَالْمَيِّتِ لَا يَقْعُدُ
قَوْمٌ يَذْكُرُونَ اللّٰهَ اِلَّا حَفَّتْهُ الْمَلاَئِكَةُ

''അല്ലാഹുവിനെ സ്മരിക്കുന്നവനും സ്മരിക്കാത്തവനും തമ്മി ലുള്ള അന്തരത്തിന്റെ ഉദാഹരണം ജീവിച്ചിരിക്കുന്നവനും മരിച്ച വനും തമ്മിലേതുപോലെയാണ്. അല്ലാഹുവിനെ സ്മരിക്കുന്നവൻ ജീവനുള്ളവനാണ്, സ്മരിക്കാത്തവൻ മരിച്ചവനും''.

തുർമുദിയിൽ നിവേദനം ചെയ്യപ്പെട്ട ഒരു ഹദീസിൽ പറയു ന്നു. ഒരവസരത്തിൽ റസൂൽ തിരുമേനി ﷺ സഹാബിമാരെ അഭി സംബോധനം ചെയ്തുകൊണ്ട്

قَالَ رَسُولُ اللهِ ﷺ اَلاَ أُنَبِّئُكُمْ بِخَيْرِ اَعْمَالِكُمْ وَ اَزْكَاهَا عِنْدَ مَلِيْكِكُمْ
وَ اَرْفَعِهَا فِى دَرَجَاتِكُمْ وَ خَيْرٍ لَّكُمْ مِنْ اِنْفَاقِ الذَّهَبِ وَالْوَرَقِ وَ خَيْرٍ لَّكُمْ
مِنْ اَنْ تَلْقَوْا عَدُوَّكُمْ فَتَضْرِبُوْا اَعْنَاقَهُمْ وَ يَضْرِبُوْا اَعْنَاقَكُمْ قَالُوْا بَلٰى
قَالَ ذِكْرُاللّٰهِ

'ഞാൻ നിങ്ങൾക്ക് ഏറ്റവും നല്ലതും പൊന്നും വെള്ളിയും ചെലവ് ചെയ്യുന്നതിനെക്കാളും നല്ലതും ജിഹാദിനു പോയി ശത്രു ക്കളെ കൊന്നുകൊണ്ട് സ്വയം രക്ത സാക്ഷിയായിത്തീരുന്നതി നെക്കാളും നല്ലതുമായ ഒരു കാര്യം പറഞ്ഞുതരട്ടയോ എന്നു ചോദിച്ചു. സഹാബികൾ 'പറഞ്ഞുതന്നാലും' എന്നു പ്രതിവചി

ച്ചു. അപ്പോൾ റസൂൽ തിരുമേനി ﷺ പറഞ്ഞു. അല്ലാഹുവിനെ ദിക്ർ ചെയ്യുകയാണെന്ന്. മറ്റൊരു ഹദീസിൽ നിവേദനം ചെയ്തിരിക്കുന്നത് ഇങ്ങനെയാണ്. ദിക്റെ ഇലാഹിയുടെ സ്ഥാനം വളരെ ഉന്നതമായതാണെന്ന് റസൂൽ തിരുമേനി ﷺ പറഞ്ഞപ്പോൾ ജിഹാദിന്റെ സ്ഥാനത്തേക്കാളും ഉന്നതമായതാണോ എന്ന് സഹാബിമാർ ചോദിച്ചു. റസൂൽ തിരുമേനി ﷺ മറുപടി പറഞ്ഞു. "അതെ, അതിനേക്കാൾ ഉന്നതമായതാണ്. എന്തുകൊണ്ടെന്നാൽ അത് ജിഹാദിനു പോലും പ്രചോദനം നൽകുന്നു".

**ദിക്റെ ഇലാഹിയിലേക്ക് ശ്രദ്ധ കുറയാനുള്ള കാരണം**

മേൽ ഉദ്ധരിച്ച ഖുർആൻ വചനങ്ങളിൽ നിന്നും ഹദീസുകളിൽ നിന്നും ദിക്റെ ഇലാഹിയുടെ ആവശ്യവും പ്രാധാന്യവും മനസ്സിലാക്കാമല്ലോ. എന്നാൽ നമ്മുടെ ജമാഅത്തിലെ പലർക്കും ദിക്റെ ഇലാഹിയുടെ ചില ഭാഗത്തെക്കുറിച്ച് വേണ്ടത്ര ശ്രദ്ധയില്ല. ഉണ്ടെങ്കിൽ തന്നെ വളരെ കുറവാണ്. ചെറുപ്പത്തിൽത്തന്നെ ചിന്തിക്കുകയും അന്വേഷണം നടത്തുകയും ചെയ്യുന്ന പ്രകൃതിയാണ് എന്റെത്. അതിനാൽ വിവേകം ഉണ്ടായതുമുതൽക്കു തന്നെ എനിക്കതിനെക്കുറിച്ച് ചിന്തയും വേവലാതിയും ഉണ്ടായിട്ടുണ്ട്. ദിക്റെ ഇലാഹിയുടെ ചില വശങ്ങളെക്കുറിച്ച് നമ്മുടെ ജമാഅത്തിലെ അശ്രദ്ധയും ന്യൂനതയും എങ്ങിനെ പരിഹരിക്കാൻ കഴിയുമെന്ന വിചാരം ഇപ്പോഴും എന്നെ ബാധിച്ചിരിക്കുകയാണ്. പ്രാർത്ഥനയുടെ കാര്യം ഹ: മസീഹ് മൗഊദ് عليه السلام വളരെ ശക്തിയായി ഊന്നിപറഞ്ഞിട്ടുണ്ട്. അല്ലാഹുവിനു നന്ദി. നമ്മുടെ ജമാഅത്ത് പ്രാർത്ഥനയുടെ കാര്യം ശരിക്കും ധാരാളമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ദിക്റെ ഇലാഹിയുടെ മറ്റു കാര്യത്തിലും ഹ:മസീഹ് മൗഊദ് عليه السلام വളരെ ഊന്നിപ്പറഞ്ഞിട്ടുണ്ടെങ്കിലും അക്കാര്യത്തിൽ ജമാഅത്തിന്റെ ശ്രദ്ധ വേണ്ടത്ര പതിഞ്ഞിട്ടില്ലെന്ന് പറയാതെ നിവൃത്തിയില്ല. ഇംഗ്ലീഷ് വിദ്യഭ്യാസം മനുഷ്യന്റെ ചിന്താഗതിയിൽ വരുത്തിയ മാറ്റമാണ് അതിനു പ്രധാനകാരണമെന്നു പറയാം. അല്ലാഹുവിന്റെ പേർ വെറുതെ ഉച്ചരിക്കുന്നതുകൊണ്ടും ഒറ്റക്കൊരു സ്ഥലത്ത് ഇരുന്നുകൊണ്ട് ലാഇലാഹ ഇല്ലല്ലാഹു

എന്നും, അല്ലാഹു ഖുദ്ദൂസാണ്, അല്ലാഹു കബീറാണ്, അല്ലാഹു അലീമാണ്, അല്ലാഹു ഖാദിറാണ് എന്നൊക്കെ ആവർത്തിച്ചു ഉരു വിടുന്നതുകൊണ്ടും യാതൊരു പ്രയോജനവും ഇല്ലെന്നാണ് അത്ത രക്കാരായ ആളുകളുടെ ചിന്താഗതി. നമ്മുടെ ജമാഅത്തിലെ ഒരു വിഭാഗം ആളുകൾ ഇംഗ്ലീഷ് വിദ്യാഭ്യാസവുമായി ബന്ധമുള്ളവ രായതുകൊണ്ട് അവരിൽ പലരെയും പ്രസ്തുത ചിന്താഗതി തന്നെ ബാധിച്ചിരിക്കുന്നതായി കാണാം. നമ്മുടെ ജമാഅത്തിലെ മറ്റൊരു വിഭാഗം കർഷകരാണ്. അവരിൽ ഒരു വിഭാഗത്തിന് മുമ്പ് തന്നെ ദിക്റെ ഇലാഹിയെ കുറിച്ചും അതിന്റെ പ്രയോജനത്തെക്കുറിച്ചും ഒന്നും അറിയുകയില്ല. അതിനാൽ 'ദിക്റെ ഇലാഹി' യുടെ ശരി യായ നേട്ടവും പ്രയോജനവും ശരിക്ക് മനസ്സിലാക്കിക്കൊടുക്കാതെ ജമാഅത്തിന്റെ ശ്രദ്ധ വേണ്ടുവോളം അക്കാര്യത്തിൽ പതിയുക യില്ലെന്ന് എനിക്ക് തോന്നി.

നമസ്കാരവും ദിക്റെ ഇലാഹി തന്നെയാണ്. നമസ്കാര കാര്യ ത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ നമ്മുടെ ജമാഅത്തിന് വേണ്ടുവോളം ശ്രദ്ധയുണ്ട്. എന്നാൽ നമസ്കാരത്തിന് പുറമെയും മറ്റു പല 'ദിക്റു'കളും ഉള്ളതുകൊണ്ട് അക്കാര്യത്തിലും ജമാഅ ത്തിനു താൽപര്യമുണ്ടായിരിക്കേണ്ടതും അതിനെ പ്രയോജന പ്പെടുത്തേണ്ടതും ആവശ്യമാണ്. അതിൽ ജമാഅത്തിന് ശ്രദ്ധ തീരെയില്ലെന്നു ഞാൻ പറയുന്നില്ലെങ്കിലും വളരെ കുറവാണെന്ന് തീർച്ചയായും പറയേണ്ടിയിരിക്കുന്നു. അതൊരു ന്യൂനത തന്നെ യാണ്. മറ്റെല്ലാ സൗന്ദര്യമുവുള്ള ഒരാളുടെ കണ്ണോ, മൂക്കോ, ചെവിയോ വികൃതമാണെങ്കിൽ അയാളെ സുന്ദരനെന്ന് പറയാൻ കഴിയുമോ? ഒരിക്കലുമില്ല, മറിച്ച് അയാളെ വിരൂപിയെന്നേ പറയാൻ കഴിയൂ. ഇതുപോലെ നമ്മുടെ ജമാഅത്തിലെ ചില ആളുകൾ ദിക്റെ ഇലാഹിയുടെ എല്ലാ വശവും പ്രയോജനപ്പെടുത്താതെ അതിന്റെ ചില വശങ്ങൾ ഉപേക്ഷിക്കുകയാണെങ്കിൽ അത് നല്ല വസ്ത്രധാരണരീതി കൈക്കൊള്ളുന്ന ഒരാൾ ചെരിപ്പോ, ബൂട്ടോ ധരിക്കാത്തതുപോലെയായിരിക്കും. അയാളുടെ വസ്ത്രങ്ങളെല്ലാം നല്ലതു തന്നെയാണെങ്കിലും തലപ്പാവും ചെരിപ്പും ഇല്ലാത്തത് കൊണ്ട് അതിൽ ഒരു ന്യൂനത ഉണ്ടായിരിക്കുന്നതിനാൽ

ഉന്നതരായിട്ടുള്ള വ്യക്തികൾ അയാളെ ഇഷ്ടപ്പെടുകയില്ല. ദൈവ സ്മരണയുടെ എല്ലാ മാർഗങ്ങളും അവലംബിക്കാതിരിക്കുക എന്നത് ന്യൂനത തന്നെയാണ്. അതിനാൽ നമസ്കാരത്തിനു പുറമെ വേറെ ചില ദിക്റുകളും ചെയ്യാൻ അല്ലാഹുവും അവന്റെ റസൂലും കൽപിച്ചിട്ടുണ്ടെന്ന് സ്ഥാപിതമാവുകയാണെങ്കിൽ ആ ദിക്റുകളുടെ രഹസ്യങ്ങളും തത്ത്വങ്ങളും നമുക്ക് മനസ്സിലായാലും ഇല്ലെങ്കിലും നമ്മുടെ ആത്മീയ പുരോഗതിക്കുവേണ്ടി അവയെയും അനുഷ്ഠാനത്തിൽ വരുത്തേണ്ടത് ആവശ്യമായിത്തീരും.

നമ്മുടെ ജമാഅത്തിലെ ചില സഹോദരൻമാർ 'നഫ്ലി യായ'(ഐച്ഛീകമായ) ചില കർമ്മങ്ങളുടെ ഭാഗത്തേക്ക് വേണ്ടത്ര ശ്രദ്ധ നൽകാതിരിക്കാനുള്ള കാരണം അത്തരത്തിലുള്ള ദിക്റെ ഇലാഹിയുടെ പ്രയോജനം ശരിക്കും മനസ്സിലാക്കാത്തതുകൊണ്ടാണ്. അവർ 'ഫർളായ' (നിർബന്ധമായ) കാര്യങ്ങൾ നിർവ്വഹിച്ചു കൊണ്ട് മനസ്സിലാക്കുന്നത് ഞങ്ങൾ ചെയ്യേണ്ടത് ചെയ്തു കഴിഞ്ഞു എന്നാണ്. ഒരു ഹദീസിൽ റസൂൽ തിരുമേനി ﷺ പറയുന്നു; അതും സ്വന്തമായിപ്പറയുകയല്ല. അല്ലാഹു തന്നോടു പറഞ്ഞതായിട്ട് പറയുകയാണ്:-

لَا يَزَالُ عَبْدِی يَتَقَرَّبُ اِلَیَّ بِالنَّوَافِلِ ... فَكُنْتُ سَمْعَهُ الَّذِی يَسْمَعُ بِهٖ وَبَصَرَهُ الَّذِی يُبْصِرُ بِهِ وَيَدَهُ الَّتِی يَبْطِشُ بِهَا وَرِجْلَهُ الَّتِی يَمْشِی بِهَا

(بخاری کتاب الرقاق)

"എന്റെ ദാസൻ നഫ്ലിയായ (ഐച്ഛീകമായ) കർമ്മങ്ങൾ മുഖേന ഞാനുമായി വളരെയടുത്തു വരുന്നു. എത്ര മാത്രമെന്നാൽ അവൻ കേൾക്കുന്ന അവന്റെ ചെവി ഞാനായിത്തീരുന്നു; അവൻ കാണുന്ന അവന്റെ കണ്ണ് ഞാനായിത്തീരുന്നു; അവൻ പിടിക്കുന്ന അവന്റെ കൈ ഞാനായിത്തീരുന്നു; അവൻ നടക്കുന്ന അവന്റെ കാൽ ഞാനായിത്തീരുന്നു" എന്ന്. പ്രസ്തുത ഹദീസ് ഐച്ഛീകമായ സൽക്കർമ്മങ്ങളുടെ നല്ല ഫലം നമുക്ക് മനസ്സിലാക്കിത്തന്നിരിക്കുകയാണ്. അത്തരം 'നഫ്ലിയായ'(ഐച്ഛീകമായ) സൽക്കർമ്മങ്ങൾ അനുഷ്ടിക്കുന്ന ആളുകൾക്ക് ഉന്നതമായ

ആത്മീയ പദവി ലഭിക്കുന്നതാണെന്ന് മനസ്സിലാവുന്നു. ചുരുക്കത്തിൽ നഫ്ലിയായ സൽക്കർമ്മങ്ങൾ നിസ്സാരങ്ങളല്ല, വളരെ പ്രധാന്യമർഹിക്കുന്നവയാണ്.

ഐച്ഛീക ആരാധനകൾക്ക് അല്ലാഹു എത്ര ഉന്നതമായ പദവിയാണ് നൽകിയിരിക്കുന്നതെന്നും ഈ ആരാധനകൾ നിർവ്വഹിക്കുന്നവർക്ക് എത്ര മഹത്തായ സ്ഥാനമാണ് നൽകിയിരിക്കുന്നതെന്നും ഈ ഹദീസിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാക്കാവുന്നതാണ്. ഇത് മനുഷ്യനെ അല്ലാഹുവിന്റെ ഗുണങ്ങളെ സ്വായത്തമാക്കാൻവരെ പ്രാപ്തനാക്കിതീർക്കുന്നു. ചുരുക്കത്തിൽ നഫ്ലിയായ (ഐച്ഛീകമായ) കർമ്മങ്ങൾ നിസ്സാരങ്ങളല്ല. എന്നാൽ അധികം ആളുകളും അതിലേക്ക് വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ല എന്നത് വളരെ ഖേദകരം തന്നെ. മനുഷ്യൻ പൊതുവെ ബലഹീനനും മടിയനുമാണ്. കഴിയുന്നതും കുറഞ്ഞ തോതിലുള്ള സൽക്കർമ്മങ്ങൾ ചെയ്തുകൊണ്ട് അവൻ തൃപ്തിപ്പെടുന്നു. അല്ലാഹുവിന് അവന്റെ ദാസന്റെ ബലഹീനതയെകുറിച്ച് ബോധമുള്ളതുകൊണ്ട് തന്നെയാണ് അവനോട് കാരുണ്യം വിചാരിച്ച് സൽക്കർമ്മങ്ങളെ നിർബന്ധ കർമ്മങ്ങളെന്നും (ഫർളുകൾ) ഐച്ഛീക കർമ്മങ്ങളെന്നും (നഫ്ലുകൾ) രണ്ടായി ഭാഗിച്ചിരിക്കുന്നത്. നിർബന്ധ കർമ്മങ്ങൾ ശരിക്കും ഒരാൾ നിർവ്വഹിച്ചാൽ പിന്നെ അയാൾ കുറ്റക്കാരനല്ല. ഹദീസിൽ വന്നിരിക്കുന്നു: ഒരാൾ റസൂൽ തിരുമേനി ﷺ യുടെ അടുത്ത് വന്ന് ഇസ്‌ലാമിനെ കുറിച്ച് ചോദിച്ചു, തിരുമേനി ﷺ പറഞ്ഞു

خَمْسُ صَلَوَاتٍ فِى الْيَومِ وَاللَّيْلَةِ فَقَالَ فَهَلْ عَلَىَّ غَيْرُ هَا فَقَالَ لَا اِلاَّ اَنْ تَطَوَّعَ قَالَ رَسُولُ اللّٰهِ ﷺ وَ صِيَامُ رَمَضَانَ قَالَ هَلْ عَلَىَّ غَيْرُه قَالَ لَا اِلاَّ اَنْ تَطَوَّعَ قَالَ وَذَكَرَ لَهُ رَسُولُ اللّٰهِ ﷺ الزَّكٰوةَ قَالَ هَلْ عَلَىَّ غَيْرُهَا قَالَ لَا اِلاَّ اَنْ تَطَوَّعَ قَالَ فَاَدْبَرَ الرَّجُلُ وَهُوَ يَقُولُ وَاللّٰهِ لَا اَزِيدُ عَلٰى هٰذَا وَلَا اَنْقُصُ قَالَ رَسُولُ اللّٰهِ ﷺ اَفْلَحَ اِنْ صَدَقَ

ദിവസത്തിൽ അഞ്ചു തവണ നമസ്കാരമാണ്. അതല്ലാതെ മറ്റു വല്ലതുമുണ്ടോയെന്ന് വന്നയാൾ ചോദിച്ചു. തിരുമേനി ﷺ

പറഞ്ഞു ഇല്ല; പക്ഷെ നിനക്ക് ഐച്ഛീകമായി നമസ്കരിക്കാവുന്നതാണ്. പിന്നെ റംസാൻ മാസത്തിലെ നോമ്പാണ്. അതല്ലാതെ വേറെയുണ്ടോയെന്ന് വന്നയാൾ ചോദിച്ചു. ഇല്ല; പക്ഷെ നിനക്ക് ഐച്ഛീകമായി നോമ്പ് നോൽക്കാവുന്നതാണ് എന്ന് തിരുമേനിﷺ പറഞ്ഞു. ഇസ്ലാമിൽ സക്കാത്തും നിർബന്ധമാണ് എന്ന് റസൂൽ തിരുമേനി ﷺ പറഞ്ഞപ്പോൾ അതല്ലാതെ മറ്റുവല്ലതുമുണ്ടോ യെന്നു ആഗതൻ പിന്നെയും ചോദിച്ചു. തിരുമേനി പറഞ്ഞു. ഇല്ല; പക്ഷെ ഐച്ഛീകമായ നിലയിൽ ദാനം ചെയ്യാവുന്നതാണ്, ഇത്രയും പറഞ്ഞത് കേട്ടപ്പോൾ വന്നയാൾ, ഞാനതിൽ ഒട്ടും തന്നെ ഏറ്റക്കുറച്ചിൽ വരുത്തുകയില്ലെന്ന് അല്ലാഹുവിനെ സത്യം ചെയ്തു പറഞ്ഞുകൊണ്ട് തിരിച്ചുപോയി. സത്യമാണയാൾ പറഞ്ഞതെങ്കിൽ അയാൾ വിജയിച്ചുവെന്ന് റസൂൽ തിരുമേനി ﷺ അപ്പോൾ പറയുകയും ചെയ്തു.(ബുഖാരി )

പ്രസ്തുത ഹദീസിൽനിന്ന് നിർബന്ധ കർമ്മങ്ങൾ ശരിക്കും കൃത്യമായും നിർവ്വഹിക്കുന്ന ഒരാൾക്ക് വിജയം പ്രാപിക്കാമെന്ന് മനസ്സിലാവുന്നുണ്ടെങ്കിലും ദീർഘദൃഷ്ടിയുള്ളവനും ബുദ്ധിമാനും സൂക്ഷ്മത പാലിക്കുന്നവനും ആയ ഒരാൾ നിർബന്ധ കർമ്മങ്ങൾ മാത്രം ചെയ്തുകൊണ്ട് തൃപ്തിപ്പെടുകയില്ല. കഴിയുന്നതും അയാൾ ഐച്ഛീകമായ കർമ്മങ്ങൾ ചെയ്യാനും ശ്രമിക്കുന്നതാണ്. നിർബന്ധ കർമ്മങ്ങളിൽ വല്ല വീഴ്ചകളോ കുറവുകളോ സംഭവിക്കുകയാണെങ്കിൽ ഐച്ഛീക കർമ്മങ്ങൾ അതിന്റെ പരിഹാരമായിത്തീരട്ടെയെന്നയാൾ കരുതും. ഉദാഹരണമായി ദിവസത്തിൽ അഞ്ചുനേരം നമസ്ക്കരിക്കേണ്ടത് നിർബന്ധ കടമയാണ്. എന്നാൽ ഒരാൾ അഞ്ചുനേര നമസ്കാരം വളരെ കൃത്യമായി അനുഷ്ഠിക്കുകയും ഐച്ഛീകമായ ആരാധനകൾ ഒന്നും തന്നെ നിർവ്വഹിക്കാതിരിക്കുകയും ചെയ്താൽ ഒരു പക്ഷേ അയാളുടെ ഏതെങ്കിലും നമസ്കാരം വല്ല തെററും കാരണത്താൽ റദ്ദാക്കപ്പെടുകയും ഖിയാമത്ത് നാളിൽ അതിന് പ്രായശ്ചിത്തം നല്കേണ്ടതായിത്തീരുകയും ചെയ്തേക്കാം. റസൂൽ തിരുമേനിﷺ ഒരിക്കൽ പള്ളിയിൽ ഇരിക്കവെ ഒരാൾ വരികയും നമസ്കരിക്കുകയും ചെയ്തു. റസൂൽ തിരുമേനിﷺ അയാളോട് വീണ്ടും നമ

സ്കരിക്കുവാൻ നിർദ്ദേശിച്ചു. അയാൾ വിണ്ടും നമസ്കരിക്കുകയും ചെയ്തു. എന്നാൽ റസൂൽ തിരുമേനി ﷺ അയാളോട് പിന്നെയും നമസ്കരിക്കുവാൻ കൽപ്പിച്ചു. അയാൾ വീണ്ടും നമസ്കരിച്ചു. നാലാമതും നമസ്കരിക്കാൻ റസൂൽ തിരുമേനി ﷺ അയാളോട് പറഞ്ഞപ്പോൾ അല്ലാഹുവിന്റെ റസൂലെ ഇതിലുപരിയായ ഒരു നമസ്കാരം എനിക്കറിയില്ലെന്നും താങ്കൾ തന്നെ നമസ്കരിക്കേണ്ടതെങ്ങിനെയാണെന്ന് മനസ്സിലാക്കിത്തരേണമെന്നും അഭ്യർത്ഥിച്ചു. തിരുനബി ﷺ പറഞ്ഞു:''നിങ്ങൾ ധൃതിയിലാണ് നമസ്കരിച്ചിരിക്കുന്നത് അത് സ്വീകരിക്കപ്പെടുകയില്ല. സാവകാശത്തിൽ നമസ്കരിക്കേണ്ടതാണ്''. ചുരുക്കത്തിൽ ചില സമയങ്ങളിലുണ്ടാകുന്ന ന്യൂനതകൾ കാരണം നമസ്കാരം സ്വീകരിക്കപ്പെടുകയില്ല. അതിനാൽ'ഫർള്'നമസ്കാരത്തിന്റെ കൂടെ 'നഫൽ' നമസ്കാരവും ഒരാൾ നമസ്ക്കരിക്കുകയാണെങ്കിൽ അയാളുടെ എതെങ്കിലും ഒരു ഫർള് നമസ്കാരം സ്വീകരിക്കപ്പെട്ടില്ലെങ്കിൽ തന്നെ'നഫൽ' നമസ്കാരം അതിന് പരിഹാരമായിത്തീർന്നേക്കാം. 50 മാർക്ക് ലഭിച്ചാൽ പാസ്സാകുമെന്ന് നിശ്ചയിച്ച ഒരു പരീക്ഷയിൽ 50 മാർക്കിന്റെ മാത്രം ഉത്തരമെഴുതുന്ന ഒരാൾ ഏതെങ്കിലും ഒരു ഉത്തരത്തിൽ പിഴച്ചുപോയാൽ പരീക്ഷയിൽ തോറ്റുപോവുമല്ലോ. എന്നാൽ ബുദ്ധിമാനായ ഒരാൾ എല്ലാ ചോദ്യങ്ങൾക്കും കഴിയുന്നതും ഉത്തരമെഴുതാനാണു ശ്രമിക്കുക. അത് പോലെ യാത്ര ചെയ്യാൻ ഉദ്ദേശിക്കുന്ന ഒരാൾ കൃത്യമായി യാത്രചെലവുകൾ കണക്കുകൂട്ടി അതിനുവേണ്ടത്ര പണം മാത്രം കയ്യിലെടുക്കുകയാണെങ്കിൽ, ചില സന്ദർഭങ്ങളിൽ തന്റെ കണക്ക് കൂട്ടലുകൾ തെറ്റായിപോവുകയും അതു മുഖേന പല വിധ വിഷമങ്ങളും സഹിക്കേണ്ടതായിവരികയും ചെയ്യുന്നു. ആയതിനാൽ ബുദ്ധിയുള്ളവർ യാദൃച്ഛികമായി സംഭവിക്കാവുന്ന ചെലവുകളിൽ വിഷമം നേരിടാതിരിക്കുന്നതിനായി യഥാർത്ഥ ചെലവിനെക്കാൾ അല്പം അധികതുക കയ്യിലെടുക്കുന്നു. നഫ്ലുകൾ (ഐച്ഛീക ആരാധനകൾ) യാദൃച്ഛി കമായി വരുന്ന ചെലവുകളെ പോലെതന്നെയാണ്.അത് അനിവാര്യമായതിനാൽ അവ പ്രാവർത്തികമാക്കുന്നതിലേക്ക് പ്രത്യേകം ശ്രദ്ധയുണ്ടാ

കേണ്ടതാണ്.

നമ്മുടെ ജമാഅത്തിലെ ആളുകൾ എല്ലാതരം 'ദിക്റെ ഇലാഹി'യുടെ കാര്യത്തിലും വേണ്ടത്ര ശ്രദ്ധ പതിപ്പിക്കാതിരിക്കാനുള്ള രണ്ടാമത്തെ കാരണം ഇക്കാലത്ത് പല സൂഫിമാരും ഉണ്ടാക്കിവെച്ചിട്ടുള്ള അനാചാരങ്ങൾക്കും ബിദ്അത്തുകൾക്കും എതിരായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ശബ്ദം ഉയർത്തിയതാണ്. തത്തയെപ്പോലെ ചില മന്ത്രങ്ങൾ ഉരുവിടുന്നതുകൊണ്ട് മാത്രം ഒരു ഫലവും ഇല്ലെന്ന് ഹുസൂർ എഴുതുയിരിക്കുന്നു. ഇസ്‌ലാമിന്റെമേൽ നാലുഭാഗത്തു നിന്നും വിവിധങ്ങളായ ആക്ഷേപങ്ങളും അക്രമങ്ങളും ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾ 'മുസല്ല'യിൽ ഇരുന്നുകൊണ്ട് നിങ്ങൾ എന്താണ് ചെയ്യുന്നതെന്നും എന്തുകൊണ്ട് എഴുന്നേറ്റ് ആക്ഷേപങ്ങൾക്ക് മറുപടി പറയാൻ തുനിയുന്നില്ലായെന്നും അവരോട് ഹുസൂർ ചോദിക്കുകയുണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) അത്തരം ആചാരാനുവർത്തികളായ സൂഫിമാരെയാണ് ആക്ഷേപിച്ചത്. അവർ ആക്ഷേപാർഹർ തന്നെയായിരുന്നു. ഒരിടത്തിരുന്ന് ദിക്റെ ഇലാഹി ചെയ്യുന്നത് തന്നെ തെറ്റാണെന്ന് അതുകൊണ്ട് ചിലർ ധരിച്ചത് ശരിയല്ല. ഒറ്റക്കിരുന്ന് ദിക്ർ ചെയ്യുന്നതു തെറ്റുമല്ല. വീട്ടിനു പുറത്ത് ശത്രുക്കൾ അല്ലാഹുവിനെയും മുഹമ്മദ് നബി(സ)യെയും ഇസ്‌ലാമിനെയും ആക്ഷേപിക്കുകയും പരിഹസിക്കുകയും ചെയ്യുന്നതിന് മറുപടി പറയാൻ തുനിയാതെ ഒരു മൂലയിൽ ഒരു മുസല്ലയിൽ ഇരുന്നു കൊണ്ട് അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നുവെന്ന് പറയുന്നതിന് അർത്ഥമില്ല. ഹദ്റത്ത് മസീഹ് മൗഊദ് (അ) അത്തരക്കാരെയാണ് ആക്ഷേപിച്ചത്. അവർ യഥാർത്ഥത്തിൽ ആക്ഷേപാർഹർ തന്നെയുമാണ്. ദൈവ പ്രേമവും ഭക്തിയും ആത്മാർത്ഥമായിട്ടുള്ളതാണെങ്കിൽ മുക്കിലും മൂലയിലും ഇരുന്ന് അല്ലാഹുവിനെ സ്തുതിക്കുകയും പുകഴ്ത്തുകയും ചെയ്യുന്നതുപോലെ പബ്ലിക്ക് സ്റ്റേജിലും വന്ന് അപ്രകാരം ചെയ്യേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞവർ അപ്രകാരം ചെയ്യുന്നില്ല. ഇതു കപടമായ നിലപാടാണ് എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) അവരെ താക്കീത് ചെയ്തിട്ടുണ്ട്.

പിന്നെ ഹദ്റത്ത് മസീഹ് മൗഊദ്ﷺ ഈ സൂഫിമാരെന്നും ശൈഖുമാരെന്നും പറയപ്പെടുന്നവരെ ആക്ഷേപിക്കാൻ മറ്റൊരു കാരണം ഇവർ ദിക്റെ ഇലാഹിയെത്തന്നെ തികച്ചും മാറ്റി മറിച്ച് വികൃതമാക്കിത്തീർത്തിരിക്കുന്നു എന്നതുകൊണ്ടുമായിരുന്നു. ഇസ് ലാം എന്തൊരു 'ദിക്റെ ഇലാഹി' യെയാണോ മനസ്സിലാക്കിത്തന്നിരിക്കുന്നത് അതിന്റെ പേരുപോലും അവശേഷിക്കാത്ത വിധം അവർ അതിനെ അലങ്കോലപ്പെടുത്തിയിരിക്കുകയാണ്. ഇവരുടെ സ്വയംകൃതമായ ദിക്ർ എന്നു പറഞ്ഞാൽ ഹൃദയത്തിൽ നിന്ന് ശബ്ദം പുറപ്പെടുവിച്ച് തല വരെ എത്തിക്കുക, അടുത്തുള്ളവർക്ക് ഉറങ്ങാൻ പോലും സാധിക്കാത്ത തരത്തിൽ ഒച്ചയിട്ടു അട്ടഹസിക്കുക ചുറ്റുപാടുമുള്ളവരുടെ ആരാധനകൾക്ക് വിഘ്നം വരുത്തുക മുതലായവയായി മാറിയിരിക്കുകയാണ്. ഹൃദയത്തിന് പ്രഹരമേൽപ്പിക്കുക എന്നാണ് അതിന് പറയുന്നത്. അവരുടെ അഭിപ്രായത്തിൽ ഹൃദയമെന്നാൽ 'ലാഇലാഹ ഇല്ലല്ലാഹു' മുതലായവ കൊണ്ട് ആഴമുള്ള പാടുണ്ടാക്കാൻ സാധിക്കുന്ന ഒരു സാധനമാണ്. മറ്റു ചിലരുടെ 'ദിക്റെ ഇലാഹി' പാട്ടും ഡാൻസുമായി മാറിയിരിക്കുന്നു. പാട്ടിനും ഡാൻസിനും മുറുക്കം കൂടുമ്പോൾ ദിക്റെ ഇലാഹിയുടെ സദസ്സ് ചൂടുപിടിക്കുന്നു എന്നാണ് അതിനെ വിശേഷിപ്പിക്കുന്നത്. ചുരുക്കത്തിൽ അത്ഭുതങ്ങൾ പലതും കണ്ടുപിടിച്ചിരിക്കുകയാണ്. ഹൃദയത്തിൽ നിന്ന് അല്ലാഹു എന്ന ശബ്ദമുണ്ടാക്കുക, ഹൃദയത്തിന് അടിയേൽപ്പിക്കുക, ഹൃദയം ഉരുക്കുക എന്നിത്യാദി പേരുകൾ അവർ അതിനു സ്വന്തമായി വെച്ചിരിക്കുകയാണ്. ചിലപ്പോൾ അവർ പറയും ഞങ്ങൾ ആത്മാവിൽ നിന്ന് ശബ്ദം പുറപ്പെടുവിച്ച് അർശിലേക്കയച്ച് 'സുജൂദ് 'ചെയ്യിപ്പിച്ച് മടക്കിക്കൊണ്ട് വരുമെന്ന്. ചിലർ പറയും ശരീരത്തിലെ എല്ലാ അവയവങ്ങളിൽ നിന്നും 'അല്ലാഹു' എന്ന ശബ്ദമുണ്ടാകുമെന്ന്. ഇങ്ങിനെ അനവധി ബിദ്അത്തുകൾ അവർ കണ്ടുപിടിച്ചിരിക്കുകയാണ്. ചിലർ ഖുർആൻ ആയത്തുകൾ ഓതിക്കൊണ്ട് ഡാൻസ് ചെയ്യുന്നു. അല്ലെങ്കിൽ ഒരാൾ വല്ല ദിക്റോ പദ്യമോ ചൊല്ലുമ്പോൾ മറ്റു ചിലർ ഡാൻസ് ചെയ്യുന്നു. അതിന് ഹരം മൂക്കുമ്പോൾ അവർ അതിന് 'വജ്ദ്' എന്ന് പറയുന്നു. ബോധക്ഷയം വന്നു എന്നും

പറയും. പിന്നെ സദസ്സിൽ നിന്ന് എല്ലാവരും ഉച്ചത്തിൽ 'അല്ലാഹു' എന്നു പറഞ്ഞുകൊണ്ട് തുള്ളിച്ചാടുന്നു. ഇങ്ങനെയുള്ള അത്ഭുതകരങ്ങളായ പല ദിക്റുകളും അവർ കണ്ടു പിടിച്ചിരിക്കുകയാണ്. എന്നാൽ അത്തരം ദിക്റുകൾക്ക് ഇസ്ലാം മതവുമായി യാതൊരു ബന്ധവുമില്ല. അതുകൊണ്ട് ദിക്ർ തന്നെ ഇല്ലെന്നോ അത് ചീത്തയാണെന്നൊ പറയാൻ പാടില്ല. അവർ കണ്ടുപിടിച്ചിരിക്കുന്ന പുത്തൻ സമ്പ്രദായങ്ങൾ മാത്രമാണ് ചീത്തയായിട്ടുള്ളത്. എന്നാൽ ഇവർക്ക് ഇതിനെകുറിച്ച് യാതൊരു വേവലാതിയുമില്ല. റസൂൽ തിരുമേനിﷺ പറയുന്നു:

كُلُّ بِدْعَةٍ ضَلَالَةٌ وَكُلُّ ضَلَالَةٍ فِي النَّارِ മതത്തിൽ നിർമ്മിച്ചു വിടുന്ന എല്ലാ പുത്തൻ ആചാരങ്ങളും വഴികേടാണ്; എല്ലാ വഴികേടും നരകത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. അക്കാരണത്താൽ തന്നെയാണ് ഇവർ നിർമ്മിച്ചിരിക്കുന്ന പുത്തൻ ആരാധനാ സമ്പ്രദായങ്ങൾ അല്ലാഹുവിന്റെ സാമീപ്യം ഉണ്ടാക്കുന്നതിനുപകരം അവനിൽനിന്നും അകറ്റി കളയുന്നത്. ഇത്തരം ദിക്റുകൾ കണ്ടുപിടിച്ചതിനുശേഷമാണ് മുസ്ലിംകൾ അല്ലാഹുവിൽ നിന്നും വളരെ അകന്നു പോകാൻ തുടങ്ങിയതും. എന്തുകൊണ്ടെന്നാൽ ഇതെല്ലാം ബിദ്അത്താണ്. അല്ലാഹുവും മുഹമ്മദ് നബിﷺ യും മനസ്സിലാക്കി തന്നിരിക്കുന്ന കാര്യങ്ങൾക്കെതിരായി വല്ലതും പറയപ്പെടുമ്പോഴും ചെയ്യപ്പെടുമ്പോഴും അതുകൊണ്ട് ആത്മീയത ബലഹീനമായിത്തീരുകയാണ് ചെയ്യുക. അക്കാരണത്താൽ തന്നെയാണ് മുസ്ലീംകളിൽ ഇന്നു പൊതുവെ ആത്മീയത നശിച്ചു പോയിരിക്കുന്നതും.

മറ്റൊരു കാര്യം ഈ പുത്തൻ ബിദ്അത്ത് സമ്പ്രദായങ്ങളിൽ ഒരു തരത്തിലുള്ള ബാഹ്യമായ അഭിരുചിയും ആനന്ദവും അനുഭവപ്പെടുന്നു. എന്നാൽ ആ അഭിരുചിയും ആനന്ദവുമെല്ലാം കൃത്രിമമാണ്. അതിനാൽ യഥാർത്ഥമായ ആനന്ദത്തിൽനിന്ന് അശ്രദ്ധരായികൊണ്ട് കൃത്രിമമായ ആനന്ദത്തിന്റെ പിന്നാലെ പോയാൽ നാശമായിരിക്കും ഫലം. വയറു വേദനയുള്ള ഒരാൾക്ക് ശരിയായ മരുന്നു നൽകാതെ അഫീൻ കൊടുക്കുന്നതുപോലെ

യാണിത്. അഫീൻ തിന്നാൽ താൽക്കാലികമായ സുഖം തോന്നി അവൻ മയക്കം വന്നു ഉറങ്ങിയെന്നു വരാം. എന്നാൽ യഥാർത്ഥ മായ വയറുവേദന അതുകൊണ്ടു ശമിക്കുകയില്ല. അഫീൻ അതി നുള്ള യഥാർത്ഥ പരിഹാരമല്ല. ആ കൃത്രിമമായ മയക്കം കാരണം അവനു താൽക്കാലിക സുഖം തോന്നിയേക്കാമെങ്കിലും കാലക്ര മത്തിൽ അവന്റെ വേദന അവനെ നശിപ്പിച്ചുവെന്നു വരാം.

ഇന്നു ചിലർ 'ദിക്റ് ' എന്നു പറയുന്നതു ഒരു പുതിയതരം വിജ്ഞാനത്തിനാണ്. 'ഇൽമുത്തുർബ് ' എന്നു പറയുന്ന ആ വിജ്ഞാനത്തിനു ഇംഗ്ലീഷിൽ 'മെസ്മരിസം ' എന്നാണ് പറയു ന്നത്. അതിനോട് ഏതാണ്ട് ബന്ധമുള്ളതും സാദൃശ്യമുള്ളതുമായ ഒരു വിജ്ഞാനമുണ്ട്. അതിനു ഇംഗ്ലീഷിൽ 'ഹിപ്നോട്ടിസം' എന്നു പറയുന്നു. ഫ്രഞ്ചുകാരനായ ഒരു ഡോക്ടറാണ് അതു കണ്ടുപി ടിച്ചിരിക്കുന്നത്. അതിനു ആത്മീയതയുമായി യാതൊരു ബന്ധവും ഇല്ല. വിചാര വികാരങ്ങളുമായിട്ടാണ് അതിനു ബന്ധം. അല്ലാഹു മനുഷ്യന്റെ ചിന്തകളിൽ ഒരു ശക്തി വെച്ചിട്ടുണ്ട്. നമ്മുടെ ചിന്തകളെ പ്രത്യേകമായ ഭാഗത്തേക്കും പ്രത്യേക ലക്ഷ്യത്തി ലേക്കും കേന്ദ്രീകരിച്ചു നിർത്തുകയാണെങ്കിൽ അതുമുഖേന പ്രത്യേകമായൊരു സ്വാധീനം ഉണ്ടായി വരികയും അതുമുഖേന മനസ്സിന് ഒരു തരം ആനന്ദവും സന്തോഷവും ഉണ്ടാക്കിയെടു ക്കാൻ കഴിയുകയും ചെയ്യുന്നു. ആ ആനന്ദവും സന്തോഷവും ആകട്ടെ, അഫീൻ, കഞ്ചാവ്, മുതലായ മയക്കു മരുന്നുകളിൽനി ന്നുണ്ടാവുന്ന തരത്തിലുള്ളതും ആരോഗ്യത്തിന് ദോഷഫലമുണ്ടാ ക്കുന്നതുമായ ഒരു മയക്കം മാത്രമാണ്. അതുകൊണ്ട് ഒരു തരം ആനന്ദം അനുഭവപ്പെടുന്നു. ഇപ്രകാരം ചിന്തകളെ ഏകീകരി ച്ചുകൊണ്ട് നാഡികളിൽ ശക്തി ചെലുത്തുമ്പോൾ ഒരു തരത്തി ലുള്ള മയക്കം ഉണ്ടാവുകയും അതിലൂടെ ഒരാനന്ദം അനുഭ വപ്പെടുകയും ചെയ്യുന്നു. ഇവർ വിചാരിക്കുന്നു, അത് 'അല്ലാഹു' 'അല്ലാഹു ' എന്നു പറഞ്ഞതിന്റെ ആനന്ദമാണെന്ന്. അങ്ങനെ യുള്ള സന്ദർഭത്തിൽ റാം, റാം, എന്നു പറഞ്ഞാലും അതേ ആന ന്ദം തന്നെയാണ് അനുഭവപ്പെടുന്നത്.

ഒരു കഥയുണ്ട്. ഒരു സൂഫി തോണിയിലിരുന്നു എവിടെയോ

പോവുകയായിരുന്നു. അദ്ദേഹം തോണിയിലിരുന്നു കൊണ്ട് ദിക്ർ ചെയ്യാൻ തുടങ്ങി. ക്രമേണ ആ ദിക്റിന്റെ ശബ്ദം വലുതായി. തോണിയിലുള്ള പലരും ഹിന്ദുക്കളായിരുന്നു. അവർ പോലും അദ്ദേഹത്തോടൊപ്പം 'അല്ലാഹു അല്ലാഹു'എന്നു പറയാൻ തുടങ്ങി. തോണിയിലുണ്ടായിരുന്ന ഒരു ഹിന്ദു സന്യാസിയുടെ വായിൽ നിന്നു മാത്രം ആ ദിക്ർ പുറപ്പെട്ടില്ല. ഇതു മനസ്സിലാക്കിയ സൂഫി തന്റെ പ്രത്യേകമായ ശ്രദ്ധയും ലക്ഷ്യവും ആ ഭാഗത്തേക്കു തിരിച്ചുകൊണ്ട് 'അല്ലാഹു അല്ലാഹു' എന്നു ദിക്ർ ചെയ്തു തുടങ്ങി. എന്നാൽ സൂഫി തന്റെ പ്രത്യേക ശ്രദ്ധ ആ സന്യാസിയുടെ ഭാഗത്തേക്ക് തിരിച്ചു വിട്ടപ്പോൾ സൂഫി തന്നെ സ്വയം 'റാം, റാം ' എന്നു പറയാനാണ് തുടങ്ങിയത്. സന്യാസി അദ്ദേഹത്തിന്റെ പ്രത്യേകമായ ശ്രദ്ധ സൂഫിയുടെ ഭാഗത്തേക്ക് വിട്ടിരിക്കുകയായിരുന്നു. ഇത്നുഭവിച്ചറിഞ്ഞ സൂഫി അമ്പരന്നു പോവുകയും അന്നു മുതൽ തന്റെ അത്തരത്തിലുള്ള ദിക്ർ മതിയാക്കുകയും ചെയ്തു. യഥാർഥത്തിൽ ഇതൊരു തരം വിജ്ഞാനമാണെന്നും ദിക്റ് മുഖേനയുള്ള പ്രതികരണമല്ലെന്നും മനസ്സിലായി. മറ്റുള്ളവരോട് അനിയിന്ത്രതമായി അല്ലാഹു എന്ന് പറയിപ്പിക്കുന്നത് അല്ലാഹു എന്ന് പറയുന്നതുകൊണ്ടാണെങ്കിൽ പിന്നെന്തുകൊണ്ടാണ് റാം റാം എന്നും പറയിപ്പിക്കാൻ കഴിയുന്നത്? ഇങ്ങനെയുള്ളവരുടെ അവസ്ഥ ഇപ്രകാരം ആണ്. അതായത്, ഒരാൾ ഒരു വനത്തിലൂടെ പോവുകയായിരുന്നു. അയാൾക്ക് നല്ല വിശപ്പും ഉണ്ടായിരുന്നു. അയാൾക്ക് ഒരു കിഴി കിട്ടി. അതിൽ ധാന്യമാകുമെന്നുകരുതി അയാൾ സന്തോഷിക്കുന്നു. എന്നാൽ യഥാർത്ഥത്തിൽ അതിൽ കല്ലിൻ കഷണങ്ങളായിരുന്നു. ഇത്തരത്തിലുള്ള ക്രിത്രിമ ഭക്തി അവലംബിക്കുന്നവർ വിചാരിക്കുന്നത് ഞങ്ങൾ അല്ലാഹുവിന്റെ സാമീപ്യവും ബന്ധവും കരസ്ഥമാക്കിയിരിക്കുന്നു എന്നാണ്. അതാകട്ടെ ഒരു തരം മയക്കവും താൽക്കാലികമായ ആനന്ദവും മാത്രമേ നൽകുകയുള്ളൂ. ആ രംഗത്ത് പ്രത്യേക സ്ഥാനം കരസ്ഥമാക്കിയവരുടെ പോലും ഹൃദയം മുമ്പത്തെപ്പോലെ മലിനവും അപരിശുദ്ധവുമായിത്തന്നെയിരിക്കുന്നതാണ്.

ഇങ്ങനെയുള്ള ക്രിത്രിമാ മാർഗം അവലംബിക്കുന്നതുകൊണ്ട് ഒരു പ്രത്യേകമായ ആനന്ദമുണ്ടാകുന്നുവെന്ന് നമ്മുടെ ജമാഅത്തിലെ നിഷ്കളങ്കനായ ഒരു സുഹൃത്ത് എന്നോടു പറയാറുണ്ടായിരുന്നു. അഫീൻ തിന്നിട്ടുണ്ടാകുന്നതുപോലുള്ള ഒരു താൽക്കാലിക മയക്കവും ആനന്ദവും മാത്രമാണ് അതെന്ന് ഞാന ദ്ദേഹത്തോടു മറുപടി പറഞ്ഞു. അത്തരം ഭക്തൻമാർ മുഖേന ആത്മീയമായ പരിശുദ്ധി കൈവരുന്നില്ല. ഞങ്ങളുടെ നമസ്കാരവും ദിക്റും അർശ് വരെയെത്തുന്നു എന്ന് പറയുന്നവരെ നമുക്ക് കാണാൻ സാധിക്കുന്നു. അവരിൽ ആത്മീയമായ യാതൊരു പരിശുദ്ധിയും നാം കാണുന്നില്ല. ഞാനിത് പറഞ്ഞപ്പോൾ പ്രസ്തുത സുഹൃത്തിന് അതു വളരെ ബോധ്യമായി. അദ്ദേഹം തന്നെ അദ്ദേഹത്തിന്റെ അനുഭവം എടുത്തു പറഞ്ഞു; എല്ലാ പദവികളും ഉയർന്ന സ്ഥാനങ്ങളും കരസ്ഥമാക്കിയിരിക്കുന്നു എന്ന് വാദിക്കുന്ന ഒരാൾ ഉണ്ടായിരുന്നു. പക്ഷെ അദ്ദേഹം ജനങ്ങളോടു യാചിച്ചു കൊണ്ടാണ് തന്റെ ഉപജീവനം കഴിച്ചുകൂട്ടിയിരുന്നത്. അദ്ദേഹം ഇത്ര വലിയ സ്ഥാനം പ്രാപിച്ച ആളാണെങ്കിൽ പിന്നെ ജനങ്ങളോടു യാചിക്കാൻ എന്തു കാരണം എന്നു ഞാൻ ചിന്തിക്കാറുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഒരാളെക്കുറിച്ചു പറയാറുണ്ടായിരുന്നു. ആ ആൾ തന്നെ കുറിച്ച് ഉന്നതമായ സ്ഥാനവും പദവിയും ലഭിച്ച ആളായിട്ടാണ് കരുതിയിരുന്നത്. ഒരിക്കൽ തന്റെ ഒരു ശിഷ്യന്റെ അടുത്ത് ചെന്ന് എന്റെ കാണിക്ക നൽകണമെന്നാവശ്യപ്പെട്ടു. ക്ഷാമ കാലമായിരുന്നു. കൈയിൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. ഇപ്രാവശ്യം മാപ്പു തരണമെന്ന് മുരീദ് വളരെ വിനീതമായി പറഞ്ഞു നോക്കി. പീർസാഹിബ് വിട്ടില്ല. കുറേ നേരം കലഹിച്ചുകൊണ്ടിരുന്നു. അവസാനം അയാളുടെ വീട്ടിലുണ്ടായിരുന്ന എന്തോ സാധനം വിൽപ്പന ചെയ്യിപ്പിച്ചു തന്റെ കാണിക്ക വസൂൽ ചെയ്തു കൊണ്ടുപോയി. ഇത്രയും മലിനവും അവിശുദ്ധവുമായ ജീവിതമാണ് ഈ ഉയർന്ന പദവി ലഭിച്ചുവെന്ന് വാദിക്കുന്നരുടേത് .

അല്ലാഹു മനുഷ്യന്റെ ശബ്ദത്തിലും ചിന്തയിലും ഒരു തരത്തിലുള്ള സ്വാധീനശക്തി വെച്ചിട്ടുണ്ട്. അവൻ ഏതെങ്കിലും ഒരു

കാര്യത്തെക്കുറിച്ച് 'ആ കാര്യം 'ഇന്ന രൂപത്തിലായിരിക്കുന്നുവെന്ന് സ്ഥിരമായി നിരൂപിക്കുകയാണെങ്കിൽ പിന്നെ അതവന്റെ ഭാവന യിൽ തന്റെ ഭാവനക്കനുസൃതമായ വിധത്തിലായിരിക്കും കാണുക 'അല്ലാഹു അല്ലാഹു' എന്ന ശബ്ദം തന്റെ ഹൃദയത്തിൽ നിന്ന് പുറപ്പെടുന്നുവെന്നു ഒരാൾ സദാ നിരൂപിക്കുകയാണെങ്കിൽ അത് അവന്റെ ഹൃദയത്തിൽനിന്ന് വരുന്നതായി തോന്നുന്ന വിധത്തിൽ തന്നെ ആ ശബ്ദം കേൾക്കാൻ തുടങ്ങും. യഥാർത്ഥത്തിൽ അത് അയാളുടെ ഹൃദയത്തിൽനിന്നു വരുന്ന ശബ്ദമല്ല. അതു ഹൃദയ ത്തിൽ നിന്നു വരുന്നതാണെങ്കിൽ എന്തുകൊണ്ട് അതവനെ ജീവിത പരിശുദ്ധിയുള്ളവനാക്കിത്തീർക്കുന്നില്ല? ഇത്തരം വാദ ങ്ങളാകട്ടെ മുസ്ലിംകളെ അപേക്ഷിച്ച് ഹിന്ദുക്കളിലാണ് അധി കവും കാണാൻ ഇടയാകുന്നത്. അവർ സ്വന്തം ഹൃദയം മാത്രമ ല്ല, മറ്റുള്ളവരുടെ ഹൃദയം പോലും ഇളക്കിവിടുന്നു.

എനിക്ക് ഈ വിഷയകമായി ഒരു പുസ്തകം തന്നെ എഴുത ണമെന്നും അല്ലാഹുവിന്റെ സത്യപ്രവാചകൻമാരും ഇത്തരം ചെപ്പ ടിവിദ്യക്കാരും തമ്മിലുള്ള അന്തരം മനസ്സിലാക്കി കൊടുക്കണ മെന്നുമുദ്ദേശ്യമുണ്ട്. ഈ വിദ്യയാകട്ടെ ഒരു സാധാരണ വിജ്ഞാനം മാത്രമാണ്. പക്ഷെ അതു കാരണമായി മനുഷ്യൻ തന്നിൽ ഒരാത്മീയ പരിശുദ്ധി വരുത്തുന്ന കാര്യത്തിൽ അശ്ര ദ്ധനായിത്തീരുന്നു. അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാതെ തന്നെ ഞാൻ അല്ലാഹുവിന്റെയടുത്ത് എത്തിയതായി അവൻ വിചാ രിക്കുന്നു. അവനാകട്ടെ ഒരിടത്തും എത്തിയിട്ടില്ല. ഉള്ളിടത്തു തന്നെ യാണുള്ളത്. ഒരു പ്രത്യേക സ്ഥലത്തേക്കു പോകാൻ ഉദ്ദേശിക്കുന്ന ഒരാൾ മറ്റൊരിടത്തിരുന്നുകൊണ്ടു താൻ എത്തേണ്ടിടത്തെത്തി യെന്നു വിചാരിക്കുകയാണെങ്കിൽ അതവനിൽ വലിയ നഷ്ടം വരുത്തുകയേയുള്ളൂ. അതുപോലെ ഇത്തരം പ്രവർത്തികൾ ചെയ്യുന്നവർ തങ്ങൾ യഥാർത്ഥ സ്ഥാനത്ത് എത്തിയിരിക്കുന്നു വെന്ന് തെററിദ്ധാരണ വെച്ച് പുലർത്തുകയാണ് ചെയ്യുന്നത്. അവൻ അഫീൻ ലഹരി പോലൊരു ലഹരിയിൽ ലയിച്ചു കിട ക്കുക മാത്രമാണ് ചെയ്യുന്നത്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അത്തരം വ്യർഥമായ 'ദിക്റെ ഇലാഹി' യെ വെറുക്കുകയും വിരോ

ധിക്കുകയും ചെയ്തിരിക്കുന്നു. എന്തെന്നാൽ ഹിന്ദുക്കൾക്കും ക്രിസ്ത്യനികൾക്കും അതു ചെയ്യാവുന്നതാണ്. എന്നിരിക്കെ അതെങ്ങിനെ 'ദിക്റുല്ലാഹ്' എന്നു പറയപ്പെടും?

ഇനി പറയാനുള്ളത് ആർത്തു വിളിച്ചുകൊണ്ടും സംഗീതം ആലപിച്ചുകൊണ്ടും ഇന്നു നടന്നു വരുന്ന 'ദിക്റു'കളെ കുറിച്ചാണ്. ഞാൻ മുമ്പ് പറഞ്ഞതു പോലെ മനുഷ്യന്റെ നാഡി ഞരമ്പുകളിൽ പ്രതികരണങ്ങൾ സ്വീകരിക്കാനും മറ്റുള്ളവരിൽ പ്രതികരണം ചെലുത്താനും പ്രത്യേക ശക്തി വെച്ചിട്ടുണ്ട്. നാഡിഞരമ്പുകളെ സ്വാധീനിക്കുന്ന മാർഗങ്ങളിൽ ഒന്നായ കർണ്ണപുടം നല്ല ശബ്ദത്തെ ആകർഷിച്ചെടുക്കുന്നു. മനുഷ്യൻ മാത്രമല്ല, ജന്തുക്കൾ പോലും മധുരമായ ശബ്ദത്താൽ ആകർഷിക്കപ്പെടുന്നതായി കാണാം. പാമ്പുകളുടെ മുമ്പാകെ മകുടം ഊതുമ്പോൾ അത് ആടുന്നു. എന്നാൽ അത് പാമ്പിൽ ആത്മീയമായ സ്വാധീനം ഉണ്ടായതുകൊണ്ടാണെന്ന് ആരും പറയുകയില്ല. അതു പോലെ തന്നെ സംഗീതം ആലപിക്കുമ്പോൾ വല്ലവരും നൃത്തം വെച്ചു പോകുന്നുണ്ടെങ്കിൽ അതും ആത്മീയമായ ഫലം കൊണ്ടല്ല, ശബ്ദത്തിന്റെ വശ്യത കാരണം കേൾക്കുന്നതിൽ ഉണ്ടാകുന്ന ഒരു പ്രതികരണം മാത്രമാണ് അത്. അതിന് അദ്ധ്യാത്മീകതയുമായി ഒരു ബന്ധവുമില്ല. സംഗീതം മുതലായവയ്ക്ക് ആദ്ധ്യാത്മികതയ്ക്ക് സ്വാധീനം ചെലുത്താൻ കഴിയുന്നതാണെന്ന് ആരെങ്കിലും ധരിക്കുകയാണെങ്കിൽ അത് അയാളുടെ തെറ്റായ ധാരണയും മടയത്തരവും ആയിരിക്കും.കാരണം മകുടം ഊതുമ്പോൾ പാമ്പ് അതിൽ ലയിച്ച് ഉന്മാദത്താൽ അടിപ്പെടുന്നതുപ്പോലെയാണ്, കൊട്ടും പാട്ടും കേൾക്കുമ്പോൾ ഇക്കാല ത്തെ സൂഫികൾ ആടുന്നത്. ഉയർന്ന ശബ്ദത്തിൽ ദിക്റ് ചെയ്യുന്നത് ഒരു അനാചാരവുമാണ്.

ഹ: അബൂമൂസാ رضي الله عنه നിവേദനം ചെയ്തിട്ടുള്ള ഒരു ഹദീസിൽ പറയുന്നു:- ഒരിക്കൽ റസൂൽ തിരുമേനി ﷺ യും സഹാബിമാരും ഒരിടത്ത് പോകുകയായിരുന്നു. വഴി മദ്ധ്യേ സഹാബിമാർ 'അല്ലാഹു അക്ബർ' ''അല്ലാഹു അക്ബർ' എന്ന് ഉറക്കെ വിളിച്ചു പറയാൻ തുടങ്ങി. ഇതുകേട്ടപ്പോൾ ഹുസൂർ പറഞ്ഞു:

اِرْبَعُوْا عَلَى اَنْفُسِكُمْ فَاِنَّكُمْ لَا تَدْعُونَ اَصَمَّ وَلَا غَائِبًا اِنَّهُ مَعَكُمْ اِنَّهُ سَمِيعٌ قَرِيبٌ

"നിങ്ങൾ നിങ്ങളോട് കരുണ കാണിക്കുക. ആരെയാണോ നിങ്ങൾ വിളിക്കുന്നത് അവൻ (അല്ലാഹു) ചെവിടനല്ല; മറഞ്ഞവനല്ല; അവൻ നിങ്ങളുടെ സമീപസ്ഥനാണ്; നിങ്ങളുടെ ഒന്നിച്ചുള്ളവനാണ് ".

എന്നാൽ ഇന്നത്തെ സൂഫിമാരുടെ ദിക്റിന്റെ സദസ്സ് നടക്കുന്ന തെരുവുകൾ അവർ ശബ്ദമുഖരിതമാക്കിത്തീർക്കുന്നു. അതൊരു സൽകർമ്മമാണെന്നാണ് പലരുടെയും ധാരണ. വാസ്തവത്തിൽ അതെല്ലാം ശരീഅത്തിന് വിപരീതമായ കാര്യങ്ങളാണ്. ദിക്റിന്റെ പേരിൽ നടത്തി വരുന്ന അത്തരം ചേഷ്ടകളും ഗാനങ്ങളും ആർപ്പ്വിളികളും ശബ്ദായമാനമായ ദിക്റുകളും വീഴലും തലയിട്ടടിക്കലും ഒന്നും തന്നെ റസൂൽ തിരുമേനിയിൽ നിന്നുണ്ടായതായി തെളിയുന്നില്ല.

റസൂൽ തിരുമേനി ﷺ കവിത കേൾക്കാറുള്ളതായി പറയപ്പെടുന്നു. പക്ഷെ അത് ദിക്റെ ഇലാഹി എന്ന നിലക്കായിരുന്നു കേട്ടിരുന്നതെന്ന് ഒരിക്കലും സ്ഥാപിതമാവുകയില്ല. അവിശ്വാസികൾ ഹുസൂറിനെതിരിൽ വല്ല ഗാനവും രചിച്ചാൽ അതിനു മറുപടിയായി ഹ: ഹസ്സാൻ رضي الله عنه തിരുദൂതരേ, ഇന്ന എതിരാളി താങ്കൾക്കെതിരായി കവിത എഴുതിയിരിക്കുന്നു;ഞാൻഅതിന് മറുപടിയായി ഇപ്രകാരം കവിത രചിച്ചിരിക്കുന്നു എന്നു പറയും. തിരുമേനി അതു കേൾക്കാറുമുണ്ടായിരുന്നു.

ഇതെപോലെ ഒരവസരത്തിൽ യുദ്ധക്കുറ്റവാളിയായ ഒരാളെ വധിക്കാൻ റസൂൽ തിരുമേനി ﷺ അജ്ഞാപിച്ചിട്ടുണ്ടായിരുന്നു. ആ വ്യക്തി അനുവാദം വാങ്ങി ഹുസൂറിന്റെ സദസ്സിൽ ഒരു കവിത കേൾപ്പിക്കുകയുണ്ടായി. ആ കവിതയിൽ അദ്ദേഹം തന്റെ പ്രാണ സംരക്ഷണത്തിനായി സമർത്ഥമായ നിലയിൽ അപേക്ഷിക്കുകയാണ് ചെയ്തത്. കവിതയുടെ സാരാംശം ഇങ്ങിനെയായിരുന്നു. ഞാൻ അങ്ങയുടെ സദസ്സിലേക്ക് വരാൻ തുനിഞ്ഞപ്പോൾ ആളു

കൾ പറഞ്ഞു ഞാൻ വധിക്കപ്പെടുമെന്ന്. പക്ഷെ ഞാനത് വിശ്വസിച്ചില്ല. എന്ത്! ഞാൻ വന്നു മാപ്പുചോദിച്ചാലും ഞാൻ വധിക്കപ്പെടുമോ? അത് ഒരിക്കലും ഉണ്ടാവുകയില്ല. ഇത്രയും പാടിയപ്പോൾ റസൂൽ തിരുമേനി ഉടനെ തന്റെ മേൽ വസ്ത്രംകൊണ്ടു അദ്ദേഹത്തെ പുതപ്പിക്കകയും ആരും അദ്ദേഹത്തെ കൊന്നുപോകരുതെന്ന് കൽപിക്കുകയും ചെയ്തു. ''ഞാൻ കൊല്ലപ്പെടുന്നതിലല്ല, അവിശ്വാസിയായ നിലയിൽ കൊല്ലപ്പെട്ടുപോകുന്നതിലായിരുന്നു ഞാൻ ഭയപ്പെട്ടിരുന്നത്. കാരണം ഇസ്‌ലാം സത്യമതമാണെന്ന് ഞാൻ മനസ്സിലാക്കി കഴിഞ്ഞിരുന്നു'' എന്ന് പിന്നീട് അദ്ദേഹം പറഞ്ഞു. ഇങ്ങനെയുള്ള കവിതകൾ നബിﷺ കേൾക്കാറുണ്ടായിരുന്നു. എന്നാൽ ഈ സംഭവങ്ങളിൽ നിന്ന് നബിﷺ യുടെ സന്നിദ്ധിയിൽ ഖവ്വാലി പാടാറുണ്ടായിരുന്നതായും നൃത്തം വെക്കാറുണ്ടായിരുന്നതായും ദൈവിക സ്നേഹത്തിന്റെ കവിതകൾ ആലപിച്ച്കൊണ്ട് സഹാബികൾ നൃത്തം വെച്ച് അവർക്ക് ബോധക്ഷയം ഉണ്ടാകാറുണ്ടായിരുന്നതായും ഒരിക്കലും തെളിയുന്നില്ല. ഇന്ന് പൊതുവായി പ്രചരിച്ചുകൊണ്ടിരിക്കുന്ന ഈ രീതിയിലുള്ള ദിക്ക്റുകൾ എല്ലാം ബിദ്അത്തുകളാണ്.

യുദ്ധാവസരത്തിലും റസൂൽതിരുമേനി കവിത കേട്ടിട്ടുണ്ട്. ഒരു സഹാബി സൈന്യങ്ങൾക്ക് ആവേശം പകർന്നുകൊടുക്കാനായി ഇങ്ങിനെ പാടിയിരുന്നു ''ഇന്ന് ഞങ്ങൾ ജയിക്കും; അല്ലെങ്കിൽ ഞങ്ങൾ മരിക്കും; ഒരിക്കലും ഞങ്ങൾ പിൻമാറുകയില്ല ''.

മേൽ വിവരിച്ച സംഭവങ്ങളിൽ നിന്നെല്ലാം റസൂൽ തിരുമേനിﷺ കവിത കേട്ടിരുന്നത് 'ദിക്ർ' എന്ന നിലക്കായിരുന്നില്ലെന്നും തികച്ചും വ്യത്യസ്തമായ ഒരു പശ്ചാത്തലത്തിലായിരുന്നുവെന്നും എളുപ്പം മനസ്സിലാകുമല്ലോ. എന്നാൽ ഇന്നു ദിക്റിന്റെ സദസ്സുകളിൽ കാണപ്പെടുന്ന സംഗീതങ്ങളും താളമേളങ്ങളുമെല്ലാം അർത്ഥരഹിതമാണ്, ബിദ്അത്തുകളാണ്. ശരീഅത്തിന് വിപരീതമായ കാര്യങ്ങളാണ്.

**അഞ്ച് അവസ്ഥകൾ**

'ദിക്റെ ഇലാഹി' ചെയ്യുന്നവരിൽ ബോധക്ഷയമുണ്ടാകു

ന്നതായിട്ടോ അവർ അന്തം വിട്ട് നിലത്തു വീഴുന്നതായിട്ടോ ആടു കയും പാടുകയും ചെയ്യുന്നതായിട്ടോ തലയിട്ടടിക്കുന്നതായിട്ടോ ഉള്ള ഒരു പ്രസ്താവനയും വിശുദ്ധ ഖുർആനിൽ കാണുകയില്ല. മറിച്ചു അവരിൽ ഉണ്ടാകുന്ന പ്രതികരണങ്ങളെകുറിച്ച് ആ പവിത്ര ഗ്രന്ഥം പറയുന്നത് ഇങ്ങിനെയാണ്:-

إِنَّمَا الْمُؤْمِنُونَ الَّذِينَ إِذَا ذُكِرَ اللَّهُ وَجِلَتْ قُلُوبُهُمْ

"അല്ലാഹുവിനെ ദിക്റ് ചെയ്യപ്പെടുമ്പോൾ സത്യ വിശ്വാ സികളുടെ ഹൃദയം ഭയപ്പെടുന്നതാണ് ". (3-8)

تَقْشَعِرُّ مِنْهُ جُلُودُ الَّذِينَ يَخْشَوْنَ رَبَّهُمْ ثُمَّ تَلِينُ جُلُودُهُمْ وَقُلُوبُهُمْ إِلَىٰ ذِكْرِ اللَّهِ

"തങ്ങളുടെ റബ്ബിനെ ഭയപ്പെടുന്നവർ, അല്ലാഹുവിന്റെ ദിക്റിന്റെ വേളയിൽ അവർക്ക് രോമാഞ്ചമുണ്ടാകുകയും അവരുടെ ദേഹം തളരുകയും ഹൃദയം ഭയപ്പെടുകയും ചെയ്യുന്നു". (24-39)

إِذَا تُتْلَىٰ عَلَيْهِمْ آيَاتُ الرَّحْمَٰنِ خَرُّوا سُجَّدًا وَبُكِيًّا

"റഹ്മാനായ അല്ലാഹുവിന്റെ ആയത്തുകൾ അവർക്ക് ഓതി ക്കേൾപ്പിക്കപ്പെടുമ്പോൾ അവർ സുജൂദിൽ വീഴുകയും കരയു കയും ചെയ്യുന്നു. അഥവാ അവർ ആരാധനയിൽ മുഴുകുന്നു".

**ദിക്റെ ഇലാഹി ചെയ്യുന്നവരുടെ അവസ്ഥകൾ.**

1. തങ്ങളുടെ നാഥനായ അല്ലാഹു വളരെ ഉന്നതനും പ്രതാപവാ നുമാണെന്ന് സത്യവിശ്വാസികൾ മനസ്സിലാക്കുന്നതുകൊണ്ട് അവർ ദിക്റ് ചെയ്യുമ്പോൾ അവരുടെ ഹൃദയം ഭയപ്പെടുന്നു; അവ രിൽ ഭീതി ഉളവാകുന്നു.
2. ഭയത്താൽ അവരിൽ രോമാഞ്ചം ഉണ്ടാകുന്നു.
3. അവരുടെ ദേഹം തളർന്നു പോവുകയും ഹൃദയം മൃദുലമായി ത്തീരുകയും ചെയ്യുന്നു.
4. അവർ സുജൂദ് ചെയ്യുന്നു. അഥവാ ആരാധനയിൽ മുഴുകുന്നു.
5. അവർ കരയുന്നു.

ദിക്റെ ഇലാഹി ചെയ്യുന്നവരിൽ ഉണ്ടാകുന്ന പ്രസ്തുത അഞ്ച് പ്രതികരണങ്ങളെക്കുറിച്ചാണ് വിശുദ്ധ ഖുർആൻ പ്രസ്താവിച്ചിരിക്കുന്നത്. അതല്ലാതെ ആടുക, പാടുക, നൃത്തം വെക്കുക, അന്തം വിട്ടു വീഴുക, അട്ടഹസിക്കുക, ബോധക്ഷയമുണ്ടാകുക മുതലായ മറ്റു പ്രതികരണങ്ങൾ ഉണ്ടാകുമെങ്കിൽ ആ പവിത്ര ഗ്രന്ഥം അതും എടുത്തു പറയുമായിരുന്നു. അതായത് വിശ്വാസികളുടെ മുമ്പാകെ അല്ലാഹുവിന്റെ ദിക്ർ ചെയ്യുമ്പോൾ അവർ തങ്ങളുടെ വസ്ത്രം വലിച്ച് കീറി ദൂരെ എറിയുകയും ചാടുകയും അട്ടഹസിക്കുകയും തല കീഴ്പ്പോട്ടാക്കിക്കൊണ്ട് ഇളക്കുകയും ചെയ്യുന്നു. എന്നാൽ ഇവയിൽ ഒന്ന്പോലും അല്ലാഹു വിവരിച്ചിട്ടില്ല. അതുകൊണ്ട് ഇവക്കൊന്നും ദിക്റെ ഇലാഹിയുമായി യാതൊരു ബന്ധവുമില്ലായെന്ന് വ്യക്തമാകുന്നു.

അല്ലാഹുവിന്റെ വചനങ്ങൾ എത്ര അർത്ഥഗർഭമാണ്. ഇത്തരം ചേഷ്ടകളെയെല്ലാം അത് ആദ്യമേ തന്നെ ഖണ്ഡിക്കുന്നുണ്ട്. ദിക്റെ ഇലാഹിയുടെ സന്ദർഭത്തിൽ ഉണ്ടാകുമെന്ന് വിശുദ്ധ ഖുർആൻ പറഞ്ഞ പ്രസ്തുത അഞ്ച് പ്രതികരണങ്ങൾക്ക് പുറമെ അതിൽ പറഞ്ഞിട്ടില്ലാത്ത മറ്റു ചില പ്രതികരണങ്ങൾ കൂടി ഉണ്ടാകുന്നതിന് എന്താണ് തടസ്സമെന്ന് ചിലർ സന്ദേഹിച്ചേക്കാം. എന്നാൽ ആ സന്ദേഹവും ബുദ്ധി ശൂന്യമാണ്. ദിക്റെ ഇലാഹിയുടെ സന്ദർഭത്തിൽ ഉണ്ടാകുമെന്നു പറഞ്ഞ പ്രതികരണങ്ങൾക്ക് വേണ്ടി വിശുദ്ധഖുർആൻ ഉപയോഗിച്ചിരിക്കുന്ന പദങ്ങൾ തന്നെ ഇവരുടെ അത്തരം ചേഷ്ടകളെ ഖണ്ഡിക്കുന്നവയാണ്.

പ്രസ്തുത ഖുർആൻ ആയത്തുകളിൽ 'വജൽ' എന്നും 'ഇഖ്ശിറാർ' എന്നും 'തലീൻ' എന്നും 'ജുലൂദ് ' എന്നുമുള്ള പദങ്ങളാണ് ഉപയോഗിച്ചിരിക്കുന്നത്. അറബി ഭാഷയിൽ 'വജൽ' എന്ന പദത്തിന്റെ അർത്ഥം മൃദുലത എന്നാണ്. ഇത് സമാധാനത്തെ സൂചിപ്പിക്കുന്ന അർത്ഥമാണ്. എന്നാൽ ഇന്നത്തെ സൂഫികൾ ആടാൻ തുടങ്ങുന്നു. ഇത് പ്രസ്തുത അർത്ഥത്തിന് തികച്ചും വിപരീതമായ പ്രതികരണ മാണ്.'ഇഖ്ശിറാർ' എന്നു പറയുന്നത് പെട്ടന്ന് രോമാഞ്ചം ഉണ്ടാവുകയും തരിച്ചു നിന്നു പോവുകയും ചെയ്യുന്ന അവസ്ഥക്കാണ്. ഇതും ഇളക്കവും ചാട്ട

വുമല്ല അടക്കവും ഒതുക്കവുമാണ് സൂചിപ്പിക്കുന്നത്. അതുപോലെ തന്നെ 'തലീൻ 'എന്നും 'ജുലൂദ് ' എന്നുമുള്ള പദങ്ങളും ഭാഷയിൽ അടക്കവും ഒതുക്കവും സൂചിപ്പിക്കുന്ന പദങ്ങളാണ്. ഇളക്കത്തിനും ചാട്ടത്തിനും വേണ്ടി അറബി ഭാഷയിൽ ഉപയോഗിക്കുന്നത് 'ഥറബ് ' എന്ന പദമാണ്. സന്തോഷം നിമിത്തം നൃത്തം വെക്കുക, കുതിച്ചു ചാടുക എന്നാണ് അതിന്റെ അർത്ഥം. ദിക്റെ ഇലാഹിയുടെ സന്ദർഭത്തെ വിവരിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ ഈ പദം എവിടെയും ഉപയോഗിച്ചതായി കാണുകയില്ല. ആ സന്ദർഭത്തിൽ ഉണ്ടാകേണ്ടത് 'ഖുശൂഉം ' 'ഖുളൂഉം' ആണ്. അഥവാ ഭയവും ഭക്തിയും. ഭാഷജ്ഞൻമാർ പറയുന്നത് 'ഥറബ് ' എന്ന പദം 'ഖുശൂ 'യിന്നും 'ഖുളൂ' യിന്നും എതിരായതാണെന്നാണ്. അതായത് നൃത്തം വെക്കലും തുള്ളലും ഭയഭക്തിക്കെതിരാണെന്നു വ്യംഗ്യം.

ചുരുക്കത്തിൽ ദിക്റെ ഇലാഹിയുടെ സന്ദർഭത്തിൽ ഭയഭക്തിയും കരച്ചിലും അടക്കവും സുജൂദും മറ്റുമാണ് ഉണ്ടാകുക. ഉണ്ടാകേണ്ടതും അതുന്നെയാണ്. അതിനെതിരായ 'ഥറബി' ൽ ഉൾപ്പെടുന്നചാട്ടവും തുള്ളലും പാടലും നൃത്തവുമല്ല ഉണ്ടാകേണ്ടത്. ഇസ്‌ലാം മനുഷ്യന് ബുദ്ധിയും വിവേകവും നിലനിർത്തുന്നതും മനുഷ്യനെ നേർമാർഗ്ഗത്തിൽ ചരിപ്പിക്കുന്നതുമായ അദ്ധ്യാപനമാണ് നൽകുന്നത്. ബോധക്ഷയമുണ്ടാക്കുകയും വിഢികളാക്കുകയും ചെയ്യുന്ന അദ്ധ്യാപനങ്ങളല്ല നൽകുന്നത്. ആട്ടവും ചാട്ടവും അന്തം വിട്ടു വീഴലുമെല്ലാം അവിവേകത്തിന്റെയും ബുദ്ധിഹീനതയുടെയും ഫലമാണ്. അതൊരിക്കലും ഇസ്‌ലാമിന്റെ അദ്ധ്യാപനമാകാൻ തരമില്ല. ബോധം കെട്ട് വീഴുന്നതും ഇഷ്ടകരമായ ഒരു കാര്യമല്ല. അടുത്ത ബന്ധുക്കൾ മരണപ്പെട്ടാൽ കരയുന്നതു ഇസ് ലാം നിരോധിക്കുന്നില്ലെങ്കിലും അലമുറ കൂട്ടി കരയുന്നതിനെയും ബോധം കെട്ടു വീഴുന്നതിനെയും ഇസ്‌ലാം വിരോധിക്കുന്നു. റസൂൽ തിരുമേനിﷺ ഒരവസരത്തിൽ ഒരു സ്ത്രീ തന്റെ മകന്റെ കബറിനടുത്തിരുന്നു അക്ഷമ പ്രകടിക്കുന്നതു കണ്ടപ്പോൾ സ്ത്രീയോട് ക്ഷമ കൈകൊള്ളാൻ ഉപദേശിച്ചു. താങ്കളുടെ കുട്ടി മരണപ്പെട്ടിരുന്നുവെങ്കിൽ അപ്പോൾ കാണാമായിരുന്നു എന്നായി

രുന്നു ആ സ്ത്രീയുടെ പ്രതികരണം. അത് അവളുടെ വിവരക്കേടായിരുന്നു. തിരുനബിﷺ യുടെ എത്രയോ കുട്ടികൾ മരണപ്പെട്ടിട്ടുണ്ടായിരുന്നു.

അലമുറ കൂട്ടുന്നതും ബോധക്ഷയമാകുന്നതുമെല്ലാം അക്ഷമയുടെയും നിരാശയുടെയും ഫലമായാണ്. അല്ലെങ്കിൽ അതു മാനസികമായ ബലഹീനത കാരണമാണ്. മാനസികമായ ദൗർബല്യം കാരണം ആയാലും അതൊരു നല്ല കാര്യമോ ഭൂഷണമോ അല്ല. ഹസ്റത്ത് ജുനൈദി(റഹ്) ന്റെ കാലത്തുണ്ടായിരുന്ന ഒരു മഹാനെ കുറിച്ച് എഴുതപ്പെട്ടിരുന്നു; അദ്ദേഹത്തിനു ദിക്റെ ഇലാഹിയുടെ സന്ദർഭത്തിൽ ബോധക്ഷയമുണ്ടാകാറുണ്ടായിരുന്നുവെന്ന്. ശിഷ്യൻമാർ അതിന്റെ കാരണത്തെ കുറിച്ച് അദ്ദേഹത്തോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞത് ഞാനിപ്പോൾ വൃദ്ധനും ബലഹീനനും ആയിപ്പോയിരിക്കു ന്നുവെന്നാണ്. ഞാനിപ്പോൾ ഉയർന്ന പദവിയിൽ എത്തിയിരിക്കുന്നുവെന്നല്ല അദ്ദേഹം കാരണം പറഞ്ഞത്. ഇനി ബോധക്ഷയമുണ്ടാകുന്നത് നിരാശയുടെയും പ്രതീക്ഷയില്ലായ്മയുടെയും ഫലമായിട്ടാണെങ്കിൽ അതും ശരിയല്ല. വിശുദ്ധ ഖുർആൻ പറയുന്നു:-

وَلَا تَيْأَسُوا مِن رَّوْحِ اللَّهِ إِنَّهُ لَا يَيْأَسُ مِن رَّوْحِ اللَّهِ إِلَّا الْقَوْمُ الْكَافِرُونَ

"അല്ലാഹുവിന്റെ അനുഗ്രഹത്തെക്കുറിച്ച് നിങ്ങൾ നിരാശപ്പെട്ടു പോകരുത്; അവിശ്വാസികളല്ലാതെ മറ്റാരും അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ചു നിരാശപ്പെടുകയില്ല". (സൂറ യൂസഫ് -87). അപ്പോൾ നിരാശ കാരണം വല്ലവർക്കും ബോധക്ഷയമുണ്ടാകുന്നുവെങ്കിൽ അവൻ അവിശ്വാസിയായി തീരുകയാണ് ചെയ്യുന്നത്. മാനസിക ബലഹീനത കൊണ്ടാണ് വല്ലവർക്കും ബോധക്ഷയമുണ്ടാകുന്നതെങ്കിൽ അതൊരു രോഗമാണ്. അതിനെ അനുകരിക്കുന്നത് വിവേകമല്ല.

സഹാബിമാരുടെ കാലത്തും ഇത്തരം കാര്യങ്ങളെക്കുറിച്ച് ചർച്ച ഉണ്ടായിരുന്നു. ഹ: അബ്ദുല്ലാഹിബ്നു സുബൈർ رضي الله عنه തന്റെ മാതാവായ ഹസ്റത്ത് അസ്മ(റ)യോട് ദിക്റിന്റെ വേളയിൽ ചിലർക്ക് ബോധക്ഷയമുണ്ടാകുന്നതിനെക്കുറിച്ച് ചോദിച്ചപ്പോൾ

അവർ اَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيمِ എന്ന് ഓതുകയാണ് ചെയ്തത്. മറ്റൊരവസരത്തിൽ ഹസ്റത്ത് അബ്ദുല്ലാഹിബ്നു സുബൈറിﷺ ന്റെ പിതാമഹിയോടു ഞാൻ ഒരു സ്ഥലത്ത് പോയിരുന്നുവെന്നും അവിടെ ചിലർക്ക് ഖുർആൻ ഓതുന്നവസരത്തിൽ ബോധക്ഷയം ഉണ്ടാകുന്നുവെന്നും പറഞ്ഞു. അപ്പോഴും ഹസ്റത്ത് അബൂബക്കർ സിദ്ദീഖിﷺ ന്റെ മകളായ അസ്മ(റ) തന്റെ പൗത്രനോട് പറഞ്ഞത് അതു പിശാചിന്റെ പ്രവൃത്തി ആണെന്നാണ്.

ഹസ്റത്ത് അബൂഹുറൈറﷺയുടെ ജാമാതാവും വലിയ സ്വപ്ന ശാസ്ത്രജ്ഞനുമായ ഹ: ഇബ്നു സീരീനിനെ(റഹ്) പറ്റി ഒരു റിപ്പോർട്ട് ഉണ്ട്. ഒരാൾ വിശുദ്ധ ഖുർആന്റെ വല്ല വചനവും കേട്ടാൽ ബോധക്ഷയമായി വീണുപോകുന്നുവെന്ന് അദ്ദേഹത്തിന്റെ അടുത്ത ഒരാൾ പറഞ്ഞു. ഇത് കേട്ടപ്പോൾ അദ്ദേഹം പറഞ്ഞത് ഞാനത് വിശ്വസിക്കണമെങ്കിൽ ആ ആളെ ഉയർന്ന മതിലിൽ നിർത്തിയിട്ട് ഖുർആന്റെ ഒരു ആയത്തല്ല മുഴുവൻ ഖുർആനും ഓതി കേൾപ്പിച്ചു പരിശോധിക്കണമെന്നാണ്. ഇന്നും ദിക്റെ ഇലാഹി ചെയ്യുന്ന സദസ്സിൽ വല്ലവരും ബോധക്ഷയമുണ്ടായി വീഴുന്നുണ്ടെങ്കിൽ ആളുകൾ അധികമുള്ള ഭാഗത്തേക്ക് വീഴുന്നതായി കാണാം. ആളുകൾ പിടിക്കട്ടെ എന്നു കരുതിയും പരിക്കുകൾ അധികം പറ്റിപ്പോകരുതെന്നു കരുതിയുമാണ് അങ്ങിനെ ചെയ്യുന്നത്. അബദ്ധത്തിൽ മറ്റൊരു ഭാഗത്തേക്ക് വീണു പോകുന്നുണ്ടെങ്കിൽ അത് വേറെ കാര്യമാണ്.

ചുരുക്കത്തിൽ ദിക്റുകളുടെ സന്ദർഭത്തിൽ കാണിച്ചു വരുന്ന അത്തരം ചേഷ്ടകളെല്ലാം ആക്ഷേപാർഹമാണ്; നിഷിദ്ധമാണ്. അത് മനുഷ്യന്റെ അദ്ധ്യാത്മീകാവസ്ഥയെ നശിപ്പിച്ചു കളയുന്നവയാണ്. മനുഷ്യനെ അത് കുരങ്ങും കരടിയുമായി മാറ്റുകയാണ് ചെയ്യുന്നത്. ഇസ്ലാം  മനുഷ്യനെ മലക്കായി ഉയർത്താനാണ് പഠിപ്പിക്കുന്നത്.

**യഥാർഥ ദിക്റുകൾ നാലുതരം**

വിശുദ്ധ ഖുർആൻ വളരെ ശക്തിയായ നിലയിൽ ചെയ്യണ

മെന്നു കൽപിച്ചിരിക്കുന്ന യഥാർത്ഥമായ ‘ദിക്റെ ഇലാഹി’ വേറെ തന്നെയാണ്. അത് നാല് വിധത്തിലാണ്. അവയെ ഉപേക്ഷിക്കുക എന്നത് വലിയ പുണ്യം നഷ്ടപ്പെടുത്തലായിരിക്കും. അതിനാൽ അവയെ ഒരിക്കലും കയ്യൊഴിക്കാൻ പാടില്ല. അതിൽ ഒന്നാമത്തേത് നമസ്കാരമാണ്. രണ്ടാമത്തേത് ഖുർആൻ പാരായണമാണ്; മൂന്നാമത്തേത് അല്ലാഹുവിന്റെ ഗുണ മഹാത്മ്യങ്ങൾ ഏറ്റു പറഞ്ഞു കൊണ്ട് നാവുകൊണ്ട് അതിനെ ആവർത്തിച്ചാവർത്തിച്ച് ഉരുവിടുകയാണ്; നാലാമത്തേത് അല്ലാഹുവിന്റെ ഗുണമഹാത്മ്യങ്ങളെ ഒറ്റക്കും രഹസ്യമായും ഉരുവിടുന്നതു പോലെ തന്നെ അവയെ ജനതാ മദ്ധ്യത്തിലും തുറന്ന് പ്രഖ്യാപിക്കുകയാണ്. ഈ നാലു തരം ദിക്റുകളും വിശുദ്ധ ഖുർആനിൽ നിന്ന് തന്നെ മനസ്സിലാവുന്നതാണ്. അത് മനുഷ്യന്റെ ആത്മീയ പുരോഗതിക്ക് വളരെ അത്യാവശ്യവും ഒഴിച്ചുകൂടാത്തതുമാണ്.

ഇനി ഞാൻ ഈ നാല് വിധ ദിക്റുകളെ കുറിച്ച് പറഞ്ഞിരിക്കുന്ന തെളിവുകൾ എന്തെല്ലാമാണെന്ന് പറയാം. നമസ്കാരത്തെക്കുറിച്ച് അല്ലാഹു പറയുകയാണ്:-

إِنَّنِي أَنَا اللَّهُ لَا إِلَٰهَ إِلَّا أَنَا فَاعْبُدْنِي وَأَقِمِ الصَّلَاةَ لِذِكْرِي

“ഞാൻ തന്നെയാണ് അല്ലാഹു. ഞാനല്ലാതെ നിനക്ക് മറ്റൊരാരാധ്യനില്ല. അതിനാൽ എന്നെ മാത്രം ആരാധിക്കുക. എന്നെ സ്മരിക്കുന്നതിനു വേണ്ടി നമസ്കാരത്തെ നിലനിർത്തുക”. ഈ ആയത്തിൽ നിന്ന് മനസ്സിലാവുന്നത് അല്ലാഹു സത്യവിശ്വാസികളോട് അവനെ ദിക്ർ ചെയ്യാൻ വേണ്ടി പറഞ്ഞേടത്ത് അതിന്റെ ഒരു വിവക്ഷ ഹേ! സത്യ വിശ്വാസികളെ നിങ്ങൾ നമസ്കരിക്കുക എന്നാണ്. മറ്റൊരിടത്ത് ഖുർആൻ പറയുകയാണ്:-

فَإِنْ خِفْتُمْ فَرِجَالًا أَوْ رُكْبَانًا فَإِذَا أَمِنتُمْ فَاذْكُرُوا اللَّهَ كَمَا عَلَّمَكُم مَّا لَمْ تَكُونُوا تَعْلَمُونَ

നമസ്കരിക്കാൻ താക്കീതു ചെയ്തശേഷം വിശുദ്ധ ഖുർആൻ പറയുകയാണ്. “ശത്രുക്കളിൽ നിന്ന് നിങ്ങൾക്ക് വല്ല

ഭീതിയും ഉണ്ടെങ്കിൽ നിങ്ങൾ നടന്നു കൊണ്ടോ വാഹനത്തിൽ സഞ്ചരിച്ചുകൊണ്ടോ ഉള്ള അവസ്ഥയിൽ തന്നെ നമസ്കരിക്കുക. നിങ്ങൾക്ക് സമാധാനവസ്ഥ കൈ വന്നാൽ അവൻ പഠിപ്പിച്ച വിധത്തിൽ തന്നെ അല്ലാഹുവിനെ ദിക്ർ ചെയ്യുക''. ഈ ആയത്തിലും നമസ്കരിക്കുക എന്നതിന് 'ഫദ്കുറുല്ലാഹ' അതായത് 'ദിക്ർ ചെയ്യുക' എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ഖുർആനിൽ ഇതു സംബന്ധമായി വേറെയും ആയത്തുകളുണ്ട്. ഞാൻ ഇപ്പോൾ ഇത്രയും കൊണ്ടവസാനിപ്പിക്കുകയാണ്.

രണ്ടാമത്തെ ദിക്ർ ഖുർആൻ പാരായണമാണ്. വിശുദ്ധ ഖുർആൻ പറയുന്നു:- إِنَّا نَحْنُ نَزَّلْنَا الذِّكْرَ وَإِنَّا لَهُ لَحَافِظُونَ

''നാമാണ് ഈ ദിക്റി (ഖുർആൻ)നെ ഇറക്കിയിരിക്കുന്നത്. നാം തന്നെയാണ് അതിന്റെ സംരക്ഷകനും'' . ഇവിടെ ഖുർആൻ ഇറക്കിയതിനെ ദിക്റിനെ ഇറക്കിയതായിട്ടാണ് പറഞ്ഞിരിക്കുന്നത്. അപ്പോൾ ഉദുകുറുല്ലാഹ എന്ന് ഖുർആനിൽ പറഞ്ഞേടത്ത് അതിന്റെ ഒരർത്ഥം നിങ്ങൾ ഖുർആൻ പാരായണം ചെയ്യുകയെന്നുകൂടിയാണെന്നു മനസ്സിലായി. മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

وَهَٰذَا ذِكْرٌ مُّبَارَكٌ أَنزَلْنَاهُ أَفَأَنتُمْ لَهُ مُنكِرُونَ

''ഇത് അനുഗ്രഹീതമായ ഒരു ദിക്റാണ്. നാമാണ് ഈ ദിക്റിനെ ഇറക്കിയിരിക്കുന്നത്. എന്നിട്ടും നിങ്ങൾ അതിനെ നിഷേധിക്കുകയാണോ?.'' ഈ ആയത്തിലും പരിശുദ്ധ ഖുർആനെ ദിക്ർ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്.

മൂന്നാമത്തെ ദിക്ർ അല്ലാഹുവിന്റെ ഗുണമഹാത്മ്യങ്ങളെ ഏറ്റു പറയുകയും അവയെ ആവർത്തിച്ചാവർത്തിച്ച് ഉരുവിടുകയുമാണ്. അതിനുള്ള തെളിവ് ഖുർആനിൽ നിന്നും പരിശോധിക്കാം. നമസ്കാരത്തിൽ തന്നെ അല്ലാഹുവിന്റെ ഗുണനാമങ്ങൾ ഉരുവിടുന്നതുകൊണ്ട് അതുതന്നെ മതിയാകുമെന്നാണ് ചിലരുടെ അഭിപ്രായം. എന്നാൽ അതു ശരിയല്ല. നമസ്കാരത്തിനു പുറമെയും ദിക്റെ ഇലാഹി ഉണ്ടെന്ന് ഖുർആനിൽ നിന്നും മനസ്സിലാവുന്നുണ്ട്. അല്ലാഹു പറയുന്നു:

فَإِذَا قَضَيْتُمُ الصَّلَاةَ فَاذْكُرُوا اللَّهَ قِيَامًا وَقُعُودًا وَعَلَىٰ جُنُوبِكُمْ

“നമസ്കരിച്ചു കഴിഞ്ഞാൽ നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും നിങ്ങൾ അല്ലാഹുവിനെ ദിക്ർ ചെയ്യുക”. ഇതുകൊണ്ട് മനസ്സിലാവുന്നത് ഈ ദിക്ർ നമസ്കാരത്തിനു പുറമെയാണെന്നാണ്. നമസ്കാരത്തിൽ തന്നെ അല്ലാഹുവിന്റെ ഗുണമഹാത്മ്യങ്ങളെ ഉച്ചരിക്കുന്നതു മതിയാവുമെങ്കിൽ പിന്നെ നമസ്കാരനന്തരം അല്ലാഹുവിനെ നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും ദിക്ർ ചെയ്യണമെന്നു എന്തിനു കൽപിക്കണം? മറ്റൊരു സ്ഥലത്ത് അല്ലാഹു പറയുകയാണ്:-

رِجَالٌ لَّا تُلْهِيهِمْ تِجَارَةٌ وَلَا بَيْعٌ عَن ذِكْرِ اللَّهِ وَإِقَامِ الصَّلَاةِ
وَإِيتَاءِ الزَّكَاةِ يَخَافُونَ يَوْمًا تَتَقَلَّبُ فِيهِ الْقُلُوبُ وَالْأَبْصَارُ

“അങ്ങനെയുള്ളവർ മുഹമ്മദ് നബിﷺ യുടെ സഹചരന്മാരാണ്. അവരെ, കച്ചവട ഇടപാടുകൾ അല്ലാഹുവിനെ ദിക്ർ ചെയ്യുന്നതിൽ നിന്നും നമസ്കരിക്കുന്നതിൽ നിന്നും സക്കാത്തു കൊടുക്കുന്നതിൽ നിന്നും തടയുന്നില്ല. (എന്തുകൊണ്ടെന്നാൽ) അവരുടെ കണ്ണുകൾക്കും ഹൃദയങ്ങൾക്കും ഇളക്കമുണ്ടാകുന്ന ദിവസത്തെ അവർ ഭയപ്പെടുന്നു”. ഇവിടെയും നമസ്കാരത്തിന് പുറമെ അല്ലാഹുവിന്റെ ദിക്റിനെ കുറിച്ച് എടുത്തു പറഞ്ഞതായി കാണാം.

നാലാമതായി പറഞ്ഞിരിക്കുന്ന ദിക്ർ അല്ലാഹുവിന്റെ ഗുണമഹാത്മ്യങ്ങളെ ജനങ്ങളുടെ മുമ്പാകെ തുറന്നു പ്രഖ്യാപിക്കുകയെന്നുള്ളതാണ്. അല്ലാഹു പറയുകയാണ്:-

يَا أَيُّهَا الْمُدَّثِّرُ ۝ قُمْ فَأَنذِرْ ۝ وَرَبَّكَ فَكَبِّرْ ۝ وَثِيَابَكَ فَطَهِّرْ ۝
وَالرُّجْزَ فَاهْجُرْ ۝ وَلَا تَمْنُن تَسْتَكْثِرُ ۝ وَلِرَبِّكَ فَاصْبِرْ

ഈ ഖുർആൻ വാക്യത്തിൽ റസൂൽ തിരുമേനിﷺ യോട് കൽപിച്ചിരിക്കുന്നത് “എഴുന്നേൽക്കുക മുഴുവൻ ജനങ്ങൾക്കും

മുന്നറിവ് നൽകുകയും തന്റെ റബ്ബിന്റെ മഹത്വം വിവരിച്ചുകൊടു ക്കുകയും ചെയ്യുക യെന്നാണ്". അപ്പോൾ അല്ലാഹുവിന്റെ ഉന്നത മായ സ്ഥാന മഹാത്മ്യങ്ങളെ ജനങ്ങളുടെ മുമ്പാകെ വിവരിച്ചു കൊടുക്കേണ്ടത് ആവശ്യമാണെന്നാണ് ഇതിൽ നിന്ന് മനസ്സിലാ വുന്നത്.

പ്രസ്തുത നാല് ദിക്റുകൾ ചെയ്യാൻ വേണ്ടിയാണ് അല്ലാഹു നമ്മോടു കൽപിച്ചിരിക്കുന്നത്. ആ ദിക്റുകൾ ഏതു ക്രമത്തിൽ ചെയ്യണമെന്നാണ് നാം മനസ്സിലാക്കേണ്ടത്? ദിക്റുകൾ രണ്ടു തരത്തിലാണ്. ഒന്ന് ഫർളുകളാണ് (നിർബന്ധമായവ) രണ്ടാമ ത്തേതു നഫലുകളാണ് (ഐച്ഛീകമായവ). ഇവിടെ നിർബന്ധ നമസ്കാരങ്ങൾ നമ്മുടെ ജമാഅത്തിലെ ആളുകൾ ശരിക്കും നിർവ്വ ഹിക്കുന്നുണ്ട്. ഐച്ഛീകമായ നമസ്കാരങ്ങളെ സംബന്ധിച്ച് അൽപം വിവരിക്കേണ്ടതുണ്ട്.

ആദ്യം ഖുർആൻ എങ്ങിനെയാണ് പരായണം ചെയ്യേണ്ടതു എന്നതിനെ കുറിച്ചു ഞാൻ വിവരിക്കാം. അതിനെ കുറിച്ച് മനസ്സി ലാക്കേണ്ടുന്ന ഒരു കാര്യം നിത്യവും പതിവായി നിശ്ചിത ഭാഗം ഖുർആൻ പാരായണം ചെയ്യണമെന്നുള്ളതാണ്. എല്ലാ ദിവസവും ഖുർആന്റെ ഇത്രയും ഭാഗം ഓതുമെന്നുള്ള ഒരു നിശ്ചയമുണ്ടാ യിരിക്കണം. ഇന്നു കുറേ അധികം ഓതുക നാളെ തീരെ ഓതാ തിരിക്കുക അല്ലെങ്കിൽ അല്പം ഓതി മതിയാക്കുകയെന്ന സമ്പ്രദായം ശരിയല്ല. അതുകൊണ്ടൊരു പ്രയോജനവും ഉണ്ടാവു കയില്ല. വിശുദ്ധ ഖുർആൻ നിശ്ചിത നിലയിൽ നിത്യവും പാരാ യണം ചെയ്യണമെന്നുള്ള ഒരു തീരുമാനമുണ്ടായിരിക്കണം. അതു ഒരു 'ജൂസു' വായിരുന്നാലും ശരി, അര ജൂസുവായിരുന്നാലും ശരി. ഒരു ജൂസുവിന്റെ മൂന്നിലൊരു അംശമായിരുന്നാലും ശരി നാലിലൊരംശമായിരുന്നാലും ശരി. പതിവായി പാരായണം ചെയ്യ ണമെന്നുള്ള തീരുമാനമുണ്ടായിരിക്കേണ്ടത് ആവശ്യമാണ്. അതിൽ കുറവോ വീഴ്ചയോ വന്നു പോകരുത്. റസൂൽ തിരുമേ നിﷺ പറയുന്നത് മനുഷ്യൻ സ്ഥിരമായും പതിവായും ചെയ്യുന്ന സൽക്കർമ്മമാണ് അല്ലാഹുവിനു കൂടുതൽ ഇഷ്ടമെന്നാണ്. അതി നാൽ അക്കാര്യത്തിൽ നമുക്ക് വീഴ്ച വന്നു പോകരുത്. വീഴ്ച

വരുത്തുന്നതുകൊണ്ട് മനസ്സിലാവുന്നത് അവന് അതിൽ താൽപര്യമില്ലെന്നാണ്. താൽപര്യവും ഹൃദയബന്ധവും ഇല്ലെങ്കിൽ ഹൃദയം പരിശുദ്ധമാവുകയില്ല.

ഏതെങ്കിലും ഗ്രന്ഥരചനയിൽ മുഴുകുന്നതുകൊണ്ടോ മറ്റേതെങ്കിലും കാരണം കൊണ്ടോ ഏതെങ്കിലും ഒരു ദിവസം എനിക്ക് ഖുർആൻ പാരായണം ചെയ്യാൻ സാധിച്ചിട്ടില്ലെങ്കിൽ അന്നു എനിക്ക് ഹൃദയത്തിനു വളരെ വിഷമം തോന്നും. മറ്റു ആരാധനകളിലും അതിന്റെ പ്രതികരണം അനുഭവപ്പെടും. അതിനാൽ ഒന്നാമതായി നിത്യവും ഖുർആൻ പാരായണം ചെയ്യാനുള്ള പതിവുണ്ടാക്കണം. രണ്ടാമതായി ഖുർആന്റെ അർത്ഥം മനസ്സിലാക്കിക്കൊണ്ട് പാരായണം ചെയ്യണം. ഖുർആന്റെ സാരമെന്താണെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത വിധത്തിൽ ധൃതിയിൽ പാരായണം ചെയ്യരുത്. ക്രമമായും സാവകാശത്തിലും പാരായണം ചെയ്യേണ്ടതാണ്. മൂന്നാമതായി കഴിയുന്നതും ഖുർആൻ പാരായണം ചെയ്യുന്നതിനു മുമ്പായി 'വുളു' ചെയ്യേണ്ടതാണ്. 'വുളു' ഇല്ലാതെ ഖുർആൻ പാരായണം ചെയ്യുന്നത് എന്റെ അഭിപ്രായത്തിൽ അനുവദനീയമാണ്. ചില പണ്ഡിതൻമാർ അതു ശരിയല്ലെന്നു പറഞ്ഞിട്ടുണ്ട്. എന്റെ അഭിപ്രായത്തിൽ വുളു ഇല്ലാതെ പാരായണം ചെയ്യുന്നതു പാടില്ലാത്തതല്ല. പക്ഷെ നല്ലതും അനുയോജ്യമായതും ഫലവും പുണ്യവും അധികം ലഭിക്കാൻ ഇടയാക്കുന്നതും വുളു ചെയ്തുകൊണ്ടു പാരായണം ചെയ്യുന്നതിലാണ്.

ഖുർആന്റെ അർഥം മനസ്സിലാവാത്തവർ എന്തു ചെയ്യണമെന്ന് ഒരു സ്നേഹിതൻ ചോദിക്കുന്നു. അങ്ങിനെയുള്ളവർ ഖുർആന്റെ അർഥം പഠിക്കാൻ ശ്രമിക്കേണ്ടതാണ്. മുഴുവൻ ഖുർആന്റെ അർഥവും പഠിക്കാൻ സാധിക്കുന്നില്ലെങ്കിൽ ഏതാനും ചില ഖുർആൻ വചനങ്ങളുടെയെങ്കിലും അർഥം പഠിക്കാൻ ശ്രമിക്കേണ്ടതാണ്. നിത്യവും പതിവായി ഓതാൻ നിശ്ചയിച്ചിരിക്കുന്ന ഖുർആന്റെ ഭാഗങ്ങൾ ഓതുന്നതോടൊപ്പം തന്നെ അർഥം അറിയുന്ന വചനങ്ങളും നിത്യവും പാരായണം ചെയ്യേണ്ടതാണ്.

ഖുർആന്റെ അർഥം അറിയാത്ത മറ്റു ഭാഗങ്ങൾ പിന്നെ ഓതുന്നതുകൊണ്ട് പ്രയോജനമെന്താണെന്ന് വല്ലവരും ചോദിക്കുകയാ

ണെങ്കിൽ അതിനെക്കുറിച്ച് മനസ്സിലാക്കേണ്ടത് ഏതൊരു പ്രവൃത്തിയും സദുദ്ദേശത്തോടും നിഷ്കളങ്കമായും ചെയ്യുകയാണെങ്കിൽ അല്ലാഹു അതിനു തീർച്ചയായും പ്രതിഫലം നൽകുന്നതാണ്. വല്ലവരും ഖുർആന്റെ അർഥം അറിയാതെ തന്നെ ഖുർആൻ പാരായണം ചെയ്യുകയാണെങ്കിൽ അല്ലാഹു അവന്റെ സദുദ്ദേശ്യവും നിഷ്കളങ്കതയും കണക്കിലെടുത്തുകൊണ്ട് അതിനു തീർച്ചയായും പ്രതിഫലം നൽകുന്നതാണ്.

കേവലം ബാഹ്യമായ വചനങ്ങൾക്കും സ്വാധീനവും ഫലവും ഉണ്ടെന്നുള്ള വസ്തുത കൂടി മനസ്സിലാക്കേണ്ടതുണ്ട്. അതുകൊണ്ടാണ് കുട്ടികൾ ജനിച്ചാൽ കാതിൽ ബാങ്ക് കൊടുക്കണമെന്ന് റസൂൽ തിരുമേനിﷺ കൽപിച്ചിരിക്കുന്നത്. ആ സമയത്ത് കുട്ടികൾക്ക് ഒന്നും തന്നെ മനസ്സിലാക്കാനും അറിയാനും സാധിക്കുന്നില്ല. എന്നാൽ തീർച്ചയായും അത് കുട്ടിയിൽ ഒരു തരത്തിലുള്ള ഫലവും സ്വാധീനവും ചെലുത്തുമെന്നുള്ളത് തീർച്ചയാണ്.

ഖുർആൻ പാരായണത്തിന് പുറമെ മറ്റു ചില ദിക്റുകളും തസ്ബീഹുകളും ഒറ്റക്കിരുന്നുകൊണ്ടോ സദസ്സിൽ വെച്ചോ ചെയ്യേണ്ടതുണ്ട്. അവയിൽ ചിലത് നിർബന്ധവുമാണ്. മൃഗങ്ങളെ അറുക്കുന്ന അവസരത്തിൽ തക്ബീർ ചൊല്ലേണ്ടത് നിർബന്ധമാണല്ലോ. അറവ് വേളയിൽ തക്ബീർ ചൊല്ലിയിട്ടില്ലെങ്കിൽ അങ്ങനെയുള്ള മൃഗങ്ങളുടെ മാംസം നിഷിദ്ധമായിരിക്കും. ദിക്റുകളിൽ വേറെ ചിലത് ഐച്ഛീകമായതാണ്. അങ്ങിനെയുള്ള ദിക്റുകൾ മറ്റു പല സന്ദർഭങ്ങളിൽ പതിവാക്കപ്പെടുന്നു. അത്തരം ദിക്റുകളെ റസൂൽ തിരുമേനിﷺ വളരെ വിപുലമാക്കിയിട്ടുണ്ട്. വിവിധ സന്ദർഭങ്ങളിൽ സന്ദർഭോചിതമായി അല്ലാഹുവിന്റെ ദിക്റുകളെ റസൂൽ തിരുമേനിﷺ നിശ്ചയിച്ചിരിക്കുന്നു. ഭക്ഷണം കഴിക്കാൻ തുടങ്ങുമ്പോൾ **ബിസ്മില്ലാഹി ർറഹ്മാനി ർറഹീം** ഓതാൻ വേണ്ടി നിർദ്ദേശിച്ചിരിക്കുന്നു. 'ബിസ്മി' ഓതാതെ ഭക്ഷണം കഴിച്ചാൽ വയറു നിറയുകയില്ല എന്നല്ല അതിന്റെ അർഥം. ഏതൊരുദ്ദേശത്തിനു വേണ്ടിയാണോ നാം ഭക്ഷണം കഴിക്കുന്നത് ആ ഉദ്ദേശ്യം പൂർണ്ണമായും പൂർത്തിയാവുന്നത് 'ബിസ്മി' ചൊല്ലിക്കഴിക്കുന്ന

ഭക്ഷണം മുഖേനയായിരിക്കും. അങ്ങിനെ ചെയ്യുന്നതുകൊണ്ട് നമ്മുടെ ആത്മീയതയ്ക്ക് വലിയ പ്രയോജനം ഉണ്ടാവുന്നതാണ്. അതിനാൽ ഏത് പ്രവൃത്തിയിലും അനുഗ്രഹം ഉണ്ടായിത്തീരാൻ വേണ്ടി അതിന്റെ ആരംഭത്തിൽ 'ബിസ്മി' ചൊല്ലണമെന്ന് നമ്മോട് നിർദ്ദേശിച്ചിരിക്കയാണ്. അതുപോലെ തന്നെ അത് അവസാനിച്ചു കഴിഞ്ഞാൽ اَلْحَمْدُ لِلّٰهِ رَبِّ الْعَالَمِينَ എന്ന് ചൊല്ലേണ്ടതാണ്. പുതിയ വസ്ത്രം ധരിക്കുമ്പോഴും പുതിയ വല്ല സാധനങ്ങൾ ഉപ യോഗിക്കുമ്പോഴും അൽഹംദുലില്ലാഹ് എന്ന് പറഞ്ഞുകൊണ്ട് അല്ലാഹുവിന് നന്ദി രേഖപ്പെടുത്തേണ്ടതാണ്. ദുഃഖത്തിന്റെയും ആപത്തിന്റെയും സന്ദർഭത്തിൽ إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُونَ എന്ന് പറയേണ്ടതാണ്. നമ്മുടെ കഴിവിന് അപ്പുറത്തുള്ള വല്ല കാര്യവും നമ്മെ നേരിടുമ്പോൾ ലാ ഹൗല വലാ കുവ്വത്ത ഇല്ലാ ബില്ലാഹ് എന്ന് പറയേണ്ടതാണ്.

ചുരുക്കത്തിൽ വിവിധ സന്ദർഭങ്ങളിൽ ചൊല്ലേണ്ടുന്ന ദിക്റു കളാണ് മേൽ പറഞ്ഞിരിക്കുന്നത്. എല്ലാവർക്കും ദിവസത്തിൽ സന്തോഷമോ ദുഃഖമോ ഉണ്ടാവുന്നതാണ്. സന്തോഷാവസരമാ ണെങ്കിൽ 'അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ' എന്നു പറയു ക. ദുഃഖത്തിന്റെ അവസരമാണെങ്കിൽ 'ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ' എന്നു പറയുക. അല്ലാഹു നമ്മോട് പറ ഞ്ഞിരിക്കുന്നത് فَاذْكُرُوا اللّٰهَ قِيَامًا وَقُعُودًا وَعَلَىٰ جُنُوبِكُمْ "നിങ്ങൾ ഇരിക്കുമ്പോഴും നിൽക്കുമ്പോഴും കിടക്കുമ്പോഴുമെല്ലാം അല്ലാ ഹുവിനെ ദിക്റ് ചെയ്യണ" മെന്നാണ്. റസൂൽ തിരുമേനിﷺ വിവിധ സന്ദർഭങ്ങളിൽ സന്ദർഭോചിതമായ ദിക്റുകൾ നിശ്ചയിച്ചു തരികയും ചെയ്തിരിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കുമ്പോൾ മനുഷ്യൻ എല്ലാ അവസ്ഥയിലും അല്ലാഹുവിന്റെ ദിക്റുകളിൽ ഏർപ്പെട്ടവരായിത്തീരുന്നു. ഉദാഹരണമായി ഒരാൾ വല്ല ഓഫീ സിലും ഇരുന്നു പ്രവർത്തിക്കുമ്പോഴാണ് തന്നെക്കുറിച്ച് വല്ല സുവി ശേഷവും കേൾക്കുന്നതെങ്കിൽ ആ സന്ദർഭത്തിൽ അൽഹം ദുലി

ല്ലാഹ് എന്ന് പറയുക. നടന്നുപോവുമ്പോഴാണ് വല്ല സുവിശേ ഷവും കേൾക്കുന്നതെങ്കിൽ അപ്പോഴും അൽഹം ദുലില്ലാഹ് എന്നു പറയുക. കിടന്നുകൊണ്ടിരിക്കുന്ന അവസ്ഥയിലാണ് ഒരാൾക്ക് വല്ല സന്തോഷ വാർത്തയും ലഭിക്കുന്നതെങ്കിൽ അപ്പോഴും അവന് അൽഹം ദുലില്ലാഹി റബ്ബിൽ ആലമീൻ എന്നു പറയേണ്ടതാണ്. ഇങ്ങനെ വരുമ്പോൾ നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടന്നു കൊണ്ടും അല്ലാഹുവിന്റെ ദിക്റിൽ ഏർപ്പെടുന്നൊരവസ്ഥ നമു ക്കുണ്ടായി വരുന്നു.

ഹ: ജാബിർ ﷺ മുഖേന തുർമുദിയിൽ വന്നിരിക്കുന്ന ഒരു നിവേദനത്തിൽ റസൂൽ കരീം ﷺ അരുൾ ചെയ്തതായി ഇങ്ങിനെ പറയുന്നു: اَفْضَلُ الذِّكْرِ لَا اِلٰهَ اِلَّا اللّٰهُ ഏറ്റവും ഉത്തമമായ ദിക്ർ ലാ ഇലാഹ ഇല്ലല്ലാഹ് എന്നാണ് . 'അല്ലാഹുവല്ലാതെ മറ്റൊരാരാ ധ്യനില്ല' എന്നാണതിന്റെ അർത്ഥം. മറ്റു ചില ദിക്റുകൾക്ക് വിവിധ തരത്തിലുള്ള മേൻമകളും മഹത്വങ്ങളും ഉണ്ട്.

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيمِ

(സുബ്ഹാനള്ളാഹി വബി ഹംദിഹി സുബ്ഹാന ല്ലാഹിൽ അളീം) എന്ന ദിക്റിനെക്കുറിച്ച് റസൂൽ കരീം ﷺ പറയുന്നത്.

كَلِمَتَانِ خَفِيفَتَانِ عَلَى اللِّسَانِ ثَقِيلَتَانِ فِى الْمِيزَانِ حَبِيبَتَانِ اِلَى الرَّحْمٰنِ

എന്നാണ്. അതായത് ഉച്ചരിക്കാൻ വളരെ എളുപ്പമായതും നാളെ പരലോകത്ത് തുലാസിൽ വളരെ ഭാരമേറിയതും റഹ്മാനായ അല്ലാ ഹുവിനു പ്രിയങ്കരമായതുമായ രണ്ടു വചനങ്ങൾ ആണ് അതെ ന്നാണ്. ഇതും ഒരു ഉന്നതമായ ദിക്റാണ്. ഈ ദിക്റിനെകുറിച്ച് ഹ: മസീഹ് മൗഊദി عليه السلام ന്ന് ഒരവസരത്തിൽ ഇൽഹാം ഉണ്ടായി ട്ടുണ്ട്. ഒരിക്കൽ ഹസ്റത്ത് മസീഹ് മൗഊദി عليه السلام ന് തീരെ സുഖ മില്ലാത്ത ഒരവസ്ഥയുണ്ടായി. കടുത്ത രോഗത്തോടുകൂടി തന്നെ ഹുസൂർ തഹജ്ജൂദ് നമസ്കാരത്തിനു വേണ്ടി എഴുന്നേറ്റു. എന്നാൽ ഹുസൂർ തലചുറ്റി വീണുപോയി. നമസ്കരിക്കാൻ കഴി ഞ്ഞില്ല. അപ്പോൾ അല്ലാഹുവിൽനിന്ന് ഇൽഹാം ഉണ്ടായി.

ഇങ്ങനെയുള്ള അവസ്ഥയിൽ തഹജ്ജൂദ് നമസ്കാരത്തിനു പകരം കിടന്നുകൊണ്ട് തന്നെ മേൽപറഞ്ഞ ദിക്ർ ചൊല്ലിക്കൊണ്ടിരിക്കുകയെന്ന്. ഇതുകൊണ്ട് മനസ്സിലാവുന്നത് ആ ദിക്ർ വളരെ പ്രധാനമായതും മഹത്വമേറിയതുമാണെന്നാണ്. ഹദീസുകളിൽ നിന്ന് മനസ്സിലാവുന്നത് റസൂൽ കരീംﷺ പ്രസ്തുത ദിക്ർ ധാരാളമായി ചൊല്ലാറുണ്ടായിരുന്നുവെന്നാണ്.

മേലുദ്ധരിച്ച രണ്ട് ദിക്റുകളും വളരെ പ്രധാനപ്പെട്ട ദിക്റുകളാണെന്ന് മനസ്സിലാക്കിത്തന്നിരിക്കുന്നു. എന്നാൽ പ്രധാനപ്പെട്ട മറ്റൊരു ദിക്ർ കൂടിയുണ്ട്. അതിനെക്കുറിച്ച് റസൂൽﷺന്റെ പ്രത്യേകമായ നിർദ്ദേശം രേഖപ്പെട്ടു കാണുന്നില്ലെങ്കിലും നമ്മുടെ ബുദ്ധി മനസ്സിലാക്കിത്തരുന്നത് അതും ഉന്നതമായ ദിക്ർ തന്നെയാണ് എന്നാണ്. അത് വിശുദ്ധ ഖുർആന്റെ വചനങ്ങൾ ദിക്ർ എന്ന നിലയിൽ ചൊല്ലിക്കൊണ്ടിരിക്കുകയാണ്. ഖുർആൻ വചനങ്ങൾ ദിക്ർ എന്ന നിലയിൽ നാം ചൊല്ലിക്കൊണ്ടിരിക്കുകയാണെങ്കിൽ നമുക്കതുകൊണ്ട് ഇരട്ടി പ്രതിഫലം ലഭിക്കുന്നതാണ്. ഒന്ന് ഖുർആൻ പാരായണത്തിന്റേത്. മറ്റൊന്ന് ദിക്റിന്റേത്.

**ദിക്റ് ചെയ്യുമ്പോൾ പാലിക്കേണ്ട സൂക്ഷമതകൾ**

ഇനി ദിക്റെ ഇലാഹി ചെയ്യുമ്പോൾ പാലിക്കേണ്ട സൂക്ഷ്മതകളെക്കുറിച്ചു പറയാം.

1) റസൂൽ കരീംﷺ പറയുന്നത് മനസ്സിന് മടുപ്പും വെറുപ്പും തോന്നുന്നത്ര നേരം ദിക്റെ ഇലാഹി ചെയ്യരുത്.

2) മനസ്സിന് സ്വസ്ഥതയും സമാധാനവും ഇല്ലാത്ത സന്ദർഭത്തിലും ദിക്ർ ചെയ്യരുത്. ഉദാഹരണമായി അത്യാവശ്യമായ വല്ല ജോലിയും ചെയ്യാനുള്ളപ്പോൾ ദിക്ർ ചെയ്യുകയാണെങ്കിൽ നമ്മുടെ ശ്രദ്ധ ദിക്റിന്റെ ഭാഗത്തേക്ക് കേന്ദ്രീകരിക്കാൻ സാധിക്കുകയില്ല. ആ സമയത്ത് ദിക്ർ ചെയ്യുന്നത് അല്ലാഹുവിന്റെ വചനത്തെ വിലയില്ലാതാക്കിത്തീർക്കും. അക്കാരണത്താൽ നാം കുറ്റക്കാരായിത്തീരുന്നതാണ്. അതിനാൽ ഒന്നാമതായി നമ്മുടെ മനസ്സ് മടുത്തുപോവുന്നത്ര സമയം വരെ ദിക്ർ ചെയ്യരുത്. രണ്ടാമതായി നമ്മുടെ മനസ്സ് മറ്റേതെങ്കിലും വിചാരത്തിൽ ലയിച്ചിരിക്കുന്ന സന്ദർഭത്തിലും ദിക്ർ ചെയ്യരുത്. ചുരുങ്ങിയ രീതിയിൽ ശ്രദ്ധ കേന്ദ്രീക

രിക്കാൻ കഴിയുന്ന സമയംവരെ ദിക്ർ ചെയ്യുന്നതാണ് ഉത്തമം.

ഒരവസരത്തിൽ റസൂൽ തിരുമേനിﷺ വീട്ടിൽ വന്നു കയറിയപ്പോൾ ഹസ്റത്ത് ആയിശ(റ)യോട് ഒരു സ്ത്രീ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. എന്താണ് സംസാരിച്ചതെന്നു ആയിശ(റ)യോട് തിരുമേനിﷺ അന്വേഷിച്ചു. ഞാൻ വളരെനേരം ഇബാദത്ത് ചെയ്യാറുണ്ട് എന്നായിരുന്നു സ്ത്രി പറഞ്ഞതെന്നു ആയിശ(റ) പറഞ്ഞു.“ഇതൊരു മേന്മയൊന്നുമല്ല; കൃത്യമായും പതിവായും ചെയ്യുന്ന ആരാധനയാണ് അല്ലാഹു ഇഷ്ടപ്പെടുന്നത്” എന്നായിരുന്നുറസൂൽﷺ അപ്പോൾ പറഞ്ഞത്. നീണ്ടനേരം ഇബാദത്ത് ചെയ്യുന്നതു കൊണ്ട് അല്ലാഹു മടുത്തുപോവുകയില്ല; മനുഷ്യൻ തന്നെയാണ് മടുത്തു പോവുക. പിന്നെ അവന്റെ ആരാധന ഒരു പ്രയോജനവും ഇല്ലാതായിത്തീരുന്നു. അതിനാൽ അതിരുകവിഞ്ഞ് ക്ഷീണിക്കുവോളം അധികനേരം ദിക്ർ ചെയ്യുന്നതുകൊണ്ടുള്ള ദോഷഫലം അവൻതന്നെ അനുഭവിക്കേണ്ടി വരുന്നതാണ്.

അബ്ദുല്ലാഹിബ്നു അംറിബ്നു ആസി رضي الله عنه നെ കുറിച്ചു പറയപ്പെട്ടിരിക്കുന്നത് അദ്ദേഹം നല്ല കായബലമുള്ള ഒരു സഹാബിയായിരുന്നുവെന്നാണ്. അദ്ദേഹം മുഴു രാത്രിയും നമസ്കരിക്കാറുണ്ടായിരുന്നു. പകൽ നോമ്പ് നോൽക്കുകയും ചെയ്തിരുന്നു. ഒരു ദിവസം കൊണ്ടു തന്നെ ഖുർആൻ മുഴുവനും ഓതിത്തീർക്കുകയും ചെയ്തിരുന്നു. ഈ വിവരം അറിഞ്ഞപ്പോൾ റസൂൽ തിരുമേനി ﷺ അതു വിരോധിക്കുകയാണ് ചെയ്തത്. നമസ്കരിക്കുന്നത് രാത്രിയുടെ നാലിലൊരു ഭാഗമോ മൂന്നിലൊരു ഭാഗമോ ഏറിയാൽ രണ്ടിലൊരു ഭാഗമോ മാത്രമേ പാടുള്ളൂവെന്നും നോമ്പു നോൽക്കുന്നതു അധികരിച്ചാൽ ഒരു ദിവസം വിട്ട് മറ്റൊരു ദിവസം എന്ന നിലയിൽ ആയിരിക്കേണ്ടതാണെന്നും ഖുർആൻ മൂന്നു ദിവസത്തിൽ കുറഞ്ഞ സമയത്തിനുള്ളിൽ ഓതി പൂർത്തിയാക്കരുതെന്നുമായിരുന്നു ഹുസൂറിന്റെ കൽപന. എന്നാൽ കുറച്ചെങ്കിലും അധികം അനുവദിച്ചു കിട്ടുന്നതിനുവേണ്ടി അംറിബ്നു ആസ്رضي الله عنه അഭ്യർത്ഥിച്ചു നോക്കിയെങ്കിലും തിരുമേനിﷺ അത് അനുവദിച്ചില്ല. അവസാനം അദ്ദേഹം ഹുസൂറിന്റെ കൽപനയനുസരിച്ചു

തന്നെ പ്രവർത്തിച്ചു വന്നു. അദ്ദേഹത്തിന് വാർദ്ധക്യം പ്രാപിച്ചപ്പോൾ അദ്ദേഹം വളരെ ദുഃഖം പ്രകടിപ്പിച്ചു. അദ്ദേഹം പറഞ്ഞു: ഞാൻ ഇത്രയും ചെയ്യുമെന്ന് ഹുസൂറിനോട് വാക്കുകൊടുത്തുപോയി. ഇപ്പോഴാണെങ്കിൽ അതു തന്നെ ചെയ്യാൻ എനിക്കു സാധിക്കുന്നില്ല; വളരെ വിഷമം തോന്നുന്നു. ദിക്ർ നല്ലതാണെങ്കിലും നല്ല കാര്യവും അതിരു കവിഞ്ഞാൽ ദോഷവുമാണ്. ബിരിയാണി നല്ലതാണെങ്കിലും അധികം കഴിച്ചാൽ ദഹനക്കേടുണ്ടാവുമെല്ലോ. അതുപോലെ തന്നെ ദിക്റും കണക്കിലധികമായാൽ നമ്മുടെ ആത്മാവിന് ഭാരമുണ്ടാക്കുന്നതാണ്. പിന്നെ കാലക്രമത്തിൽ ദിക്റിനോടുതന്നെ വെറുപ്പും മടുപ്പുമാണ് ഉണ്ടാവുക. അതിനാൽ സാവകാശത്തിൽ സഹിക്കാനും വഹിക്കാനും കഴിയുന്ന തരത്തിൽ ആത്മാവിൽ ഭാരം ചുമത്തുകയാണ് വേണ്ടത്.

3) നാം പാലിക്കേണ്ടുന്ന സൂക്ഷമത, നമ്മുടെ പ്രകൃതി ദിക്റിന്റെ ഭാഗത്ത് താൽപര്യം കാണിക്കുന്നില്ലെങ്കിലും ആരംഭത്തിൽ ഹൃദയത്തെക്കൊണ്ടു നിർബന്ധിച്ചു അത് ചെയ്യിക്കുകയെന്നതാണ്. തീർച്ചയായും പൂർത്തിയാക്കുമെന്നു ഉറച്ച തീരുമാനം എടുക്കുകയും പിശാച് എത്രതന്നെ ശ്രമിച്ചാലും ഞാൻ അവന്റെ വാക്കു സ്വീകരിക്കുകയില്ലെന്ന് തീരുമാനിക്കുകയും ചെയ്യുക. മനുഷ്യൻ ഈ നിലയിൽ തീരുമാനം എടുക്കുകയാണെങ്കിൽ നമ്മുടെ പ്രകൃതിയെ നമുക്ക് അനുകൂലമാക്കിക്കൊണ്ടു വരാൻ സാധിക്കുന്നതാണ്. റേ-ടേക്കൺ എന്നൊരു പ്രസിദ്ധനായ വക്കീലുണ്ടായിരുന്നു. ഒരു കേസ്സിൽ അദ്ദേഹത്തിനെതിരായി മറ്റൊരു വക്കീൽ വക്കാലത്തെടുത്തു. റേ-ടേക്കനോട് വാദിച്ചു ജയിക്കാൻ സാധിക്കുകയില്ലെന്ന് മനസ്സിലാക്കിയ ആ വക്കീൽ ഒരു തന്ത്രം പ്രയോഗിച്ചു. മജിസ്ട്രേറ്റുമായി സംസാരിക്കുന്ന ഒരു സന്ദർഭത്തിൽ സംസാര മദ്ധ്യേ ആ വക്കീൽ മജിസ്ട്രേറ്റിനോടു പറഞ്ഞു. റേടേക്കന്റെ വാദം, എത്ര സമർത്ഥനായ മജിസ്ട്രേറ്റായാലും അയാളെ തനിക്കനുകൂലമാക്കി മാറ്റാൻ കഴിയുമെന്നാണ്. ഇത് കേട്ടപ്പോൾ മജിസ്ട്രേറ്റിനു വാശികൂടി. മജിസ്ട്രേറ്റ് തീരുമാനിച്ചു, റേടേക്കൺ എത്ര സമർത്ഥമായി വാദിച്ചാലും താൻ അദ്ദേഹത്തിനനുകൂലമായി കേസ് വിധിക്കുകയില്ലെന്ന്. അവസാനം റേട്ടേക്കന്റെ കേസ് മജി

സ്ട്രേറ്റിന്റെ മുമ്പാകെ വന്നു. റേടേക്കൺ വളരെ സമർത്ഥമായ നിലയിൽ വാദിച്ചു. പക്ഷെ അദ്ദേഹത്തിന്റെ വാദത്തെ മജിസ്ട്രേറ്റ് ഖണ്ഡിക്കുകയാണ് ചെയ്തത്. വിവിധ രൂപത്തിൽ വാദിച്ചു നോക്കിയിട്ടും അവസാനം മജിസ്ട്രേട്ട് കേസ് അദ്ദേഹത്തിനു പ്രതികൂലമായാണ് വിധിച്ചത്. ഇതു മനസ്സിലാക്കിത്തരുന്നത്, മനുഷ്യൻ ഒരു കാര്യത്തിനുവേണ്ടി ദൃഢനിശ്ചയം ചെയ്താൽ ആ നിശ്ചയം മാറ്റാൻ മറ്റ് ഒരു ശക്തിക്കും എളുപ്പത്തിൽ സാധ്യമല്ലെന്നാണ്. ആരംഭത്തിൽ ഈ ഒരു നിലപാട് തന്നെയാണ് ദിക്റെ ഇലാഹിയുടെ കാര്യത്തിലും നാം സ്വീകരിക്കേണ്ടത്.

4) ദിക്ർ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ഒരു സൂക്ഷ്മത, ദിക്ർ ചെയ്യുമ്പോൾ ദേഹത്തിനു വിഷമമോ വേദനയോ ഉണ്ടാവുന്ന അവസ്ഥയിലോ സ്ഥലത്തോ ദിക്ർ ചെയ്യരുത് എന്നുള്ളതാണ്. ഉദാഹരണമായി ദിക്ർ ചെയ്യാൻ ഇരിക്കുന്ന സ്ഥലത്ത് കുത്തുകയും തറക്കുകയും ചെയ്യുന്ന സാധനങ്ങൾ ഒന്നും തന്നെ ഉണ്ടാവരുത്. ഉണ്ടെങ്കിൽ അതാദ്യം നീക്കം ചെയ്തിട്ടു മാത്രമെ ദിക്റിൽ ഏർപ്പെടാൻ പാടുള്ളൂ.

5) ദിക്റിൽ നമുക്ക് ലഭിക്കുന്ന അവസ്ഥ എന്തു തന്നെയായാലും അത് സ്വീകരിക്കാനുള്ള മനഃസ്ഥിതിയുണ്ടാകണം. ആദ്യഘട്ടത്തിൽ ദിക്റിൽ താൽപര്യക്കുറവും അശ്രദ്ധയും ഉണ്ടായാൽ പോലും കാലക്രമത്തിൽ അവന്റെ പ്രകൃതി ദിക്റിന്റെ ഭാഗത്തേക്കു ചാഞ്ഞു വരുന്നതാണ്.

6) ദിക്ർ ഭയഭക്തിയോടുകൂടി ചെയ്യേണ്ടതാണ്. യഥാർത്ഥ ഭയഭക്തി ആദ്യഘട്ടത്തിൽ ഉണ്ടാകുന്നില്ലെങ്കിൽതന്നെ ബാഹ്യമായി ഭയഭക്തി തോന്നിക്കുന്ന ഒരവസ്ഥ നാം ഉണ്ടാക്കണം. ചില കാര്യങ്ങൾ ആരംഭത്തിൽ കൃത്രിമമായുണ്ടാക്കാൻ ശ്രമിക്കുകയാണെങ്കിൽ പിന്നീടത് യഥാർത്ഥമായിത്തന്നെ ഉണ്ടായി വരുന്നതാണ്. അതിനാൽ ഭയഭക്തിയുണ്ടാക്കാനുള്ള ശ്രമം നടത്തുകയും കരച്ചിലിന്റെ നിലപാട് ബാഹ്യമായി ഉണ്ടാക്കിത്തീർക്കാൻ ശ്രമിക്കുകയും ചെയ്യേണ്ടതത്രെ. അതിന്റെ ഫലമായി കാലക്രമത്തിൽ യഥാർത്ഥമായ ഭയഭക്തി തന്നെ ഉണ്ടായിത്തീരും.

ഒരു പ്രൊഫസറെകുറിച്ചു പറയപ്പെടുന്നു; അദ്ദേഹം ആദ്യം

വളരെ മയമുള്ള ഹൃദയത്തോടുകൂടിയ ആളായിരുന്നു. എന്നാൽ പിന്നീട് അദ്ദേഹം കടുത്ത ഹൃദയമുള്ള ആളായി മാറിപ്പോയി. അദ്ദേഹത്തിന്റെ മൃദുല സ്വഭാവം കാരണമായി അദ്ദേഹത്തിനു വളരെ വിഷമം നേരിടേണ്ടതായി വന്നിരുന്നു. അക്കാരണത്താൽ അദ്ദേഹത്തിനു തന്റെ സ്വഭാവത്തിൽ ഒരു മാറ്റം വരുത്താൻ തീരുമാനിച്ചു. അങ്ങിനെ അദ്ദേഹം തന്റെ പ്രകൃതിക്ക് വിരുദ്ധമായ നിലയിൽ ആളുകളോടു ക്രൂരമായി പെരുമാറാൻ തുടങ്ങി. അദ്ദേഹത്തിന്റെ പ്രകൃതം ലോലമായിരുന്നെങ്കിലും തൽഫലമായി സാവകാശത്തിൽ അദ്ദേഹത്തിന്റെ പ്രകൃതി കടുപ്പമുള്ളതായി ത്തീർന്നു. പ്രൊഫസർ തന്റെ പ്രകൃതിയെയും സമ്പ്രദായത്തെയും തിന്മയുടെ ഭാഗത്തേക്കാണ് കൊണ്ടു പോയത്. നിങ്ങൾ നിങ്ങളുടെ പ്രകൃതിയെ നന്മയുടെ ഭാഗത്തേക്ക് കൊണ്ടുപോകാൻ ശ്രമിക്കുക. അങ്ങിനെ ചെയ്താൽ തീർച്ചയായും നിങ്ങളിൽ മെല്ലെ മെല്ലെ യഥാർത്ഥമായ ഭയഭക്തി ഉണ്ടായി വരുന്നതാണ്. ഒരു ദിവസം ഒരു സെക്കന്റെങ്കിലും യഥാർത്ഥമായ ഭയഭക്തി ഉണ്ടാക്കാൻ കഴിഞ്ഞാൽ രണ്ടാമത്തെ ദിവസം അതു കൂടുതൽ സമയം ഉണ്ടായിത്തീരുന്നതാണ്. അവസാനം തീർച്ചയായും നിങ്ങൾക്കതിൽ വിജയം കൈവരുന്നതായിരിക്കും.

ദിക്ർ ചെയ്യേണ്ടതു വളരെ ആവശ്യമാണെന്നു വ്യക്തമായി. ഇനി അത് ഏതെല്ലാം സമയത്ത് വേണമെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. വിശുദ്ധ ഖുർആൻ പറയുന്നു:-

فَإِذَا قَضَيْتُمُ الصَّلَاةَ فَاذْكُرُوا اللَّهَ قِيَامًا وَقُعُودًا وَعَلَىٰ جُنُوبِكُمْ

“നമസ്കാരം നിർവ്വഹിച്ചു കഴിഞ്ഞാൽ നിങ്ങൾ അല്ലാഹുവിനെ നിന്നുകൊണ്ടും ഇരുന്നുകൊണ്ടും കിടക്കുന്ന അവസ്ഥയിലും സ്മരിച്ചുകൊണ്ടിരിക്കുക(ദിക്ർ ചെയ്തു കൊണ്ടിരിക്കുക)”. സദാസമയവും അല്ലാഹുവിന്റെ ദിക്റിൽ നാം ഏർപ്പെടുകയാണ് വേണ്ടത്. റസൂൽ തിരുമേനിﷺ യെ കുറിച്ച് ആയിശ സിദ്ദീഖ(റ) പറയുന്നത്:-

كَانَ رَسُولُ اللّٰهِ يَذْكُرُ اللّٰهَ عَلٰى كُلِّ اَحْيَانِهٖ      റസൂൽ തിരുമേനിﷺ

സദാസമയവും അല്ലാഹുവിന്റെ ദിക്റിൽ മുഴുകിയിരുന്നുവെന്നാണ്. എന്നാൽ ചില പ്രത്യേക സമയം ദിക്റിനുവേണ്ടി വിശുദ്ധ ഖുർആൻ തന്നെ വിവരിച്ചിരിക്കുന്നതായി മനസ്സിലാക്കാം. അത് പറയുന്നു:-

اُذْكُرُوا اللَّهَ ذِكْرًا كَثِيرًا ۝ وَسَبِّحُوهُ بُكْرَةً وَأَصِيلًا ۝

"നിങ്ങൾ അല്ലാഹുവിനെ 'ബുക്റ' 'അസീല' എന്നീ സമയങ്ങളിൽ സ്മരിക്കുക." ഈ രണ്ടു സമയവും ദൈവസ്മരണക്ക് വളരെ ഉത്തമമായതാണെന്ന് മനസ്സിലാക്കിത്തന്നിരിക്കുന്നു. 'ബുക്റ' യെന്ന് അറബിയിൽ പറയുന്നത് പ്രഭാതം മുതൽ സുര്യോദയം വരെയുള്ള സമയത്തിനാണ്. അതിനാൽ പ്രഭാത നമസ്കാരാനന്തരം സുര്യോദയം വരെയുള്ള സമയത്ത് 'ദിക്ർ'ചെയ്യണമെന്നാണ് മനസ്സിലാവുന്നത്. മറ്റൊരു സമയം 'അസീല'യാണ് 'അസീൽ'എന്ന് അറബി ഭാഷയിൽ പറയുന്നത് അസർ ( സായാഹ്നം) മുതൽ സുര്യാസത്മനം വരെയുള്ള സമയത്തിനാണ്. അതിനാൽ ആ സമയവും ദിക്ർ ചെയ്യാനുള്ള നല്ല അവസരമാണെന്നു മനസ്സിലായി.

ദിക്റിനുള്ള മൂന്നാമത്തെയും നാലാമത്തെയും അഞ്ചാമത്തെയും സമയം ഖുർആനിൽ നിന്നു മനസ്സിലാവുന്നതു ഇതാണ്.

فَاصْبِرْ عَلَىٰ مَا يَقُولُونَ وَسَبِّحْ بِحَمْدِ رَبِّكَ قَبْلَ طُلُوعِ الشَّمْسِ
وَقَبْلَ غُرُوبِهَا وَمِنْ آنَاءِ اللَّيْلِ فَسَبِّحْ وَأَطْرَافَ النَّهَارِ لَعَلَّكَ تَرْضَىٰ

"സൂര്യോദയത്തിന് മുമ്പും സൂര്യാസ്തമനത്തിനു മുമ്പും (ഈ രണ്ട് സമയത്തെകുറിച്ചും മുമ്പു പറഞ്ഞു കഴിഞ്ഞു) രാത്രി സമയങ്ങളിലും പകലിന്റെ രണ്ടറ്റങ്ങളിലും നീ നിന്റെ റബ്ബിനെ സ്തുതിക്കുകയും സ്ത്രോത്രം ചെയ്യുകയും ചെയ്യുക: നിന്റെ ആഗ്രഹങ്ങൾ പൂർത്തിയാവാൻ വേണ്ടി." ഈ ആയത്തിൽ ആദ്യം പറഞ്ഞ രണ്ടു സമയങ്ങൾക്കു പുറമെ സുര്യോദയത്തിനു ശേഷമുള്ള സമയവും രാത്രിയുടെ ആദ്യത്തെയും അവസാനത്തെയും ഭാഗവും ദിക്റെ

ഇലാഹിക്ക് വളരെ പ്രയോജനകരമായ സമയമാണെന്നു മനസ്സി ലാക്കിത്തന്നിരിക്കുന്നു.

ദിക്ർ ചെയ്യാനുള്ള ആറാമത്തെ സമയം എല്ലാ ഓരോ നമസ്കാരാനന്തരവുമാണ്. റസൂൽ തിരുമേനിﷺ ഈ സമയങ്ങളിൽ പതിവായി ദിക്ർ ചെയ്യാറുണ്ടായിരുന്നു. അങ്ങിനെ അതു ഒരു സുന്നത്തായിത്തീർന്നിരിക്കുകയാണ്. ഇബ്നു അബ്ബാസ്ؓ പറയുന്നതു:-

اَنْتَ السَّلَامُ وَ مِنْکَ السَّلَامُ يَا ذَا الْجَلَالِ وَالْاِکْرَامِ എന്ന ദിക്ർ കേൾക്കുമ്പോൾ നമസ്കാരം അവസാനിച്ചുവെന്നു ഞങ്ങൾ മനസ്സിലാക്കിയിരുന്നുവെന്നാണ്. അപ്പോൾ നമസ്കാരാനന്തരം ചെയ്യേണ്ട ഒരു ദിക്ർ ഇതാണെന്നു മനസ്സിലായി. മറ്റൊരു ദിക്ർ സുബഹാനല്ലാഹ്, അൽഹംദുലില്ലാഹ്, അല്ലാഹു അക്ബർ എന്ന ദിക്റുകളാണ്. ഇതിൽ ആദ്യത്തെ രണ്ടും 33 പ്രാവശ്യവും അവസാനത്തേത് 34 പ്രാവശ്യവും ചൊല്ലേണ്ടതാണ്. ഈ ദിക്റിനെ കുറിച്ചു വിവിധ രൂപത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രബലമായ നിവേദനം ഈ വിവരിച്ച രീതിയിൽ തന്നെയാണെന്നാണ് മനസ്സിലാവുന്നത്.അതായത് ആദ്യത്തെ രണ്ട് ദിക്റുകളും 33 പ്രവശ്യവും മൂന്നാമത്തേത് 34 പ്രാവശ്യവും ചൊല്ലുക. നമസ്കാരത്തിന് ശേഷമുള്ള സമയം ദിക്റിനു നല്ല സമയമാണെന്നു മനസ്സിലായി. ആ സമയം തീർച്ചയായും ദിക്റ് ചൊല്ലേണ്ടതാണ്. എന്നെയും ഖലീഫത്തുൽ മസീഹ് അവ്വൽؓവിനെയും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മിനെയും കണ്ടുകൊണ്ട് ഞങ്ങൾ നമസ്കാരാനന്തരം ദിക്ർ ചെയ്യാറുണ്ടായിരുന്നില്ലെന്നും ചിലർ തെറ്റിദ്ധരിച്ചിരിക്കുകയാണ്. അതു ശരിയല്ല. ഹദ്റത്ത് മസീഹ് മൗഊദ് عليه السلامമും ഖലീഫത്തുൽ മസീഹ് അവ്വലും ദിക്ർ ചെയ്യാറുണ്ടായിരുന്നു. ഞാനും ചെയ്യാറുണ്ട്. പക്ഷെ ഉച്ചത്തിൽ ചെയ്യാറില്ലെന്നു മാത്രം.അതിനാൽ നമസ്ക്കാരത്തിന് ശേഷം അനിവാര്യമായും ദിക്റ് ചെയ്യേണ്ടതാണ്.

ദിക്റിനെ സംബന്ധിച്ച് മറ്റു ചില സൂക്ഷ്മതകൾ പാലിക്കേണ്ടതുണ്ട്. ഹദീസിൽ വ്യക്തമാകുന്ന ചില സന്ദർഭങ്ങളിലൊഴികെ

സദസ്സിൽ വെച്ച് ശബ്ദമുയർത്തി ദിക്ർ ചെയ്യരുത്. അങ്ങിനെ ചെയ്യുന്നതുകൊണ്ട് ചിലപ്പോൾ പ്രകടനാത്മകത സംജാതമാകാൻ ഇടവരുന്നതാണ്; മറ്റുള്ളവർക്ക് അതു നമസ്കരിക്കുന്നതിനും ദിക്ർ ചെയ്യുന്നതിനും വിഷമമുണ്ടാക്കുകയും ചെയ്യും.

ഓർമ്മവെയ്ക്കേണ്ടുന്ന മറ്റൊരു കാര്യമിതാണ്. പുതുതായി സ്വീകരിക്കുന്ന ചില സമ്പ്രദായം നമുക്കു ഭാരമായി തോന്നിയേക്കാം. അതു ചെയ്യാൻ ഹൃദയം വൈമനസ്യം കാണിച്ചുവെന്നും വരാം. അതുകൊണ്ടാണ് ചിലർ പറയുന്നത് ദിക്ർ ചെയ്യുന്നതിൽ ഹൃദയ സാന്നിദ്ധ്യം ഉണ്ടാകുന്നില്ലായെന്ന്. എന്നാൽ ഏതെങ്കിലും ഒരു കലയിൽ ഒരു വ്യക്തി ഒരു ദിവസംകൊണ്ടു പൂർണ്ണനായിത്തീരുമോ? ഒരിക്കലുമില്ല. പക്ഷെ മെല്ലെ മെല്ലെ അല്പ കാലത്തിനുശേഷമാണ് അതിലവൻ നിപുണനായിത്തീരുന്നത്. അതിനാൽ ആരംഭത്തിൽ ദിക്റെ ഇലാഹിയുടെ കാര്യത്തിൽ അവന് ഹൃദയ സാന്നിദ്ധ്യം ഉണ്ടാവുന്നില്ലെങ്കിലും അവന് അതു ഭാരമായിത്തോന്നുന്നുവെങ്കിലും അതിലവൻ പരിഭ്രമിക്കേണ്ടതില്ല. ക്രമത്തിൽ ഹൃദയം അതിൽ ഇണങ്ങിച്ചേരുന്നതാണ്. എന്നാൽ അതിനു വേണ്ടി ദിക്ർ നിലനിർത്തിപ്പോരേണ്ടതാവശ്യമാണ്.

ചിലർ പറയാറുള്ളത് ദിക്ർ ചെയ്യുന്നതിൽ ഒരു തരം ആനന്ദവും അഭിരുചിയും ഉണ്ടാകാറുണ്ടെന്ന്. പക്ഷെ മാനസികമായ ആനന്ദവും അഭിരുചിയും നാം അന്വേഷിക്കാതിരിക്കേണ്ടതാണ്. ദിക്ർ ചെയ്യുന്ന അവസരത്തിൽ നമ്മുടെ ലക്ഷ്യം ആനന്ദം ലഭിക്കുകയെന്നതായിരിക്കരുത്. അതൊരു ആരാധനയാണെന്നു കരുതിയായിരിക്കണം നാമത് നിർവ്വഹിക്കേണ്ടത്. ആനന്ദം യഥാർത്ഥമായ ഉദ്ദേശമല്ല; യഥാർത്ഥമായ ലക്ഷ്യം ആരാധനയാണ്. ആരാധന സ്വീകാര്യമാകുന്നത് അത് ആരാധനയാണെന്നു കരുതി ചെയ്യുമ്പോഴാണ്.

ദിക്ർ ചെയ്യാൻ ചില ദിവസങ്ങളിൽ മനസ്സിനു വികാസവും അഭിരുചിയും ഉണ്ടാകുന്നുവെങ്കിലും മറ്റു ചില ദിവസങ്ങളിൽ മനസ്സിന് ഇടുക്കവും സതംഭനാവസ്ഥയും അനുഭവപ്പെടുവെന്നു ചിലർ പറയുന്നു. അങ്ങിനെയുള്ളവരും പരിഭ്രമിക്കേണ്ടതില്ല. സ്തംഭനാവസ്ഥയും ഇടുക്കവും എല്ലാതരക്കാരായ ആളുകളിലും

ഉണ്ടാകാറുണ്ട്. ഒരവസരത്തിൽ ഒരു സഹാബി റസൂൽ തിരുമേനിﷺ യുടെ സദസ്സിൽ വന്നിട്ടു പറഞ്ഞു: 'ഹുസൂർ, ഞാൻ കപട വിശ്വാസിയാണ്.' ഹുസൂർ പറഞ്ഞു: അല്ല; നിങ്ങൾ മുസൽമാനാണ്; അദ്ദേഹം പറഞ്ഞു ഞാൻ അങ്ങയുടെ മുമ്പാകെ വരുമ്പോൾ സ്വർഗ്ഗവും നരകവും എന്റെ കൺമുമ്പാകെ ദൃശ്യമാകുന്നതുപോലെ തോന്നുന്നു; വീട്ടിൽ തിരിച്ചുചെല്ലുമ്പോൾ ആ ഒരവസ്ഥ ഇല്ലാതാവുന്നു. തിരുനബിﷺ പറഞ്ഞു: അതേ അവസ്ഥ തന്നെ സദാസമയവും നിങ്ങളിൽ നിലനിൽക്കുകയാണെങ്കിൽ നിങ്ങൾ മരിച്ചു പോകും. വാസ്തവമിതാണ്, എല്ലാ സമയവും മനുഷ്യനിൽ ഒരേ അവസ്ഥതന്നെ ഉണ്ടാവുകയാണെങ്കിൽ പിന്നെ അവ വികസിക്കാനും പുരോഗതി പ്രാപിക്കാനുമുള്ള കഴിവ് വിനഷ്ടമായിത്തീരുകയാണ് ചെയ്യുക. അതിനാൽ അല്ലാഹു ചിലപ്പോൾ മനുഷ്യനെ അവന്റെ യഥാർത്ഥ സ്ഥാനത്തുനിന്നു താഴോട്ട് കൊണ്ട് വരുന്നു. അത് അവൻ കൂടുതൽ ഉയരത്തിൽ കയറിച്ചാടാനും ഉയർന്ന പദവി കരസ്ഥമാക്കാനും വേണ്ടിയത്രെ. ചിലപ്പോൾ അല്ലാഹു അവനെ മേൽപ്പോട്ടുയർത്തുകയും ചെയ്യുന്നു.

സ്തംഭനാവസ്ഥയെകുറിച്ച് മനസ്സിലാക്കേണ്ടുന്ന കാര്യം, ഒരു തരത്തിലുള്ള ഇടുക്കവും സ്തംഭനാവസ്ഥയും നല്ലതും മറ്റൊരു തരത്തിലുള്ളത് ചീത്തയുമാണെന്നാകുന്നു. അതു തിരിച്ചറിയേണ്ടത് ഇങ്ങനെയാണ്. ദിക്ർ ചെയ്യുമ്പോഴുണ്ടാകുന്ന ആത്മീയാഭിരുചിയെക്കുറിച്ച് ഒരു പദവി നിശ്ചയിക്കുക. ഉദാഹരണമായി ഒന്നാമത്തെ പദവി. അതിനു മുകളിൽ രണ്ടും മൂന്നും നാലും അഞ്ചും പദവികൾ എന്നിങ്ങനെയുണ്ട്. രണ്ടാം പദവിയിലുള്ള ഒരാളിൽ സ്തംഭനാവസ്ഥ ഉണ്ടാവുകയും അത് അവനെ ഒന്നാം പദവിയിലേക്ക് താഴ്ത്തുകയുമാണ് ചെയ്യുന്നതെങ്കിൽ ആ സ്തംഭനാവസ്ഥ അവനെ സംബന്ധിച്ചിടത്തോളം ചീത്തയല്ല. അത് അവനിൽ പുരോഗതിയുണ്ടാക്കാനുള്ള സ്തംഭനാവസ്ഥയാണെന്നു കരുതാം. എന്നാൽ നാലാം പദവിയിലുള്ള ഒരാളെ സ്തംഭനാവസ്ഥ മൂന്നിനു പകരം രണ്ടാമത്തെയോ ഒന്നാമത്തെയോ പദവിയിലേക്കാണ് താഴ്ത്തുന്നതെങ്കിൽ ആ സ്തംഭനാവസ്ഥ അവനെ സംബന്ധിച്ചിടത്തോളം ആപൽക്കരമാണ്. അത്തരക്കാർ കൂടുതൽ സാഹ

സപ്പെട്ട് പരിശ്രമിക്കേണ്ടതാവശ്യമാണ്.

**നമസ്കാരം**

ഇനി ഞാൻ നമസ്കാരത്തെക്കുറിച്ചു പറയാം. ഇതു വളരെ ആവശ്യമായതും പ്രധാനപ്പെട്ടതുമായ 'ദിക്ർ' ആണ്. എന്തുകൊണ്ടെന്നാൽ നമസ്കാരത്തിൽ മനുഷ്യൻ നിന്ന് കൊണ്ടും കുനിഞ്ഞുകൊണ്ടും (റുകൂഅ്) സാഷ്ടാംഗം പ്രണമിച്ചുകൊണ്ടും (സുജൂദ്) ഇരുന്നു കൊണ്ടുമെല്ലാം ദിക്ർ ചെയ്യുന്നു. കൂടാതെ നമസ്കാരത്തിൽ ഖുർആൻ ഓതുന്നു, വേറെ ചില ദിക്റുകളും ചെയ്യുന്നു. ചുരുക്കത്തിൽ പലവിധ ദിക്റുകളുടെയും സമ്മിശ്രമായ ഒരു ആരാധനയാണ് നമസ്കാരമെന്ന് പറയാം. വളരെ വിശദീകരണം ആവശ്യമായ ഒരു വിഷയമായതിനാൽ തുടക്കത്തിൽ ഞാൻ ഇതിനെ വിട്ടുകളഞ്ഞതായിരുന്നു. എന്നാൽ ഇതിനെ കുറിച്ച് അൽപം വിശദീകരിക്കുകയാണ്.

നമസ്കാരം മൂന്നു തരത്തിലാണ്. 1) ഫർള് 2) സുന്നത്ത് 3) നഫൽ. ഫർള് നമസ്കാരവും സുന്നത്ത് നമസ്ക്കാരവും എല്ലാവരും നിർവ്വഹിക്കുന്നുണ്ട്. സുന്നത്തു നമസ്കാരം നിശ്ചയിച്ചിരിക്കുന്നത് ഫർള് നമസ്കാരത്തിൽ വന്ന് പോയേക്കാനിടയുള്ള തെറ്റുകൾക്കും കുറവുകൾക്കും ഒരു പരിഹാരമായിത്തീരാൻ വേണ്ടിയാണെന്ന് മനസ്സിലാക്കേണ്ടതാണ്. ദൈവ സന്നിധിയിൽ പൂർണ്ണമായ നമസ്കാരമല്ലാതെ അപൂർണ്ണമായ നമസ്കാരം സ്വീകാര്യമാവുകയില്ല. ഫർളു നമസ്കാരത്തിൽ എന്തെങ്കിലും ന്യൂനത വന്നു പോയാൽ സുന്നത്തു നമസ്കാരം മുഖേന അത് പരിഹരിക്കപ്പെടുന്നതാണ്. ഉദാഹരണമായി ഓരാൾക്ക് നമസ്കാരത്തിൽ ഒരു റകഅത്തിൽ വല്ല ചിന്തകളും കാരണം ശരിക്കും ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിച്ചില്ലെന്നു വന്നാൽ അക്കാരണത്താൽ അവന്റെ ആ റകഅത്ത് സ്വീകാര്യമായില്ലെന്നു വരാം. അതിനു പകരം സുന്നത്തു നമസ്കാരം അതിനു പരിഹാരമായിത്തീരുന്നതാണ്. റസൂൽ തിരുമേനിﷺക്ക് മനുഷ്യന്റെ മാനസിക നില നന്നായി അറിയാം. അതിനാലാണ് തിരുനബിﷺ ഫർളുകളോടൊപ്പം സുന്നത്തും നിശ്ചയിച്ചിരിക്കുന്നത്. അത് ആ പുണ്യപുമാൻ സമുദായത്തിനു ചെയ്തിരിക്കുന്ന വലിയൊരു

നന്മയാണ്.

ഇനി നഫലുകളെകുറിച്ചാണ് മനസ്സിലാക്കാനുള്ളത്. അത് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാനുള്ള മാർഗ്ഗമാണ്. അത് മനുഷ്യനെ മോക്ഷത്തിനു പുറമെ ഉന്നതമായ പദവി കരസ്ഥമാക്കാൻ സഹായിക്കുന്നു. അതിനാൽ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ ആഗ്രഹിക്കുന്നവർ നഫലിയായ (ഐച്ഛീകമായ) നമസ്കാരങ്ങൾ അധികമായി ചെയ്യാൻ ശ്രമിക്കേണ്ടതാണ്. പല നഫ്ലിയായ നമസ്കാരങ്ങളും ഉണ്ട്. ചിലത് പകലനുഷ്ഠിക്കേണ്ടവ, ചിലത് രാത്രിയനുഷ്ഠിക്കേണ്ടവ. മദ്ധ്യരാത്രി കഴിഞ്ഞു അനുഷ്ഠിക്കുന്നൊരു നഫൽ നമസ്കാരത്തിന് തഹജ്ജൂദ് നമസ്കാരമെന്നു പറയുന്നു.അതു പ്രധാനപ്പെട്ട ഒരു നമസ്കാരമാണ്. അതിന്റെ മഹത്വത്തെകുറിച്ച് അല്ലാഹു വിശുദ്ധ ഖുർആനിൽ ഇങ്ങിനെയാണ് വിവരിച്ചിരിക്കുന്നത്.

إِنَّ نَاشِئَةَ اللَّيْلِ هِيَ أَشَدُّ وَطْئًا وَأَقْوَمُ قِيلًا "രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കുന്നതു ആത്മാവിനെ നിയന്ത്രിക്കുന്നതിനും സംസാരത്തെ ഋജുവാക്കുന്നതിനുമുള്ള ഏറ്റവും നല്ല മാർഗ്ഗമാകുന്നു."

'തഹ്ജ്ജൂദ്' നമസ്കരിക്കുന്നവർക്ക് വമ്പിച്ച ആത്മീയ പരിഷ്കരണമുണ്ടാവുന്നതാണെന്നും പ്രത്യേകമായ ആത്മീയ കഴിവും ശക്തിയും ലഭ്യമാവുന്നതാണെന്നും അനുഭവം മുഖേന മനസ്സിലാക്കാവുന്നതാണ്. ബഹുമാന്യരായ സഹാബിമാർ പലരും അതു പതിവായി നിർവ്വഹിക്കാറുണ്ടായിരുന്നു. ഐച്ഛീകമായ നമസ്കാരമായിരുന്നിട്ട് പോലും 'തഹ്ജ്ജൂദ്' സഹാബിമാരിൽ ആരെലാം നിർവ്വഹിക്കാറുണ്ട്, ആരെല്ലാം നിർവ്വഹിക്കാറില്ലാ എന്ന് മനസ്സിലാക്കാൻ വേണ്ടി റസൂൽ തിരുമേനിﷺ രാത്രി സമയം ചുറ്റിക്കറങ്ങി നോക്കാറുണ്ടായിരുന്നു. ഒരവസരത്തിൽ ഒരു സദസ്സിൽ വെച്ചു അബ്ദുല്ലാഹിബ്നു ഉമറി﷜നെ കുറിച്ചുള്ള പ്രസ്താവമുണ്ടായി. അദ്ദേഹം നല്ലൊരു വ്യക്തിയാണെന്നും അദ്ദേഹത്തിൽ പല നല്ല ഗുണങ്ങളും ഉണ്ടെന്നും ആളുകൾ പറഞ്ഞു. ഇതുകേട്ടപ്പോൾ റസൂൽ തിരുമേനിﷺ പറഞ്ഞു 'അതേ, അദ്ദേഹം, നല്ലൊരാളു തന്നെയാണ്; അദ്ദേഹം 'തഹ്ജ്ജൂദ്' കൂടി നമസ്കരിക്കുമെ

ങ്കിൽ. അബ്ദുല്ലാഹിബ്നു ഉമർﷺ യുവാവായിരുന്നു. 'തഹ്ജ്ജൂദ്' നമസ്കരിക്കുന്ന കാര്യത്തിൽ അദ്ദേഹം മടികാണിക്കാറുണ്ടായിരുന്നു . അതിനാലായിരുന്നു റസൂൽ തിരുമേനി ഈ വിധത്തിൽ ഇതിലേക്ക് അദ്ദേഹത്തിന്റെ ശ്രദ്ധ തിരിച്ചത്.

ഹദ്റത്ത് റസൂൽ തിരുമേനിﷺ അരുൾ ചെയ്യുകയാണ്. രാത്രി സമയം തഹ്ജ്ജൂദ് നമസ്കരിക്കുന്നതിനു വേണ്ടി സ്വയം ഉണരുകയും തഹ്ജ്ജൂദ് നമസ്കരിക്കുകയും ഭാര്യയെ തഹ്ജ്ജൂദ് നമസ്കരിക്കാനായി ഉണർത്തുകയും ഉണർന്നില്ലെങ്കിൽ മുഖത്തു വെള്ളം കുടയുകയും ചെയ്യുന്ന ഭർത്താവിന്റെയും അതുപോലെ തന്നെ രാത്രി സ്വയം ഉണരുകയും തഹ്ജ്ജൂദ് നമസ്കരിക്കുകയും തഹ്ജ്ജൂദ് നമസ്കരിക്കാനായി ഭർത്താവിനെ ഉണർത്തുകയും ഉണർന്നില്ലെങ്കിൽ മുഖത്തു വെള്ളം കുടയുകയും ചെയ്യുന്ന ഭാര്യയുടെ യും മേൽ  അല്ലാഹുവിന്റെ അനുഗ്രഹം ഉണ്ടാകട്ടെ. ഭർത്താവിനെ ബഹുമാനിക്കണമെന്നു പഠിപ്പിക്കുന്ന റസൂൽ തിരുമേനിﷺ തന്നെയാണ് ഇവിടെ തഹ്ജ്ജൂദ് നമസ്കാരത്തിനുണർത്താനായി ഭർത്താവിന്റെ മുഖത്ത് വെള്ളം കുടയാനുള്ള അനുവാദം നൽകുന്നത്. തഹ്ജ്ജൂദ് നമസ്കാരത്തിനു എത്ര വലിയ പ്രാധാന്യമാണ് ആ പുണ്യപൂമാൻ നൽകിയിരിക്കുന്നതെന്ന് ഇതിൽനിന്നും മനസ്സിലാക്കാവുന്നതാണ്. രാത്രിയിൽ എഴുന്നേറ്റ് നമസ്കരിക്കുന്നതു ആത്മാവിനെ സംസ്കരിക്കുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. അക്കാരണത്താലാണ് രണ്ട് റക്കഅത്തെങ്കിലും തഹജ്ജൂദ് തീർച്ചയായും നമസ്കരിക്കേണമെന്ന് റസൂൽ തിരുമേനിﷺ സഹാബിവര്യൻമാരോട് ആജ്ഞാപിച്ചിരുന്നത്. രാത്രിയുടെ അവസാനയാമത്തിൽ അല്ലാഹു അടുത്ത് വരുന്നുവെന്നും പ്രാർത്ഥനകൾ വളരെ അധികമായി സ്വീകരിക്കുന്നുവെന്നും ഹദീസുകളിൽ നിന്നു തെളിയുന്നു. അതിനാൽ തഹജ്ജൂദ് നമസ്കരിക്കേണ്ടത് വളരെ ആവശ്യമാണെന്നും വളരെ പ്രയോജനകരമാണെന്നും മനസ്സിലാവുന്നു.

തഹജ്ജൂദ് നമസ്കരിക്കേണ്ടത് ആവശ്യവും പ്രയോജനകരവും തന്നെയാണ്. എന്നാൽ തഹ്ജ്ജൂദിന് വേണ്ടി രാത്രിയിൽ എങ്ങനെ ഉണരാൻ സാധിക്കും എന്നതാണ് പ്രശ്നം. അതിനു

വേണ്ടി നിസ്സാരമായ ഒരു വഴി ഞാൻ ആദ്യം പറയാം; അതിൽ ചില ദോഷങ്ങളുണ്ടെങ്കിലും ഇക്കാലത്ത് അലാറം ഘടിപ്പിച്ചിരിക്കുന്ന ടൈംപീസ് ലഭിക്കുന്നതാണല്ലോ. അതുമുഖേന രാത്രിയിൽ ഉണരാൻ സാധിക്കുന്നതാണ്. എന്നാൽ അത് പ്രയോജനകരമായ മാർഗ്ഗമല്ലെന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കാരണം നിശ്ചിത സമയത്തു ടൈംപീസ് ഉണർത്തുമെന്ന വിശ്വാസമുള്ളതുകൊണ്ട് സ്വയം ഉണർന്നു നമസ്കരിക്കാനുള്ള ശ്രദ്ധയും വിചാരവും നമുക്ക് ഉണ്ടാകുന്നതല്ല. അപ്പോൾ സ്വയം ഉണർന്നു നമസ്കരിക്കുക എന്ന നന്മ നമുക്കിവല്ലാതാകുന്നു. എന്നാൽ സ്വയം ഉണരണമെന്ന ഉദ്ദേശ്യത്തോടും ശ്രദ്ധയോടും കൂടിയാണ് ഒരാൾ ഉറങ്ങുന്നതെങ്കിൽ അയാളുടെ രാത്രിയിലെ മുഴുവൻ ഉറക്കവും ഒരാരാധനയായിത്തീരുകയാണ് ചെയ്യുക. എന്നാൽ അലാറം മുഖേന ഉണരാനുദ്ദേശിക്കുന്ന ഒരാൾ മടികാരണം അലാറം നിർത്തൽ ചെയ്തു തുടർന്നുറങ്ങിയെന്നും വരാം. ഉണരണമെന്ന ഉദ്ദേശ്യപൂർവ്വം ഉറങ്ങുന്ന ഒരാൾ നിശ്ചിത സമയത്ത് ഉണരുക തന്നെ ചെയ്യും. അലാറം മുഖേന ഉണരുന്ന ആൾക്ക് നമസ്കാരത്തിൽ ഉറക്കം വരുന്നതായ ആവലാതി ഉള്ളതായും കാണാം. അതിന്റെ കാരണവും അവർ സ്വയം ഉണരുന്നവരല്ല, അലാറം മുഖേന ഉണരുന്നവരാണ് എന്നതു തന്നെയാണ്. അതിനാൽ ഈ മാർഗ്ഗം വലിയ പ്രയോജനകരമായ മാർഗ്ഗമല്ല. പക്ഷെ ആരംഭഘട്ടത്തിലും പ്രത്യേകം ചില സന്ദർഭങ്ങളിലും പ്രയോജനകരമായിത്തീർന്നേക്കാം.

**തഹജ്ജുദിന് ഉണരുന്നതിനുള്ള മാർഗ്ഗങ്ങൾ**

എന്റെ അഭിപ്രായത്തിൽ രാത്രി 'തഹ്ജ്ജൂദ്'ന് വേണ്ടി ഉണരാൻ സഹായകമായിത്തീരുന്ന മാർഗ്ഗങ്ങൾ പതിമൂന്നുണ്ട്. ആ മാർഗ്ഗങ്ങൾ അനുസരിച്ചു വല്ലവരും പ്രവർത്തിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവർക്കു വിജയം കരസ്ഥമാക്കാൻ സാധിക്കുമെന്നാണ് എന്റെ ഉറച്ച വിശ്വാസം. ആരംഭത്തിൽ ഏത് കാര്യത്തിലും പ്രയാസങ്ങൾ ഉണ്ടായിരിക്കുമെന്നതു ശരിതന്നെ. എന്നാൽ അവസാനം അതു മുഖേന തീർച്ചയായും വിജയം കരസ്ഥമാക്കാൻ സാധിക്കും. ഇവിടെ ഞാൻ വിവരിക്കാൻ

പോകുന്ന കാര്യങ്ങൾ എല്ലാം തന്നെ വിശുദ്ധ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും നിഗമനം ചെയ്തവയാകുന്നു. എന്റെ സ്വന്ത മായിട്ടുള്ളവയല്ല. അല്ലാഹു അവന്റെ പ്രത്യേകമായ 'ഫള്ലു'കൊണ്ട് അവ എനിക്കു മാത്രം വെളിപ്പെടുത്തി തന്നി രിക്കുന്നു. മറ്റുള്ളവരിൽ നിന്ന് അവ മാഞ്ഞുകിടക്കുകയാണ്. സമയ പരിമിധി കാരണം ഞാനീ കാര്യങ്ങൾ നിഗമനം ചെയ്തിരിക്കുന്ന ആയത്തുകളും ഹദീസുകളും ഇവിടെ ഉദ്ധരിക്കാൻ ഉദ്ദേശിക്കു ന്നില്ല. നിഗമനം ചെയ്ത കാര്യങ്ങൾ മാത്രം വിവരിക്കാം.

**ഒന്നാമത്തെ മാർഗ്ഗം:-** അല്ലാഹു പ്രകൃതിയിൽ ഒരു നിയമം വച്ചി രിക്കുന്നു. ഏതൊരു സമയത്തു ഒരു സാധനം ഉത്ഭവിച്ചിട്ടുണ്ടോ അതെ സമയം വീണ്ടും വരുമ്പോൾ ആ സാധനത്തിൽ ഒരു ശക്തി അഥവാ ഒരു ആവേശം സംജാതമാകുന്നതാണ്. ഇതിന് പ്രകൃതി യിൽ ധാരാളം തെളിവുകൾ കാണാം. ഉദാഹരണമായി ശൈശവ കാലത്തു ഒരാൾക്കുണ്ടാകുന്ന രോഗം ശൈശാവസ്ഥക്ക് തുല്യമായ വാർദ്ധക്യ കാലത്തു അയാളിൽ മടങ്ങി വരുന്നതായി കാണാം. ഈ ഒരവസ്ഥ തന്നെ സസ്യങ്ങളിലും പറവകളിലും കാണാവു ന്നതാണ്. പ്രകൃതിയിലെ ഈ നിയമത്തിൽ നിന്ന് രാത്രി തഹ ജ്ജുദിന്റെ സമയത്തു ഉണരാനുള്ള ഒരു മാർഗ്ഗം കണ്ടെത്താം. അതി ങ്ങനെയാണ്. ഇശാ നമസ്കാരത്തിന് ശേഷം ഒരു നിശ്ചിത സമയം വരെ നാം ദിക്ർ ചെയ്തുകൊണ്ടിരിക്കുക. എത്ര സമയം നാം ദിക്ർ ചെയ്യുമോ പ്രഭാതത്തിന് അത്രയും സമയം മുമ്പ് ദിക്ർ ചെയ്യാനായി നമ്മുടെ കണ്ണ് തുറക്കുന്നതാണ് (നാം ഉറക്ക മുണരുന്നതാണ്).

**രണ്ടാമത്തെ മാർഗ്ഗം:-** ഇശാ നമസ്കാരത്തിന് ശേഷം ആരോടും സംസാരിക്കാതിരിക്കുകയെന്നുള്ളതാണ്. ഇശാ നമസ്കാരത്തിന് ശേഷം സംസാരിക്കുന്നതിനെ റസൂൽ തിരുമേനിﷺ നിരോധി ച്ചിരിക്കുന്നു. ചില സന്ദർഭങ്ങളിൽ ഇശാ നമസ്കാരാനന്തരം റസൂൽ തിരുമേനിﷺ സംസാരിച്ചതായി തെളിയുമെങ്കിലും പൊതു വിൽ അതിനെ വിരോധിക്കുകയാണ് ചെയ്തിരിക്കുന്നത്. ഇശാക്ക് ശേഷം സംസാരിക്കാൻ തുടങ്ങിയാൽ കൂടുതൽ നേരം ഉണർന്നി രിക്കാൻ ഇടവരുന്നതാണ്. അക്കാരണത്താൽ പ്രഭാതത്തിൽ എഴു

ന്നേൽക്കാനും താമസിച്ചേക്കും. പിന്നെ മതപരമല്ലാത്ത കാര്യങ്ങളാണ് സംസാര വിഷയമെങ്കിൽ നമ്മുടെ ശ്രദ്ധ ദീനിയായ കാര്യങ്ങളിൽ നിന്ന് അകന്നു പോകുകയും ചെയ്യും. അതുകൊണ്ടാണ് ഇശാനമസ്കാരാനന്തരം സംസാരിക്കാതെ കിടന്നുറങ്ങണമെന്നു റസൂൽ തിരുമേനിﷺ ആജ്ഞാപിച്ചിരിക്കുന്നത്. ദീനിയായ ചിന്തകളിൽ തന്നെ രാത്രി നമ്മുടെ കണ്ണ് അടയുകയും രാവിലെ നമ്മുടെ കണ്ണ് തുറക്കുകയും ചെയ്യട്ടെയെന്ന് കരുതിയാണ് റസൂൽ തിരുമേനിﷺ അങ്ങിനെ കൽപിച്ചിരിക്കുന്നത്. എന്നാൽ ഇശാക്ക് ശേഷം ഓഫീസ് സംബന്ധമായതോ അടിയന്തിരമായതോ ആയ വല്ല ജോലിയും ചെയ്യുന്നത് വിരോധമുള്ള കാര്യമല്ല. പക്ഷെ, ഉറങ്ങുന്നതിന് മുമ്പായി ദിക്ർ ചെയ്യേണ്ടതാവശ്യമാണ്.

**മൂന്നാമത്തെ മാർഗ്ഗം:-** ഇശാ നമസ്കാരത്തിനു ശേഷം ഉറങ്ങാനായി തയ്യാറാകുമ്പോൾ നമുക്ക് 'വുളു' ഉണ്ടെങ്കിലും പുതിയ 'വുളു'ചെയ്തുകൊണ്ട് വിരിപ്പിൽ കിടക്കേണ്ടതാണ്. അതിന്റെ ഫലമായി നമ്മുടെ ഹൃദയത്തിൽ പുതിയൊരു ഉന്മേഷം ഉണ്ടായി വരും. പുതിയ 'വുളു' വിന്റെ കാരണത്താൽ ഉണ്ടാവുന്ന നവചൈതന്യത്തോടുകൂടി നാം ഉറങ്ങുകയാണെങ്കിൽ ഉണരുമ്പോഴും നമുക്ക് നല്ലൊരു ഉന്മേഷം ഉണ്ടാകുന്നതാണ്. ദുഃഖത്തോട് കൂടിയോ കരഞ്ഞുകൊണ്ടോ കിടന്നുറങ്ങുകയാണെങ്കിൽ ഒരാൾ ഉണരുന്ന സമയത്തും പൊതുവെ ദുഃഖിതനായിരിക്കും. ചിലപ്പോൾ ഉറക്കത്തിൽ പെട്ടന്ന് കരഞ്ഞുകൊണ്ടയാൾ എഴുന്നേൽക്കുന്നതായും കാണാം. സന്തോഷത്തോടും ചിരിച്ചുകൊണ്ടും ഉറങ്ങുന്ന ഒരാൾ ഉണരുന്നതും ഉന്മേഷവനായിട്ടു തന്നെയായിരിക്കും. അതിനാൽ 'വുളു' ചെയ്തു നല്ല ഉന്മേഷത്തോടുകൂടി കിടന്നുറങ്ങുന്ന ഒരാൾ ഉന്മേഷഭരിതമായിത്തന്നെ ഉണരുന്നതുമാണ്. ഉറക്കത്തിൽ അയാളെ ഉണർത്താനും അത് സഹായിക്കും.

**നാലാമത്തെ മാർഗ്ഗം:-** ഉറങ്ങാൻ കിടക്കുമ്പോൾ എന്തെങ്കിലും 'ദിക്ർ' ചെയ്തിട്ട് ഉറങ്ങുക എന്നതാണ്. അതിന്റെ ഫലമായി രാത്രിയിൽ വീണ്ടും 'ദിക്ർ' ചെയ്യാനായി ഉണരുന്നതായിരിക്കും. ഹസ്റത്ത് റസൂൽ തിരുമേനിﷺ ഉറങ്ങാൻ കിടക്കുമ്പോൾ 'ആയത്തുൽ കുർസിയ്യും' 'സൂറത്തുൽ ഇഖ്ലാസും' 'സൂറത്തുൽ

ഫലഖും' 'സൂറത്തുന്നാസും' ഓതുകയും ഉള്ളം കൈകളിൽ ഊതുകയും കൈകൾ രണ്ടും മുഴുവൻ ശരീരത്തിൽ തടവുകയും ചെയ്തിരുന്നു. അതിനുശേഷം വലതു ഭാഗത്ത് മുഖം തിരിച്ചു കൊണ്ട് ഈ വാക്യം ഓതാറുണ്ടായിരുന്നു:

اَللّٰهُمَّ اَسْلَمْتُ نَفْسِی اِلَیْکَ وَ وَجَّهْتُ وَجْهِیَ اِلَیْکَ وَ فَوَّضْتُ اَمْرِی اِلَیْکَ رَغْبَةً وَّ رَهْبَةً اِلَیْکَ لَا مَلْجَأَ وَلَا مَنْجَأَ مِنْکَ اِلَّا اِلَیْکَ اٰمَنْتُ بِکِتَابِکَ الَّذِی اَنْزَلْتَ وَ نَبِیِّکَ الَّذِی اَرْسَلْتَ (ترمدی کتاب الدعوات)

*അല്ലാഹുമ്മ അസ്ലംത്തു നഫ്സീ ഇലൈക വ വജ്ജഹ്ത്ത വജ്ഹിയ ഇലൈക വ ഫവ്വള്ത്തു അംറീ ഇലൈക റഗ്ബത്തൻ വ റഹ്ബത്തൻ ഇലൈക ലാ മൽജഅ വലാ മൻജഅ മിൻക ഇല്ലാ ഇലൈക. ആമൻത്തു ബി കിത്താബിക്കല്ലദീ അൻസൽത്ത വ നബിയ്യിക്കല്ലദീ അർസൽത്ത*

പിന്നെ ഉറങ്ങുന്നതു വരെ ഏതെങ്കിലും 'ദിക്റോ'

سُبْحَانَ اللّٰهِ وَبِحَمْدِهٖ سُبْحَانَ اللّٰهِ الْعَظِيمِ സുബ്ഹാനല്ലാഹിവബിഹംദിഹി സുബ്ഹാനല്ലാഹിൽ അളീം എന്ന് ചൊല്ലിക്കൊണ്ട് കിടന്നിരുന്നു. എല്ലാ സത്യ വിശ്വാസികളും അപ്രകാരം തന്നെ ചെയ്യേണ്ടതാവശ്യമാണ്. മനുഷ്യൻ ഏതൊരവസ്ഥയിൽ ഉറങ്ങുന്നുവോ പൊതുവിൽ അതേ അവസ്ഥയിലായിരിക്കും മുഴുവൻ രാത്രിയിലും അവൻ കഴിഞ്ഞുകൂടുക. അതിനാൽ 'തസ്ബീഹും' 'തഹ്മീദും' ചെയ്തുകൊണ്ട് ഉറങ്ങുന്ന ആൾ മുഴുവൻ രാത്രിയിലും അതിൽ തന്നെ മുഴുകിയിരിക്കും. എന്തെങ്കിലും ദുഃഖത്തിലോ വേവലാതിയിലോ കിടന്നുറങ്ങുന്ന സ്ത്രീകളോ കുട്ടികളോ ഉറക്കത്തിൽ തിരിയുമ്പോഴും മറിയുമ്പോഴും വേദനയുടെയും ദുഃഖത്തിന്റെയും ശബ്ദങ്ങൾ പുറപ്പെടുവിക്കുന്നത് കാണാം. ഉറങ്ങാൻ കിടക്കുന്ന അവസരത്തിൽ അവർക്കുണ്ടായിരുന്ന ദുഃഖവും വേവലാതിയുമാണ് അതിനു കാരണം. അതിനാൽ 'തസ്ബീഹും' 'തഹ്മീദും' ചെയ്തുകൊണ്ട് ഉറങ്ങുന്ന ഒരാൾ ഉറക്കത്തിൽ തിരി

യുമ്പോഴും മറിയുമ്പോഴും 'തസ്ബീഹിന്റെയും തഹ്മീദിന്റെയും' ശബ്ദം പുറപ്പെടുവിക്കുന്നതാണ്. അതുകൊണ്ടാണ് വിശുദ്ധ ഖുർ ആനിൽ സത്യവിശ്വാസികളെക്കുറിച്ചു ഇങ്ങനെ പറഞ്ഞിരിക്കുന്നത്:

تَتَجَافَىٰ جُنُوبُهُمْ عَنِ الْمَضَاجِعِ يَدْعُونَ رَبَّهُمْ خَوْفًا وَطَمَعًا وَمِمَّا رَزَقْنَاهُمْ يُنفِقُونَ

"അവരുടെ ശരീരഭാഗങ്ങൾ വിരിപ്പിൽ നിന്നും വേറിട്ടു പോകുന്നു. ഭയത്തോടും ആകാംക്ഷയോടും കൂടി അവർ തങ്ങളുടെ റബ്ബിനെ വിളിച്ചുകൊണ്ടേയിരിക്കുന്നു. നാം അവർക്ക് നൽകിയതിൽ നിന്ന് അവർ ചെലവഴിക്കുകയും ചെയ്യുന്നു." (33:17)

ബാഹ്യമായി ഈ പറഞ്ഞത് ശരിയാണെന്നു തോന്നുകയില്ല. എന്തെന്നാൽ റസൂൽ തിരുമേനിﷺ യും ഉറങ്ങാറുണ്ടായിരുന്നു. മറ്റു സത്യവിശ്വാസികളും ഉറങ്ങുന്നവർ തന്നെയാണ്. എന്നാൽ അവർ 'തസ്ബീഹ്' ചെയ്തുകൊണ്ട് ഉറങ്ങുന്നവരായിരുന്നു. അതിനാൽ അവരുടെ ഉറക്കം ഉറക്കമല്ല; തസ്ബീഹ്' ആയിരുന്നു. ബാഹ്യമായി അവർ ഉറങ്ങുന്നവരായിരുന്നെങ്കിലും യഥാർത്ഥത്തിൽ അവർ ഉറങ്ങുന്നവരല്ല. അവരുടെ ദേഹങ്ങൾ വിരിപ്പിൽ നിന്നും വേറിട്ടു കൊണ്ടു ദൈവസ്മരണയിൽ കഴിച്ചു കൂട്ടുകയാണ്.

**അഞ്ചാമത്തെ മാർഗ്ഗം:-** ഉറങ്ങാൻ കിടക്കുമ്പോൾ 'തഹജ്ജൂദ്' നമസ്കാരത്തിനുവേണ്ടി തീർച്ചയായും എഴുന്നേൽക്കുമെന്ന് ദൃഢനിശ്ചയം ചെയ്യുകയാണ്. വളരെ ശക്തിയായ നിലയിൽ മനുഷ്യൻ അവന്റെ മനസ്സിനോട് ഒരാജ്ഞ നൽകിയാൽ അതു അനുസരിക്കുന്ന തരത്തിലുള്ള ഒരു പ്രകൃതിയാണ് അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്നത്. ബുദ്ധിമാൻമാരായ പലരും സമ്മതിക്കുന്ന യാഥാർത്ഥ്യമാണിത്. അതിനാൽ ഉറങ്ങാൻ പോകുന്ന അവസരത്തിൽ തഹജ്ജൂദിന് വേണ്ടി തീർച്ചയായും ഉണരുമെന്ന് സ്വയം ഒരു ദൃഢനിശ്ചയം ചെയ്യുക. ഇങ്ങനെ ചെയ്യുകയാണെങ്കിൽ നിങ്ങൾ ഉറങ്ങിയാലും നിങ്ങളുടെ ആത്മാവ് ഉറങ്ങാതെ ഉണർന്നു

കൊണ്ടേയിരിക്കും. ഇന്ന സമയത്ത് ഉണർത്തണമെന്ന് എനിക്ക് ആജ്ഞ ലഭിച്ചിരിക്കുന്നു എന്നൊരു ബോധം അതിനുണ്ടാവും. അങ്ങനെ നിശ്ചിത സമയത്ത് തന്നെ അത് നിങ്ങളെ ഉണർത്തുകയും ചെയ്യും.

**ആറാമത്തെ മാർഗ്ഗം:-** ഇത് ഞാൻ നല്ല വിശ്വാസ്യ ദാർഢ്യമുള്ളവർക്ക് മാത്രം അനുവദിക്കുന്നൊരു വഴിയാണ്. അവർ ഇശാ നമസ്കാരത്തോടൊപ്പം 'വിത്റ്' നമസ്കരിക്കാതെ അതിനെ തഹജ്ജുദിന്റെ സമയത്തു നമസ്കരിക്കാനായി നിറുത്തിവെക്കുകയെന്നതാകുന്നു. സാധാരണയായി മനുഷ്യൻ നിർബന്ധ കാര്യങ്ങൾ ശരിക്ക് നിർവ്വഹിക്കുന്നതാണ്. എന്നാൽ നഫ്ലിയായ (ഐച്ഛീകമായ) കാര്യങ്ങളിൽ മടി കാണിച്ചെന്നു വരാം. അതിനാൽ നഫലിയായ കാര്യത്തിന്റെ യൊന്നിച്ച് നിർബന്ധമായ കാര്യങ്ങൾകൂടി കൂട്ടിച്ചേർത്താൽ നിർബന്ധകാര്യം നിർവ്വഹിക്കാതെ അവന് സ്വസ്ഥതയുണ്ടാവില്ല. അക്കാരണത്താൽ നിർബന്ധ കാര്യത്തോടുകൂടിത്തന്നെ നഫ്ലിയായ കാര്യവും നിർവ്വഹിക്കുന്നതാണ്. വിത്റ് നമസ്കരിച്ചുറങ്ങിയാൽ തഹജ്ജുദിന്റെ സമയം ഉണർന്നാലും വിതർ നമസ്കരിച്ചു കഴിഞ്ഞല്ലോ ഇനി നഫൽ നമസ്കരിച്ചില്ലെങ്കിൽത്തന്നെ അതത്ര സാരമില്ലെന്ന് പറഞ്ഞ് മനസ്സ് അയാളെ ആശ്വാസപ്പെടുത്തും. വിത്ർ നമസ്കാരം ബാക്കിയുണ്ടെങ്കിൽ വിത്ർ നമസ്കരിക്കാനായി എഴുന്നേൽക്കുമ്പോൾ വിത്റിന്റെ കൂടെത്തന്നെ തഹജ്ജുദും നമസ്കരിച്ചെന്നു വരും. ഞാൻ ഈ വഴി അനുവദിക്കുന്നത് വിശ്വാസ്യദാർഢ്യമുള്ളവർക്ക് മാത്രമാണ്. വിത്റിനുവേണ്ടി ഉണരുമ്പോൾ അവർ തഹജ്ജൂദ് നമസ്ക്കരിക്കുന്നതാണ്. അല്ലാത്തവർക്ക് വിത്ർ നമസ്കാരം തന്നെ നഷ്ടപ്പെട്ടുപോകയാണ് ചെയ്യുക.

**ഏഴാമത്തെമാർഗ്ഗം:-** ഇതും ആത്മീയമായ നിലയിൽ ഉയർന്നവർക്കുള്ളതാണ്. ഇശാ നമസ്കാരാനന്തം നഫൽ നമസ്കരിച്ചുകൊണ്ടിരിക്കുകയെന്നുള്ളതാണത്. നമസ്കാരത്തിൽ തന്നെ ഉറക്കം വരത്തക്ക വിധത്തിൽ അധികനേരം നഫൽ നമസ്കരിച്ചുകൊണ്ടിരിക്കുകയും നമസ്കാരത്തിൽതന്നെ അസഹ്യമായ ഉറക്കം വന്നിട്ടു ഉറങ്ങുകയുമാണ്. ഈ വഴി സ്വീകരിക്കുന്നതിന്

സമയം അധികം പിടിച്ചേക്കും. എന്നിരുന്നാലും പ്രഭാതത്തിൽ നേരത്തെ ഉറക്കമുണരുന്നതാണ്. ഇതു ആത്മീയമായ ഒരു വ്യായാമം കൂടിയത്രെ.

**എട്ടാമത്തെ മാർഗ്ഗം:-** ഇത് നമ്മുടെ സൂഫിമാരിൽ പതിവുള്ളൊരു സമ്പ്രദായമാണ്. എനിക്കതിന്റെ ആവശ്യകത തോന്നിയിട്ടില്ല. എന്നിരുന്നാലും പ്രയോജനകരമാണ്. ഏതൊരു ദിവസം ഉറക്കത്തിന്റെ ആധിക്യം കാരണം കൃത്യ സമയത്ത് ഉണരുകയില്ലെന്ന് തോന്നുന്നുവോ ആ ദിവസം മൃദുലമായ വിരിപ്പ് നീക്കം ചെയ്യുകയെന്നതത്രെ അത്.

**ഒമ്പതാമത്തെ മാർഗ്ഗം:-** ഉറങ്ങുന്നതിനു മണിക്കൂറുകൾക്കു മുമ്പു തന്നെ ഭക്ഷണം കഴിക്കുക. മഗ്രിബിനു മുമ്പോ അല്ലെങ്കിൽ മഗ്രിബ് നമസ്ക്കരിച്ച ഉടനേയോ ഭക്ഷണം കഴിക്കുക. പലപ്പോഴും മനുഷ്യന്റെ ആത്മാവ് ഉന്മേഷമുള്ളതായിരിക്കുമെങ്കിലും ശരീരം അലസമായിരിക്കും. ശരീരം ഒരു ചട്ടകൂടാണ്. അതു ആത്മാവിനെ പൊതിഞ്ഞു കിടക്കുന്നു. ഈ ചട്ടക്കൂടിനു ഭാരം കൂടുമ്പോൾ ആത്മാവിലായിരിക്കും അതിന്റെ സമ്മർദ്ദം പതിയുക. അതിനാൽ ഉറങ്ങുന്ന സമയം ആമാശയം നിറഞ്ഞിരിക്കരുത്. നിറഞ്ഞാൽ അതിന്റെ ദോഷഫലം ഹൃദയത്തെ വളരെയധികം ബാധിക്കും. അതവനെ മടിയനാക്കിത്തീർക്കുകയും ചെയ്യും.

**പത്താമത്തെ മാർഗ്ഗം:-** മനുഷ്യൻ സ്ഖലിതാവസ്ഥയിലോ അശുദ്ധമായ അവസ്ഥയിലോ ഉറങ്ങരുതെന്നുള്ളതാണ്. മലക്കുകൾക്ക് പരിശുദ്ധിയുമായി വലിയ ബന്ധമുണ്ട്. മലിനരായ ആളുകളുടെ സമീപം മലക്കുകൾ വരികയില്ല. അവരിൽ നിന്ന് മലക്കുകൾ അകന്നു നിൽക്കും. ഒരവസരത്തിൽ രൂക്ഷ വാസനയുള്ള എന്തോ സാധനം റസൂൽ തിരുമേനിﷺയുടെ സദസ്സിൽ തിന്നാനായി കൊണ്ടു വന്നു. തിരുനബിﷺ സഹാബിമാരോട് ഞാൻ തിന്നുന്നില്ല നിങ്ങൾ തിന്നുകൊള്ളുകയെന്ന് പറഞ്ഞു. സഹാബിമാർ പറഞ്ഞു. ഞങ്ങളും തിന്നുന്നില്ല. അപ്പോൾ തിരുനബിﷺ പറഞ്ഞു അല്ല, നിങ്ങൾ തിന്നോളൂ. എന്നോടു മലക്കുകൾ സംസാരിക്കാറുണ്ട്. അതിനാലാണ് ഞാൻ തിന്നാത്തത്. അവർക്കത്തരം സാധനങ്ങളോട് വെറുപ്പാണ്. ചുരുക്കത്തിൽ അശുദ്ധിയെ

മലക്കുകൾ തീരെ ഇഷ്ടപ്പെടുന്നില്ല.

ഹ:ഖലീഫത്തുൽ മസീഹ് അവ്വൽﷺ പറയുകയാണ്. ഒരിക്കൽ ഞാൻ ഭക്ഷണം കഴിച്ചു കൈകഴുകാതെ ഉറങ്ങിപ്പോയി. സ്വപ്ന ത്തിൽ ഞാൻ എന്റെ സഹോദരൻ വന്നതായി കണ്ടു. അദ്ദേഹം എനിക്ക് വിശുദ്ധ ഖുർആൻ തരാനായി ഭാവിക്കുന്നു ഞാനതു വാങ്ങാനായി തുനിയുമ്പോൾ “നീ കൈകൊണ്ട് തൊടരുത് നിന്റെ കൈ അശുദ്ധമാണ്” എന്ന് സഹോദരൻ പറഞ്ഞു. ശരീരശുദ്ധിയും മനസ്സും തമ്മിൽ ഒരു ബന്ധമുണ്ടെന്നാണ് ഇതു മനസ്സിലാക്കിത്ത രുന്നത്. പരിശുദ്ധമായ അവസ്ഥയിൽ കിടന്നുറങ്ങുന്നവരെ മല ക്കുകൾ വന്നുണർത്തുന്നു. മലിനരായ ആളുകളുടെ സമീപം മല ക്കുകൽ വരികയില്ല. ഈ മാർഗ്ഗം ശരീര ശുദ്ധിയുമായി ബന്ധപ്പെട്ടതാണ്.

**പതിനൊന്നാമത്തെ മാർഗ്ഗം:-** നാം ഉറങ്ങുന്ന വിരിപ്പ് വൃത്തിയു ള്ളതായിരിക്കണം. പലരും ഇക്കാര്യം അത്ര ശ്രദ്ധിക്കാറില്ല. എന്നാൽ വിരിപ്പിന്റെ ശുദ്ധിയും ആത്മീയതയുമായി ഒരു പ്രത്യേക ബന്ധമുണ്ടെന്ന കാര്യം ഓർക്കണം. അതിനാൽ ഇക്കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**പന്ത്രണ്ടാമത്തെ മാർഗ്ഗം:-** ഭാര്യാ ഭർത്താക്കൻമാർ ഒന്നിച്ചു ഓരേ വിരിപ്പിൽ ഉറങ്ങാതിരിക്കുകയെന്നതാണ്. സാധാരണക്കാർക്ക് അങ്ങിനെ ഒന്നിച്ച് കിടക്കുന്നതുകൊണ്ട് ദോഷമുണ്ടാവും. പ്രത്യേകം ചിലർക്ക് അതുകൊണ്ടു ദോഷമുണ്ടായില്ലെന്നും വരാം. റസൂൽ തിരമേനിﷺ ഒന്നിച്ചുറങ്ങാറുണ്ടായിരുന്നു. എന്നാൽ തിരു മേനിയുടെ സ്ഥാനം ഉയർന്നതും ഉന്നതവുമാണ്. തിരുനബിﷺ യിൽ അതിന്റെ ദോഷഫലം ഉണ്ടാവുകയില്ല. മറ്റുള്ളവർ സൂക്ഷ്മത പാലിക്കേണ്ടതാണ്. കാര്യമിതാണ്. ശാരീരികമായ കാമ വികാ രങ്ങൾ എത്രകണ്ട് അധികമായിരിക്കുമോ അത്ര കണ്ട് അതു ആത്മീയതക്ക് തടസ്സമുണ്ടാക്കും. അതുകൊണ്ടാണ് തിന്നുകയും കുടിക്കുകയും ചെയ്യുക; എന്നാൽ ഒന്നിലും അമിതത്വം കൈക്കൊ ള്ളരുതെന്ന് ഇസ്ലാം ഉപദേശിച്ചിരിക്കുന്നത്. അത്തരം കാര്യങ്ങ ളിൽ അതിരു കവിയുമ്പോൾ കാമാസക്തി അധികരിക്കുകയും ആത്മീയാവസ്ഥക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്യും. അതിനാൽ

സ്വയം നിയന്ത്രിക്കാൻ കഴിയുന്നവർക്ക് ഭാര്യമാരോടൊപ്പം ഒരേ വിരിപ്പിൽ ഒന്നിച്ചുറങ്ങുന്നതുകൊണ്ടു തകരാറില്ല. എന്നാൽ സാധാരണക്കാർ ഒന്നിച്ചുറങ്ങാതിരിക്കുകയത്രെ നല്ലത്. അല്ലെങ്കിൽ അത്തരക്കാർക്ക് നിദ്രാവേളയിൽ കാമവികാരങ്ങൾ മൂർച്ഛിച്ചു കൊണ്ടേ വന്നേക്കും. ചിലപ്പോൾ അവർ ഉറക്കത്തിൽ തന്നെ സംയോഗം ചെയ്തുപോയെന്നും വരും. അത് ആത്മീയതക്ക് വിഘ്നാതമേൽപ്പിക്കുന്നതും ഉണരുന്നതിനു അലസത ഉണ്ടാക്കു ന്നതുമാണ്.

**പതിമൂന്നാമത്തെ മാർഗ്ഗം:-** ഇതു വളരെ ഉയർന്ന ഒരു മാർഗ്ഗമാ ണ്. അതു മനുഷ്യനെ തഹജ്ജുദിന് ഉണരാൻ സഹായിക്കുക മാത്രമല്ല മറ്റു പല നികൃഷ്ടവും നിന്ദ്യവുമായ കുറ്റകൃത്യങ്ങളിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യും. ഉറങ്ങാൻ പോകുന്നതിനു മുമ്പായി നമ്മുടെ ഹൃദയത്തിൽ വല്ലവരെ കുറിച്ചും എന്തെങ്കിലും പകയോ വെറുപ്പോ വിരോധമോ ഉണ്ടോയെന്ന് പരിശോധിച്ചു നോക്കുക. ഉണ്ടെങ്കിൽ അതു ഹൃദയത്തിൽ നിന്ന് തുടച്ചു മാറ്റേ ണ്ടതാണ്. അങ്ങിനെ ചെയ്താൽ അതിന്റെ ഫലമായി നമ്മുടെ അത്മാവ് ശുദ്ധമായിത്തീരുകയും തൽഫലമായി തഹജ്ജുദിനു വേണ്ടി ഉണരാൻ ഭാഗ്യം ലഭിക്കുകയും ചെയ്യുന്നതാണ്. അത്തരം നികൃഷ്ട വിചാരങ്ങൾ വീണ്ടും അവനിൽ സ്വാധീനം ചെലുത്തിയാലും രാത്രി ഉറങ്ങുന്നതിനു മുമ്പ് അത്തരം വിചാരങ്ങൾ ഏതായാലും നീക്കം ചെയ്യുക തന്നെ വേണം. എന്നിട്ടു ഹൃദയത്തെ ശുദ്ധമാക്കിക്കൊണ്ടു തന്നെ ഉറങ്ങേണ്ടതാ ണ്. അത്തരം വിചാരങ്ങളിൽ വല്ലവരും ഭൗതീകമായ വല്ല പ്രയോ ജനവും കാണുന്നുവെങ്കിൽ തന്നെ നിദ്രാവേളയിൽ അതിന്റെ ആവ ശ്യകതയല്ലെന്നു മനസ്സിനെ പറഞ്ഞു സമാധാനിപ്പിക്കേണ്ടതാണ്. അതൊക്കെ പകൽ ഓർമ്മവെക്കാം. രാത്രി ഉറങ്ങുമ്പോൾ ആരോടും കലഹത്തിനു പോകാനില്ലല്ലോ എന്നൊക്കെ പറഞ്ഞ് മനസ്സിനെ സമാശ്വസിപ്പിക്കണം. ഒരവസരത്തിൽ നിങ്ങളുടെ ഹൃദ യത്തിൽ നിന്ന് അത്തരം വിചാര വികാരങ്ങളുടെ വേരറുക്കാൻ കഴിഞ്ഞാൽ പിന്നെ അതു വരിക തന്നെ ചെയ്യുകയില്ല. പിന്നെ ഇത്തരം വിചാരങ്ങൾ മനസ്സിൽ വെക്കുന്നതുകൊണ്ടു എന്തെല്ലാം

ദോഷഫലങ്ങൾ ഉണ്ടാകുമോ അതിൽ നിന്നെല്ലാം അവൻ സുരക്ഷിതനായിത്തീരുകയും ചെയ്യും. ഒരു സാധനം മറ്റൊരു സാധനവുമായി എത്ര അധികനേരം സമ്പർക്കം പുലർത്തുമോ അത്ര കണ്ടു ആദ്യത്തെ സാധനം രണ്ടാമത്തെ സാധനത്തിൽ ഫലം ചെലുത്തുകയെന്നത് അംഗീകരിക്കപ്പെട്ട ഒരു വസ്തുതയാണ്. ഉദാഹരണമായി വെള്ളത്തിൽ മുക്കിവെച്ച ഒരു സ്പോഞ്ച് കഷ്ണം വെള്ളം വലിച്ചെടുക്കുന്ന ഏതെങ്കിലും ഒരു സാധനത്തിൻമേൽ വെച്ച് ഉടനെ തന്നെ എടുത്ത് മാറ്റിയാൽ അൽപം മാത്രമെ നനയുകയുള്ളൂ. എന്നാൽ സ്പോഞ്ച് ആ സാധനത്തിൻ മേൽ അധികനേരം വെക്കുകയാണെങ്കിൽ ആ സാധനം കൂടുതൽ വെള്ളം വലിച്ചെടുക്കുന്നതാണ്. ഇപ്രകാരം തന്നെ മനുഷ്യൻ ഏതൊരു വിചാരത്തിൽ നീണ്ട സമയം കഴിച്ചുകൂട്ടുമോ ആ വിചാരം മനസ്സിൽ കൂടുതൽ പതിയുന്നതായി കാണാം. ഉറങ്ങുന്ന സമയം മനുഷ്യൻ മനസ്സിൽ വച്ചുകൊണ്ടിരിക്കുന്ന വിചാരങ്ങൾ രാത്രി മുഴുവനും ആത്മാവ് ആവർത്തിച്ചു ചിന്തിക്കുന്നതാണ്. പകൽ സമയം അത്തരം വിചാരങ്ങളെകൊണ്ട് രാത്രി സമയത്തുണ്ടാകുന്നത്ര ദോഷം വരികയില്ല. കാരണം, മറ്റു പല ജോലികളിലും ഏർപ്പെടുന്നതു കാരണം മനുഷ്യനത് മറന്നു പോയേക്കും. രാത്രിയിൽ അത്തരം വിചാരങ്ങൾ ആവർത്താച്ചാവർത്തിച്ചു വന്നുകൊണ്ടിരിക്കും. അതിനാൽ ഉറങ്ങുന്ന വേളയിൽ അത്തരം വല്ല വിചാരങ്ങളുമുണ്ടെങ്കിൽ അതു മനസ്സിൽ നല്ലവണ്ണം പതിയുന്നതിനു മുമ്പേ അവ ഉടനെ നീക്കം ചെയ്യേണ്ടതാണ്. മനസ്സിൽ അതു പതിഞ്ഞു കഴിഞ്ഞാൽ പിന്നെയത് നിഷ്കാസനം ചെയ്യുന്നതു പ്രയാസകരമായിരിക്കും. രാത്രി ഉറക്കത്തിൽതന്നെ മരണം സംഭവിക്കുകയാണെങ്കിൽ പ്രായശ്ചിത്തത്തിനുള്ള സന്ദർഭവും നഷ്ടപ്പെട്ടു പോകും. ആത്മാവിനെ ഇത്തരം കാര്യങ്ങളെല്ലാം ഓർമ്മിപ്പിച്ചു ഭയപ്പെടുത്തേണ്ടതാണ്. ഒരു പ്രാവശ്യം അതു നീക്കം ചെയ്യുന്നതിൽ നിങ്ങൾ വിജയിച്ചാൽ നിങ്ങൾക്കതിൽ നിന്ന് തികച്ചും മോചനം ലഭിക്കും. അങ്ങനെ ഉറങ്ങുന്ന സന്ദർഭത്തിൽ മനസ്സ് ശുദ്ധമാക്കിക്കൊണ്ട് ചീത്തവിചാരങ്ങളിൽ നിന്നു പരിശുദ്ധമാക്കിയാൽ തഹജ്ജുദിനുള്ള സൗഭാഗ്യവും ലഭിക്കുന്നതാണ്.

## നമസ്ക്കാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള മാർഗ്ഗങ്ങൾ

ഇനി നമസ്കാരത്തിൽ ശ്രദ്ധ എങ്ങിനെ നിലനിർത്താം എന്ന തിനെകുറിച്ച് പറയാം. അതിനെപ്പറ്റി പലരും ചോദിക്കാറുണ്ട്. അതിന് പല മാർഗ്ഗങ്ങളുണ്ട്. അതിൽ ചിലത് നിങ്ങൾ ഉപയോഗ പ്പെടുത്തുന്നതു തന്നെയായിരിക്കും. എന്നാൽ ശരിക്കും പ്രയോജ നപ്പെടുത്തുന്നുണ്ടാവുകയില്ല. പ്രയോജനപ്പെടുത്തുന്നവർ തീർച്ച യായും അതിന്റെ ഫലം കരസ്ഥമാക്കുന്നുമുണ്ടാവും. ശ്രദ്ധ കേന്ദ്രീ കരിക്കാനായി 'ശരീഅത്ത് ', നമസ്കാരത്തിൽ തന്നെ ചില നിയ മങ്ങൾ നിശ്ചയിച്ചിരിക്കുന്നു. അജ്ഞതകാരണമായി അധികമാ ളുകളും അതിൽനിന്ന് ഫലം കരസ്ഥമാക്കുന്നില്ല. അതിന് പുറമെ ജനങ്ങൾക്കു പൊതുവെ അറിയാത്തതും അനുഷ്ഠാനത്തിൽ വരു ത്താത്തതുമായ ചില മാർഗ്ഗങ്ങളെക്കുറിച്ചും ഞാൻ വിവരിക്കാം. അവയനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ നമസ്കാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ സാധിക്കുന്നതാണ്.

ഞാൻ പറയാനുദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ വിവരിക്കുന്നതിനു മുമ്പായി ഒരു വസ്തുത ആദ്യമായി പറയേണ്ടതുണ്ട്. അതായത് ഏതെങ്കിലും ഒരു കാര്യം അനുഷ്ഠാനത്തിൽ വരുത്താൻ ഉദ്ദേശി ക്കുമ്പോൾ അതോടൊപ്പം തന്നെ അതിന്റെ പ്രയോജനത്തെക്കു റിച്ച് ചിന്തിച്ചുകൊണ്ടിരിക്കുകയും അതിൽ ഉറച്ച വിശ്വാസംവെച്ചു പുലർത്തുകയും ചെയ്യേണ്ടതാവശ്യമാണ്. അപ്പോൾ അതിൽ നിന്ന് കൂടുതൽ ഫലം കരസ്ഥമാക്കാം. അങ്ങിനെയുള്ള ഒരു പ്രകൃതി യാണ് അല്ലാഹു മനുഷ്യന് നൽകിയിരിക്കുന്നത്. യൂറോപ്പിൽ സാൻഡോ എന്നു പേരായ ഒരു വലിയ ഫയൽമാൻ ഉണ്ടായിരു ന്നു. അദ്ദേഹം എഴുന്നത്; ആരോഗ്യത്തിനും ശക്തിക്കും വേണ്ടി വ്യായാമം ചെയ്തുകൊണ്ടിരിക്കേണ്ടത് ആവശ്യം തന്നെയാണ്. എന്നാൽ അതോടൊപ്പം തന്നെ തങ്ങളുടെ കൈകാലുകൾ ശക്തി പ്പെട്ടു വരുന്നുണ്ടെന്ന ഒരു തോന്നലും വിശ്വാസവുംകൂടി ഉണ്ടാ യിരിക്കേണ്ടതാണ്. വ്യയാമം കൊണ്ടു തന്നെ കൈകാലുകൾ ശക്തിപ്പെട്ടു വരുമെങ്കിലും വ്യയാമം വ്യായാമമാണെന്ന് കരുതി ക്കൊണ്ട് അതിന്റെ ഫലം ശരീരത്തിന് ലഭിച്ചുകൊണ്ടിരിക്കുന്നു ണ്ടെന്ന വിശ്വാസത്തോട് കൂടിയും ചെയ്യുമെങ്കിൽ അതിൽ നിന്ന്

അധികം പ്രയോജനം കരസ്ഥമാക്കാം. അങ്ങിനെയൊരു തോന്നലും വിശ്വാസവും ഇല്ലാതെയാണ് വ്യായാമം ചെയ്യുന്നതെങ്കിൽ പ്രയോജനം താരതമേന്യ കുറഞ്ഞു പോവുന്നതാണ്. ഇനി നമസ്കാരത്തിൽ ശ്രദ്ധ നില നിർത്താൻ ഉതകുന്ന വഴികളെക്കുറിച്ചു പറയാം.

**ഒന്നാമത്തെ വഴി:-** ഇസ്ലാം ശരീഅത്ത്, നമസ്കാരത്തിൽ ശ്രദ്ധ നിലനിർത്താനായി ചില നിയമങ്ങൾ നിശ്ചയിച്ചിട്ടുണ്ട് അതിലൊന്നാണ് 'വുളു'. നമസ്കാരിക്കുന്നവരെല്ലാം 'വുളു' ചെയ്യേണ്ടതാവശ്യമാണ്. മനുഷ്യന്റെ വിചാരവികാരങ്ങൾ മറ്റുള്ളവരിൽ എത്തിക്കാനായി അല്ലാഹു ചില വഴികൾ ഉണ്ടാക്കിയിരുന്നു. അതിൽപ്പെട്ടതാണ് സിരകൾ (Nerves). അവ മുഖേന മനുഷ്യന്റെ വിചാരവികാരങ്ങളുടെ ഫലം ഇതരവസ്തുക്കളിൽ പതിയുന്നു. ഇക്കാരണത്താലാണ് രാത്രി ഉറങ്ങാൻ പോകുമ്പോൾ റസൂൽ തിരുമേനിﷺ 'ആയത്തുൽകുർസിയ്യ് ' ഓതി-ഊതിയിട്ട് ദേഹത്തിൽ തടവിയിരുന്നത്. ഇതൊരു അർത്ഥ രഹിതമായ പ്രവർത്തിയാണോ? അല്ല; ഒരിക്കലുമല്ല. വിചാരവികാരങ്ങളുടെ ഫലം സിരകൾ മുഖേനയും ശബ്ദം മുഖേനയും ഊത്ത് മുഖേനയും അന്യ സാധനങ്ങളിലേക്ക് നീങ്ങുന്നതിനാൽ ആ മൂന്ന് വഴികളും റസൂൽ തിരുമേനിﷺ പ്രയോജനപ്പെടുത്തുകയാണ് ചെയ്തത്. 'ആയത്തുൽകുർസിയ്യ് ' വായകൊണ്ടു ഓതുകയും ഉള്ളം കൈയ്യിൽ ഊതുകയും കൈ രണ്ടും ശരീരമാസകലം തടവുകയും ചെയ്തിരുന്നു. ചുരുക്കത്തിൽ ശബ്ദം, അവയവങ്ങൾ, നോട്ടം, ഊത്ത് മുതലായവയെല്ലാം വിചാര വികാരങ്ങൾ ബഹിർഗമിപ്പിക്കാനുള്ള മാർഗ്ഗങ്ങളാണ്. പുണ്യാത്മാക്കളായ മഹാൻമാർ മന്ത്രിച്ചതായി തെളിയുന്നുണ്ട്. റസൂൽ തിരുമേനിﷺ യും മന്ത്രിച്ചതായി തെളിയുന്നു.

വിചാര വികാരങ്ങൾ സിരകൾ മുഖേന പുറത്തു പോവുകയും ചിതറിപ്പോവുകയും ചെയ്യുന്നതുകൊണ്ട് അതിനെ നിയന്ത്രിച്ചു നിർത്താൻ വേണ്ടിയാണ് റസൂൽ തിരുമേനിﷺ 'വുളു'. ചെയ്യാൻ കൽപിച്ചിരിക്കുന്നത്. വിചാരങ്ങൾ പുറത്തുപോകുന്ന പ്രധാന വഴികൾ കൈകാലുകളും മുഖവുമാണ്. അവയിൽ വെള്ളമൊഴിക്കുകയാണെങ്കിൽ അതിൽകൂടി ബഹിർഗമിക്കുന്ന വിചാര വികാര

ങ്ങൾ നിയന്ത്രിക്കപ്പെടുകയും നിന്നുപോവുകയും ചെയ്യുമെന്നാണ് അനുഭവത്തിൽ നിന്ന് മനസ്സിലാവുന്നത്. ഇതൊരു അംഗീകരിക്കപ്പെട്ട വസ്തുതയാണ്. വുളു നിശ്ചയിക്കപ്പെട്ടതിനു പല ഉദ്ദേശങ്ങളും ഉണ്ടെങ്കിലും ഇതും അതിൽ ഒന്നത്രെ. വിചാരവികാരങ്ങൾ നിയന്ത്രിക്കപ്പെടുമ്പോൾ ശ്രദ്ധ നില നിൽക്കുന്നതാണ്. അപ്പോൾ ശ്രദ്ധ നിലനിർത്താൻ സുപ്രധാനമായൊരു മാർഗ്ഗമാണ് 'വുളു'. എന്നാൽ വുളു ചെയ്യാനിരിക്കുമ്പോൾ വികാരവിചാരങ്ങളെ നിയന്ത്രിക്കാൻ വേണ്ടിയാണ് ഇതു ചെയ്യുന്നതെന്ന തോന്നലും വിശ്വാസവും ഉണ്ടായിരിക്കേണ്ടതാവശ്യമാണ്. അങ്ങനെ ചെയ്താൽ നമസ്കാരത്തിൽ മനസ്സമാധാനം കൈവരുന്നതാണ്; മറ്റു വിചാരങ്ങൾ നമ്മുടെ ശ്രദ്ധയെ തെറ്റിച്ചു കളയുകയുമില്ല.

**രണ്ടാമത്തെ വഴി:-** പള്ളിയിൽ വെച്ച് നമസ്കരിക്കണമെന്ന നിർദ്ദേശമാകുന്നു. ഒരു കാര്യവുമായി ബന്ധപ്പെടുമ്പോൾ അക്കാര്യവുമായി ബന്ധമുള്ള മറ്റു കാര്യങ്ങളും ഓർമ്മ വരികയെന്നുള്ളതു മനുഷ്യ പ്രകൃതമാണ്. സൈദിനെ കാണുമ്പോൾ അവന്റെ മകൻ ബകറിനെയും ഓർമ്മ വരുന്നു. ബകർ അപ്പോൾ മുമ്പാകെ ഉണ്ടാകുന്നുമില്ല. സൈദിനെ കണ്ടതുകൊണ്ട് മാത്രമാണ് ബകറിനെ ഓർമ്മ വന്നതു. മനുഷ്യന്റെ തലച്ചോറിന്റെ ഘടനതന്നെ ആ വിധത്തിലാണ്. നമസ്കാരവുമായി യാതൊരു വിധത്തിലും ബന്ധമില്ലാത്ത ഒരു സ്ഥലത്തു വച്ചാണ് നാം നമസ്കരിക്കുന്നതെങ്കിൽ പ്രത്യേകമായൊരു കാര്യവും സ്മരണയിൽ വന്നില്ലായെന്നു വരാം. എന്നാൽ രാത്രിയും പകലും അല്ലാഹുവിനു ആരാധന ചെയ്തു കൊണ്ടിരിക്കുന്ന, അല്ലാഹുവിന്റെ ഭവനം എന്ന് പറയപ്പെടുന്ന ഒരു സ്ഥലത്ത് വെച്ചാണ് നാം നമസ്കരിക്കുന്നതെങ്കിൽ ആ ഭവനത്തിന്റെ നാഥനായ അല്ലാഹുവിനെ സ്മരിക്കുകയും ആ ഭവനത്തിന്റെ നാഥന്റെ മുമ്പിലാണ് നാം നിൽക്കുന്നതെന്നും അവനെ പൂർണ്ണമായും അനുസരിക്കേണ്ടതു ഞങ്ങളുടെ കടമയാണെന്നുമുള്ള ഒരു തോന്നൽ തീർച്ചയായും നമുക്ക് ഉണ്ടാവും. ഇക്കാരണത്താലാണ് വീടുകളിൽ നമസ്കാരത്തിനായി മാത്രം പ്രത്യേകം ഒരു സ്ഥലം നിശ്ചയിച്ചു വെക്കണമെന്നു മുസ്ലിങ്ങളോട് റസൂൽ തിരുമേനിﷺ പറഞ്ഞിരിക്കുന്നത്. ഒരുപക്ഷെ പള്ളിയിൽ പോയി

നമസ്ക്കരിക്കുന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഇതാണെന്ന് ഇതുവരെ നിങ്ങളുടെ മനസ്സിൽ വന്നിട്ടുണ്ടാകില്ല. എന്നാൽ പള്ളിയിൽ നമസ്കരിക്കുന്നതിന്റെ തത്വ രഹസ്യം മനസ്സിലാക്കിക്കൊണ്ട് ആ ഉദ്ദേശത്തോടുകൂടി നമസ്കരിക്കുകയാണെങ്കിൽ മറ്റു ചിന്തകൾ നിലച്ചുപോവുകയും മനഃശ്ശാന്തി കൈവരികയും നമസ്കാരത്തിൽ ശ്രദ്ധ നിലനിൽക്കുകയും ചെയ്യുന്നതാണ്.

**മൂന്നാമത്തെ വഴി:-** 'ഖിബ്‌ല'യുടെ നേരെ മുഖം തിരിച്ച് നമസ്കരിക്കാനുള്ള നിർദ്ദേശമാകുന്നു. പരിശുദ്ധ മക്കയക്ക് പല പ്രത്യേകതകളുമുണ്ട്, കുടിക്കാൻ വെള്ളമോ ഭക്ഷിക്കാൻ ധാന്യമോ രക്ഷാ ഏർപ്പാടുകളോ ഇല്ലാത്ത വിജനമായ ആ പ്രദേശത്താണ് മഹാനായ ഒരു മനുഷ്യൻ അല്ലാഹുവിന്റെ കൽപനയനുസരിച്ച് തന്റെ പ്രിയപ്പെട്ട ഭാര്യയെയും കുട്ടിയെയും ഉപേക്ഷിച്ചിരുന്നത്. അല്ലാഹുവിന് വേണ്ടി ചെയ്ത ഒരു ത്യാഗമായിരുന്നു അത്. അതിന്റെ ഫലമായി അല്ലാഹു ആ മഹാനുഭാവന്റെ സന്താന പരമ്പരകളിൽ ആകാശത്തിലെ നക്ഷത്രങ്ങളെപോലെ എണ്ണിക്കണക്കാക്കാൻ കഴിയാത്ത വിധം വർദ്ധനവ് നൽകി. അദ്ദേഹത്തിന്റെ സന്താന പരമ്പരയിൽ അല്ലാഹു എത്രയോ പ്രവാചകൻമാരെ നിയോഗിക്കുകയും ചെയ്തു. പിന്നെ മനുഷ്യരാശിക്കാകമാനം പ്രവാചകനായി നിയോഗിക്കപ്പെട്ട ഒരു മഹാത്മാവിനെയും അതേ സന്താന പരമ്പരയിൽ നിന്നു തന്നെ എഴുന്നേൽപിച്ചു. മക്കയുടെ ഭാഗത്തേക്ക് മുഖം തിരിച്ചു നമസ്കരിക്കാൻ പറഞ്ഞതിന്റെ തത്വ രഹസ്യം മനസ്സിലാക്കുന്ന ഒരാളിൽ ഉടനെ തന്നെ ഹദ്റത്ത് ഇസ്മായിൽ ﷺ ലിന്റെ ചരിത്ര സംഭവം ഓർമ്മ വരുന്നതും അദ്ദേഹത്തിന്റെ ഹൃദയത്തിൽ ആഴമായ ഫലം ഉളവാക്കുകയും ചെയ്യുന്നതുമാണ്. അപ്പോൾ ഏതൊരു അല്ലാഹുവിന് വേണ്ടിയാണോ ഞാൻ നമസ്കരിക്കുന്നത് അവൻ വളരെ ഉന്നതനും ശക്തനും മഹാനുമാണെന്ന ഒരു ബോധം അവന്റെ മനസ്സിൽ അങ്കുരിക്കുന്നതും അല്ലാഹുവിന്റെ മഹാത്മ്യത്തെ ഓർത്ത് ഭയപ്പെടുന്നതുമാണ്. ആ ഭയഭക്തിയുണ്ടാകുമ്പോൾ ഇതര ചിന്തകൾ വിട്ടു മാറുകയും നമസ്കരാത്തിൽ ശ്രദ്ധ നിലനിൽക്കുകയും ചെയ്യുന്നതാണ്.

**നാലാമത്തെ വഴി:-** നമസ്കാരത്തിന് മുമ്പ് ബാങ്ക് വിളിക്കാനുള്ള നിർദ്ദേശമാണ്. 'അല്ലാഹു അക്ബർ' 'അല്ലാഹു അക്ബർ' എന്നു ബാങ്കിൽ വിളിച്ചു പറയുമ്പോൾ തന്നെ നമസ്കാരം ആരംഭിക്കാൻ പോകുന്നില്ല. നമസ്കരിക്കുന്നവർക്ക് വിവരം നൽകുകയാണ്. ഇതാ നമസ്കാരത്തിനുള്ള സമയമായിരിക്കുന്നു; നിങ്ങൾ ശരിക്കും ചിന്തിച്ച് മനസ്സിലാക്കി പള്ളിയിൽ വരേണ്ടതാണ്. ഉന്നതനും മഹത്വവാനും ആയ അല്ലാഹുവിന്റെ മുമ്പാകെയാണ് നിങ്ങൾക്ക് സന്നിഹിതരാകോണ്ടത്. ബാങ്ക് വിളി കേൾക്കുമ്പോൾ അല്ലാഹുവിന്റെ സ്ഥാന മഹാത്മ്യത്തെ കുറിച്ചുള്ള ബോധം ഉണ്ടായി വരുന്നതും ഹൃദയത്തിൽ അവനെ കുറിച്ചുള്ള ഭയഭക്തി ജനിക്കുന്നതും അക്കാരണത്താൽ നമസ്കാരത്തിൽ ശ്രദ്ധ നില നിൽക്കുന്നതുമായിരിക്കും.

പിശാചിനെ ആട്ടിയോടിക്കാൻ വേണ്ടിയാണ് ബാങ്ക് വിളിക്കുന്നതെന്ന് റസൂൽ തിരുമേനിﷺ അരുൾ ചെയ്തിരിക്കുന്നു. ബാങ്ക് വിളി കേൾക്കുമ്പോൾ ശൈത്താൻ ഓടിപ്പോകുന്നുവെന്നും ഹദീസിൽ വന്നിരിക്കുന്നു. അതിന്റെ വിവക്ഷ ബാങ്ക് വിളി കേൾക്കുമ്പോൾ അല്ലാഹുവിന്റെ പ്രതാപത്തെയും സ്ഥാന മഹാത്മ്യത്തെയും കുറിച്ചുള്ള ബോധം നമ്മിൽ പൊങ്ങി വരും എന്നതാണ്. ഈ തത്വം മനസ്സിലാക്കുന്ന ഒരാളിൽ ബാങ്ക് വിളി കേൾക്കുമ്പോൾ ഇക്കാര്യം ഓർമ്മ വരുന്നതും മറ്റു വിചാരങ്ങൾ അകന്നു പോകുന്നതുമാകുന്നു. ഒരു വിചാരമുണ്ടാവുമ്പോൾ മറ്റു ചിന്തകൾ അകന്നു പോകുന്നുവെന്നത് പ്രകൃതി നിയമമത്രെ. അല്ലാഹുവിനെ കുറിച്ചുള്ള വിചാരമുണ്ടാകുമ്പോൾ മറ്റു വിചാരങ്ങൾ ഇല്ലാതാകുന്നതും നമസ്കാരത്തിൽ ശ്രദ്ധ നില നിൽക്കുന്നതുമായിരിക്കും.

**അഞ്ചാമത്തെ വഴി:-** ഇഖാമത്താണ്. ബാങ്കിൽ അടങ്ങിയിരിക്കുന്ന തത്വം തന്നെയാണ് ഇഖാമത്തിലും ഉള്ളത്. അല്ലാഹുവിന്റെ ശക്തി മഹാത്മ്യത്തെക്കുറിച്ചുള്ള ബോധം ഇഖാമത്തിന്റെ അവസരത്തിലുമുണ്ടാകുന്നതാണ്. ഇഖാമത്തിനെക്കുറിച്ച് റസൂൽ തിരുമേനിﷺ പറഞ്ഞിരിക്കുന്നത് അതിന്റെ ശബ്ദം കേൾക്കുമ്പോൾ പിശാച് ഓടിപ്പോകുന്നുവെന്നാണ്. അതിന്റെ ഉദ്ദേശ്യവും ഇഖാ

മത്ത് കാരണമായി വിവിധ വിചാരങ്ങൾ അകന്നു പോവുകയും അല്ലാഹുവിനെക്കുറിച്ചുള്ള ചിന്ത മാത്രം അവശേഷിക്കുകയും ചെയ്യുമെന്നതത്രെ. അക്കാരണത്താൽ നമസ്കാരത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു നിർത്താൻ സാധിക്കുന്നതാണ്.

**ആറാമത്തെ വഴി:-** നമസ്കാരത്തിനു നിൽക്കുമ്പോൾ വളവില്ലാത്ത സഫ്ഫായി നിൽക്കാനുള്ള നിർദ്ദേശമാണ്. ബാഹ്യമായ ക്രമീകരണം വിചാരത്തിലും ക്രമീകരണമുണ്ടാക്കുന്നു. അത് ചിന്തയിൽ വികേന്ദ്രീകരണം ഉണ്ടാക്കുവാൻ അനുവദിക്കുന്നതല്ല. ബാഹ്യമായ നിലയിൽ നേരെയുള്ള സഫ്ഫുണ്ടാക്കുമ്പോൾ ആന്തരീകമായ ആവേശങ്ങളും ഒരേ ചരടിൽ കോർത്തിണക്കപ്പെടും. ചക്രവർത്തിമാരുടെയെല്ലാം ചക്രവർത്തിയായ ഉന്നതനായ അല്ലാഹുവിന്റെ മുമ്പാകെ നിശ്ചലരായി മൗനമായി ഭക്തിയോടെ വരിവരിയായി നിൽക്കുന്ന രൂപങ്ങൾ തന്നെ എത്ര ഭക്തിജനകങ്ങളും ഗൗരവാവഹങ്ങളും ആയവയാണ്. സഫ്ഫ് നേരെയാക്കുക അല്ലെങ്കിൽ ഹൃദയം വളഞ്ഞു പോകുന്നതാണ് എന്ന് റസൂൽﷺ പറഞ്ഞിരിക്കുന്നു. ബാഹ്യമായ അവസ്ഥക്കനുസരിച്ച് ആന്തരീകമായ അവസ്ഥയിലും മാറ്റം വരുന്നതാണ്. ബാഹ്യമായ ക്രമീകരണമില്ലെങ്കിൽ ആന്തരീകമായ ക്രമീകരണത്തിനു വ്യതിയാനം സംഭവിക്കും. സഫ്ഫ് വളഞ്ഞു പോകാതെ ശരിപ്പെടുത്തണമെന്ന് കൽപിച്ചതിന്റെ തത്വ രഹസ്യവും അത് തന്നെ.

**ഏഴാമത്തെ വഴി:-** നമസ്കരിക്കാനുള്ള 'നിയ്യത്ത്' ആകുന്നു. മനുഷ്യൻ തന്റെ ആത്മാവിനോട് ഞാൻ ഇന്ന കാര്യത്തിന് വേണ്ടി സന്നദ്ധനായി നിൽക്കുകയാണെന്ന് മനസ്സിലാക്കി കൊടുക്കുമ്പോൾ ശ്രദ്ധ ആ ഭാഗത്തേക്ക് തിരിയും. നിയ്യത്ത് കൊണ്ട് അർഥമാക്കുന്നത് ഞാൻ ഈ ഇമാമിന്റെ പിന്നാലെ ഇത്ര 'റകഅത്ത് ' ഖിബ്ലയുടെ ഭാഗത്തേക്ക് മുഖം തിരിച്ചു നമസ്കരിക്കുന്നു എന്നിങ്ങനെയുള്ള വചനങ്ങൾ ഉരുവിടുകയല്ല; മനസ്സിൽ തന്നെ നമസ്കരിക്കുന്നുവെന്ന ഉദ്ദേശ്യം ഉണ്ടായിരിക്കുക എന്നതാണ്.

ഒരാളെ പറ്റി പറയപ്പെടുന്നു; നിയ്യത്തിന്റെ കാര്യത്തിൽ അയാൾക്ക് ഒരു ഭ്രാന്തമായ ആവേശമായിരന്നു. അയാൾ

ഒന്നാമത്തെ സഫ്ഫിന് പിന്നിലുള്ള ഏതെങ്കിലും ഒരു സഫ്ഫിൽ നിന്നുകൊണ്ട് ഞാൻ ഈ ഇമാമിന്റെ പിന്നിൽ നമസ്ക്കരിക്കുന്നുവെന്ന് നിയ്യത്ത് ചെയ്യുമ്പോൾ എന്റെ നേരെ മുമ്പിൽ ഇമാമല്ല, മറ്റൊരാളണല്ലോ എന്ന സന്ദേഹം ഉടലെടുക്കുകയും മുന്നിലേക്ക് കയറിനിന്നുകൊണ്ട് വീണ്ടും നിയ്യത്ത് വെക്കുകയും ചെയ്യുന്നു. പിന്നെയും അയാൾക്ക് സംശയം ജനിക്കുന്നു. അപ്പോൾ അയാൾ ഇമാമിന്റെ പിറകിൽ പോയി നിന്നുകൊണ്ട് ഇമാമിനെ കൈകൊണ്ട് തൊട്ട് ഞാൻ ഇമാമിന്റെ പിന്നിൽ തന്നെയാണെന്ന് വീണ്ടും നിയ്യത്ത് വെക്കുന്നു. ഇത്തരത്തിൽ ഊഹത്തിലകപ്പെട്ടിരിക്കുന്ന ആളുകൾ തികച്ചും തെറ്റാണ് ചെയ്തുകൊ ണ്ടിരിക്കുന്നത്. തൽഫലമായി നിയ്യത്ത് തന്നെ അപകടകരമായിതീരുന്നു. അത്തരം നിയ്യത്ത് തന്നെ ഒരു ഫലവും നല്കാതെ വിഷമകരമായിതീരുന്നു. നിയ്യത്ത് യഥാർത്ഥ ത്തിൽ ഹൃദയത്തിൽ നിന്നുണ്ടാകേണ്ടതാണ്. ബോധപൂർവ്വമായി രിക്കണം നമസ്കാരത്തിൽ പ്രവേശിക്കേണ്ടത്. ചില ആളുകൾ നമസ്ക്കാരത്തിന് എഴുന്നേറ്റ് നിൽക്കുന്ന സമയത്ത് അവർ എന്താണ് ചെയ്യാൻ പോകുന്നതെന്ന്പോലും അവർക്കറിവുണ്ടാ വുകയില്ല. നിങ്ങൾ നമസ്കരിക്കാൻ തുടങ്ങുമ്പോൾ ബോധപൂർവ്വം നിയ്യത്ത് വെക്കുക. അപ്രകാരം ബോധത്തോടുകൂടി നമസ്കരിക്കാൻ തുനിയുമ്പോൾ നിങ്ങളുടെ ഹൃദയത്തിൽ ഭയഭക്തി ജനിക്കുന്നതും തൽ ഫലമായി ശ്രദ്ധ നിലനിൽക്കുന്നതുമാ യിരിക്കും.

**എട്ടാമത്തെ വഴി:** ജമാഅത്തായുള്ള നമസ്കാരമാണ്. ജമാഅ ത്തായുള്ള നമസ്കാരമാവുമ്പോൾ അല്ലാഹുവിന്റെ സ്ഥാന മഹാ ത്മ്യങ്ങളെക്കുറിച്ചുള്ള വചനങ്ങൾ ഇമാം ഇടക്കിടെ മറ്റുള്ളവരുടെ ചെവിയിൽ എത്തിച്ചുകൊണ്ടിരിക്കും. ഉദാഹരണമായി ആളുകൾ അശ്രദ്ധരായി മറ്റു ചിന്തകളിൽ മുഴുകി നിൽക്കുമ്പോൾ ഇമാം 'അല്ലാഹു അക്ബർ' എന്ന് ഉറക്കെപ്പറഞ്ഞു കൊണ്ടു അവരെ ശ്രദ്ധാലുക്കളാക്കി മാറ്റുന്നു. അത് അവർക്കു മുന്നറിപ്പ് നൽകുക യാണ്: ഇതാ നോക്കൂ! സൂക്ഷിച്ചു നിൽക്കൂ, പ്രതാപവാനായ ഒരു അല്ലാഹുവിന്റെ മുമ്പാകെയാണ് നിങ്ങൾ നിൽക്കുന്നതെന്ന്;

നിൽക്കുന്ന അവസരത്തിൽ പിന്നെയും അശ്രദ്ധ വന്നു പോകുമ്പോൾ ഇമാം വീണ്ടും 'അല്ലാഹു അക്ബർ' അല്ലാഹു ഏറ്റവും വലിയവനാണെന്ന് പറഞ്ഞുകൊണ്ട് ഉണർത്തുന്നു. തുടർന്ന് 'സമിഅല്ലാഹു ലിമൻ ഹമിദാ ' എന്ന ശബ്ദം ഇമാമിൽ നിന്നു കേൾക്കുന്നു. അതിന്റെ അർഥം അല്ലാഹുവിനെ സ്തുതിക്കുന്നവന്റെ വിളി അല്ലാഹു കേൾക്കുകയും സ്വീകരിക്കുകയും ചെയ്യുന്നുവെന്നാണ്. ഇത് മനസ്സിലാക്കുന്ന ഒരാൾക്ക് തോന്നുക നമുക്കു വല്ല പ്രയോജനവും ലഭിക്കണമെങ്കിൽ അല്ലാഹുവിനെ സ്തുതിച്ചു കൊണ്ടിരിക്കണമെന്നാണ്. അല്ലെങ്കിൽ സമയം വെറുതെ നഷ്ടപ്പെടുകമാത്രമായിരിക്കും ഫലം. ചുരുക്കത്തിൽ ഇമാം മറ്റുള്ളവരെ ഇടക്കിടെ ഉണർത്തുകയും ശ്രദ്ധാലുക്കളാക്കിത്തീർക്കുകയും ചെയ്യുന്നു. ഇതാ നിങ്ങൾ ഉന്നതനായ ഒരു മഹാരാജാവിന്റെ മുമ്പാകെയാണ് നിൽക്കുന്നതെന്ന്. ഇമാമിനു അതുകൊണ്ടാണ് 'മഅ്മൂമുകളെ' ക്കാൾ സ്ഥാനമുള്ളത്.

**ഒമ്പതാമത്തെ വഴി:-** ശരീഅത്ത്, നമസ്കാരത്തിന്റെ ബാഹ്യരൂപം ഒരേക്രമത്തിലാക്കാതെ വിവിധ രൂപത്തിൽ ആക്കിയിരിക്കുന്നുവെന്നതാണ്. നമസ്കാര വേളയിൽ വല്ലവരും അശ്രദ്ധരായിപ്പോവുകയോ മറ്റു വല്ല ചിന്തയിലും ലയിച്ചു പോവുകയോ ചെയ്യുമ്പോൾ അവന്റെ 'റുകൂഅ്' ചെയ്യലും സുജൂദ് ചെയ്യലുമെല്ലാം അവനെ വീണ്ടും ബോധവാനാക്കിത്തീർക്കുകയും ചെയ്യുന്നു. ചലനം മനുഷ്യനെ ആലസ്യത്തിൽ നിന്നും അശ്രദ്ധയിൽ നിന്നും ഉണർത്തുന്ന കാര്യമാണ്. മാമൂൽ രൂപത്തിലുള്ള 'റുകൂഅ് 'ഉം 'സുജൂദും' ആയിരുന്നാൽ പോലും നമസ്കാരത്തിനുള്ള അത്തരം ചലനങ്ങൾ മനുഷ്യനെ നീണ്ട ആലസ്യത്തിൽ ആക്കാൻ അനുവദിക്കുന്നില്ല. ആരാധനയിലുള്ള ഈ വിവിധ ക്രമം ഇതര മതങ്ങളിൽ കാണുകയില്ല. ഇത് ഇസ്ലാമിൽ മാത്രമുള്ള ഒരു വൈശിഷ്ട്യമാകുന്നു.

**പത്താമത്തെ വഴി:-** 'ഫർളു'നമസ്കാരങ്ങൾക്കു മുമ്പും പിമ്പുമുള്ള സുന്നത്തു നമസ്കാരങ്ങളാണ്. ഏതെങ്കിലും ഒരു കാര്യം സംഭവിക്കാനുണ്ടെങ്കിൽ അതിന്റെ പ്രതികരണം ആ സംഭവത്തിന്റെ മുമ്പും പിമ്പും തന്നെ ഉണ്ടാകുകയെന്നത് പ്രകൃതി നിയ

മമാണ്. സൂര്യോദയത്തിനു കുറേ മുമ്പ് തന്നെ പ്രകാശം വെളിപ്പെടുന്നു. സൂര്യാസ്തമയത്തിനു ശേഷവും കുറച്ച് നേരം വെളിച്ചം നിലനിൽക്കുന്നു. ഈ തത്വമനുസരിച്ച് ഒരാൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരു ജോലിക്ക് ശേഷം അയാൾക്ക് വളരെ സുപ്രധാനമായ മറ്റൊരു ജോലി ചെയ്യാനുണ്ടെന്നിരിക്കട്ടെ. ഈ സുപ്രധാന ജോലി ചെയ്തില്ലെങ്കിൽ തനിക്ക് വളരെ നഷ്ടവും ദോഷവും വരുമെങ്കിൽ താൻ ഏർപ്പെട്ടിരിക്കുന്ന ജോലി അവസാനിക്കുന്നതു വരെ പിന്നീട് ചെയ്യാനുള്ള ആ പ്രധാന ജോലിയെക്കുറിച്ചുള്ള ചിന്ത അയാളെ അലട്ടുന്നതായിരിക്കും. അതുപോലെ തന്നെ തനിക്ക് താൽപര്യമുള്ള ഒരു പ്രധാന ജോലി ചെയ്യുന്ന ഒരാൾക്ക് തന്റെ ഓഫീസ് ജോലിക്ക് ശേഷം വ്യക്തി പരമായി തന്നെ ബാധിക്കുന്ന അതി പ്രധാനമായ മറ്റൊരു ജോലി ചെയ്യാനുണ്ടെങ്കിൽ ഓഫീസ് ജോലിയുടെ അവസാനഘട്ടം മുതൽക്ക് തന്നെ പിന്നീട് ചെയ്യാനുള്ള ആ ജോലിയെ കുറിച്ചുള്ള ചിന്ത വരുന്നതാണ്. അതുപോലെ തന്നെ ഓഫീസ് ജോലിയിൽ തനിക്ക് താൽപര്യമുള്ള വല്ല കാര്യവും ഉണ്ടായാൽ ഓഫീസ് കഴിഞ്ഞു വീട്ടിലേക്ക് പോകുമ്പോഴും ചിലപ്പോൾ വീട്ടിൽ ചെന്ന് ചായ കുടിക്കുമ്പോഴുമെല്ലാം ആ കാര്യത്തെ കുറിച്ചുള്ള ചിന്ത വന്നുകൊണ്ടിരിക്കുന്നതാണ്. പ്രകൃതിയുടെ ഈ തത്വം കണക്കിലെടുത്തിട്ടു കൂടിയാണ് റസൂൽ തിരുമേനിﷺ 'ഫർള് ' നമസ്കാരത്തിനു മുമ്പും പിമ്പും സുന്നത്തു നമസ്കാരം നിശ്ചയിച്ചിരിക്കുന്നത്. പ്രധാനപ്പെട്ട വല്ല പുറം ചിന്തകളും ഉണ്ടെങ്കിൽ അത്തരം ചിന്തകൾ മുമ്പും പിമ്പുമുള്ള സുന്നത്ത് നമസ്കാരങ്ങളിൽ വന്ന് അമർന്ന് കൊള്ളട്ടെയെന്നും അവ 'ഫർള് ' നമസ്കാരത്തിൽ വരാതെ നമസ്കാരം സുരക്ഷിതമായിത്തീരുകയും ചെയ്യട്ടെ എന്നുമാണ് 'സുന്നത്ത് ' നമസ്കാരം നിശ്ചയിച്ചതിന്റെ ഉദ്ദേശ്യങ്ങളിൽ ഒന്ന്.

സമയ വ്യത്യാസമനുസരിച്ച് സുന്നത്ത് നമസ്കാരങ്ങളിൽ റസൂൽ തിരുമേനിﷺ വ്യത്യാസം വരുത്തിയിട്ടുണ്ട്. 'സുഹർ ' നമസ്കാരം ജോലിയുടെ മദ്ധ്യത്തിലുള്ള ഒരു നമസ്കാരമാണ്. അതിനാൽ 'സുഹറി ' ന്റെ മുമ്പും പിമ്പുമായി ഈ രണ്ട് 'റക്ക അത്തോ'നന്നാല് 'റക്കഅത്തോ സുന്നത്ത് ' നമസ്കാരം നിശ്ച

യിച്ചിരിക്കുന്നു. ആ സമയത്തുള്ള ജോലികളുടെ ചിന്തകൾ 'ഫർള് ' നമസ്കാര വേളയിൽ വരാതെ തടയാനുള്ള കാവൽ ഭടൻമാർ എന്ന നിലക്കാണ് ആ സുന്നത്തിനെ നിശ്ചയിച്ചിരിക്കുന്നത്. അസർ നമസ്കാരത്തിന് മുമ്പും പിമ്പും സുന്നത്ത നമസ്കാരം നിശ്ചയിച്ചിട്ടില്ല. ആവശ്യമുണ്ടെങ്കിൽ മുമ്പ് നഫൽ നമസ്കരിക്കാവുന്നതാണ്. പൊതുവിൽ ഇതര ജോലികൾ അവസാനിക്കുന്ന ഒരു സമയമായത് കൊണ്ടാണ് അപ്പോൾ സുന്നത്ത് നമസ്കാരം നിശ്ചയിക്കാതിരുന്നത്. എന്നാൽ അസറിന് ശേഷം മഗ്രിബ് വരെ ദിക്ർ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരിക്കുന്നു. മഗ്രിബ് നമസ്കാരത്തിനു ശേഷം രണ്ട് റകഅത്ത് സുന്നത്ത് നമസ്കാരമുണ്ട്. മഗ്രിബിന് ശേഷം സാധാരണയായി ഭക്ഷണം കഴിക്കുന്ന സമയമാണ്. ഭക്ഷണത്തെ കുറിച്ചുള്ള ചിന്ത വരുന്നുണ്ടെങ്കിൽ അത് സുന്നത്തിന്റെ അവസരത്തിലാവട്ടെയെന്നതാണതിന്റെ ഉദ്ദേശ്യം. ഇശാ നമസ്കാരത്തിന് മുമ്പ് സുന്നത്തില്ല. പൊതുവിൽ നമസ്കാരത്തെ ശല്യപ്പെടുത്തുന്ന തരത്തിലുള്ള പ്രവൃത്തികൾ ആ സമയത്തുണ്ടാകാറില്ല. എന്നാൽ ആവശ്യമുള്ളവർക്ക് 'നഫൽ ' നമസ്കരിക്കാവുന്നതാണ്. ഇശാ നമസ്കാരത്തിന് ശേഷം ഉറങ്ങാനുള്ള സമയമാണ്. മുഴുവൻ ദിവസത്തിന്റെയും ജോലിക്കു ശേഷം ശരീരം വിശ്രമത്തിന്റെ ഭാഗത്തേക്ക് ചായുന്നൊരു സമയമാണത്. അതിനാൽ ഇശാക്ക് ശേഷം രണ്ട് റകഅത്ത് സുന്നത്തും മൂന്നു റകഅത്ത് വിത്റും നിശ്ചയിച്ചിരിക്കുന്നു. വിശ്രമത്തിന്റെ വിചാരം വരുന്നത് ഫർള് നമസ്കാരവേളയിലാവാതെ സുന്നത്തിന്റെ അവസരത്തിലാവട്ടെ എന്നതാണതിന്റെ ഉദ്ദേശ്യം. വിത്ർ വേണമെങ്കിൽ തഹജ്ജുദിന്റെ സമയത്തും നമസ്കരിക്കാവുന്നതാണ്. സുബ്ഹി നമസ്കാരത്തിന് മുമ്പായി രണ്ട് റകഅത്ത് സുന്നത്ത് നിശ്ചയിച്ചിരിക്കുന്നു. ഉറക്കത്തിന്റെ വല്ല ആലസ്യവും ബാക്കിയുണ്ടെങ്കിൽ സുന്നത്തിന്റെ അവസരത്തിൽ വന്നവസാനിക്കാൻ വേണ്ടിയാണ് അങ്ങിനെ നിശ്ചയിച്ചിരിക്കുന്നത്. സുബ്ഹിക്ക് ശേഷം സുന്നത്തില്ല. അതിന് ശേഷം സൂര്യോദയം വരെ സാധാരണയായി ജോലിയില്ലാത്തൊരു സമയമാണ്. എന്നാൽ ആ സമയത്ത് മറ്റ് ദിക്റുകൾ ചെയ്യാൻ നിർദ്ദേശമുണ്ട്.

സുന്നത്ത് നമസ്കാരങ്ങൾ നിശ്ചയിച്ചിരിക്കുന്നത് മേൽ വിവരിച്ച കാര്യങ്ങൾ കൂടി കണക്കിലെടുത്തിട്ടാണ്. എന്നാൽ മനുഷ്യൻ അത് മനസ്സിലാക്കി ചെയ്യുമെങ്കിൽ മാത്രമെ അതുകൊണ്ട് പ്രയോജനമുണ്ടാവുകയുള്ളൂ. അവർ അത് ശരിക്കും മനസ്സിലാക്കി ചെയ്യുമെങ്കിൽ തീർച്ചയായും നല്ല ഫലം കരസ്ഥമാക്കുന്നതാണ്. ഇൻശാ അല്ലാഹ്.

നമസ്കാരത്തിലുള്ള നിർത്തവും റുകൂഉം, സുജൂദും, ഇരുത്തവുമെല്ലാം മനുഷ്യ ശരീരത്തിലെ സന്ധുക്കൾ പോലെയാണ്. ആ സന്ദർഭങ്ങളിൽ ചൊല്ലുന്ന വചനങ്ങളിൽ നല്ല പോലെ ചിന്തിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുകയാണെങ്കിൽ നമ്മുടെ നമസ്കാരം വളരെ ശക്തിപ്പെടുന്നതാണ്, അല്ലെങ്കിൽ അതിനു വീഴ്ച പറ്റും.

**പതിനൊന്നാമത്തെ വഴി:-** നമസ്കാരവേളയിൽ ചൊല്ലുന്ന വചനങ്ങൾ ധൃതിയിൽ ചൊല്ലാതെ സാവകാശത്തിൽ ചൊല്ലുകയാണ്. മനുഷ്യന്റെ, തലച്ചോറിന്റെ ഘടന അതിൽ ഇടക്കിടെ പല പ്രാവശ്യം പ്രവേശിക്കുന്ന കാര്യങ്ങളുടെ ചിത്രം വേഗത്തിലും എളുപ്പത്തിലും ഭാവനയിൽ വരുന്ന വിധത്തിലും വല്ലപ്പോഴും പ്രവേശിക്കുന്ന കാര്യങ്ങളുടെ ചിത്രം പ്രയാസപ്പെട്ട് ഭാവനയിൽ വരുന്ന വിധത്തിലുമാണ് ആക്കിയിരിക്കുന്നത്. ഉദാഹരണമായി ഉമർ നിത്യവും കണ്ടുകൊണ്ടിരിക്കുന്ന ഒരു വ്യക്തിയാണെങ്കിൽ ആ പേർ ഓർക്കുന്ന മാത്രയിൽ തന്നെ അയാളുടെ ചിത്രം ഭാവനയിൽ പതിയുന്നതാണ്. എന്നാൽ വല്ലപ്പോഴും കാണുന്ന ഒരു വ്യക്തിയുടെ രൂപം ആ പേർ കേൾക്കുന്ന മാത്രയിൽ തന്നെ ഭാവനയിൽ പതിയുകയില്ല. അത് വരാൻ കുറേ താമസം പിടിക്കും. അത് പതിയുന്നതും സ്പഷ്ടമായ രൂപത്തിലായിരിക്കുകയില്ല. അത് പോലെ തന്നെ ചെറുപ്പത്തിൽ പഠിച്ച ഒരു ഭാഷയിൽ വല്ല വാചകമോ പദമോ കേൾക്കുകയോ പറയുകയോ ചെയ്യുകയാണെങ്കിൽ ആ പദത്തിന്റെയോ വാചകത്തിന്റെയോ അർത്ഥവും അതിന്റെ യഥാർത്ഥരൂപവും ആ വചനത്തോടൊപ്പം തന്നെ മനസ്സിൽ പതിയുന്നതാണ്. ഉദാഹരണമായി വെള്ളമെന്നോ റൊട്ടിയെന്നോ കേൾക്കുമ്പോൾ തന്നെ അതിന്റെ അർഥത്തോടൊപ്പം വെള്ളത്തിന്റെയും റൊട്ടിയുടെയും യഥാർത്ഥ നിലയും

രൂപവുമെല്ലാം ഭാവനയിൽ പതിയുന്നതുമാണ്. എന്നാൽ നമുക്ക് തികച്ചും സ്വാധീനവും പാഠവുമില്ലാത്തൊരു ഭാഷയിലാണ് ആ പദങ്ങൾ കേൾക്കുന്നതെങ്കിൽ അത് അത്രയും വേഗത്തിൽ നമ്മുടെ ഭാവനയിൽ പതിയുകയില്ല. ഉദാഹരണമായി ഇംഗ്ലീഷിൽ തികച്ചും പാടവമില്ലാത്ത ഒരു വിദ്യാർത്ഥി കേറ്റ് (cat) എന്ന പദം കേട്ടാൽ പൂച്ചയെന്നാണ് അതിന്റെ അർഥമെന്ന് മനസ്സിലാക്കുമെങ്കിലും ആ മൃഗത്തിന്റെ രൂപവും നിലയുമെല്ലാം ഭാവനയിൽ വേഗത്തിൽ പതിയുകയില്ല. എന്നാൽ പൂച്ചയെന്ന് കേൾക്കുമ്പോൾ തന്നെ അതെല്ലാം ഭാവനയിൽ പതിയുന്നതാണ്.

മേൽ വിവരിച്ച കാരണം കൊണ്ടാണ് അറബി ഭാഷ നന്നായി അറിയാത്തവരും അത് ശരിക്ക് സംസാരിക്കാൻ വശമില്ലാത്തവരുമായ ആളുകൾക്ക് നമസ്കാരത്തിൽ ശ്രദ്ധ നിലനിൽക്കാത്തത്. വാചകങ്ങളുടെ ആശയവും കൂടി ഭാവനയിൽ വരുമെങ്കിൽ മാത്രമെ ശ്രദ്ധ നിലനിൽക്കുകയുള്ളൂ. അറബിയിൽ നല്ല പരിജ്ഞാനമില്ലാത്ത കാരണത്താൽ അത്തരക്കാർക്ക് വാചകങ്ങളോടൊപ്പം അതിന്റെ ആശയം വരികയില്ല. ആശയം വരാൻ താമസം നേരിടും **ഇയ്യാക്ക നഅ്ബുദു** എന്ന വചനം ഓതുമ്പോൾ **മാലിക്കി യൗമിദ്ദീൻ** എന്ന വചനത്തിന്റെയോ അർറഹ്മാനിർറഹീം എന്ന വചനത്തിന്റെയോ അർത്ഥമായിരിക്കും മനസ്സിൽ പതിയുക. അക്കാരണത്താൽ ശ്രദ്ധ ശരിക്കും നിലനിൽക്കുകയില്ല. അപ്പോൾ നമസ്കാരത്തിന്റെ ശരിയായ ഫലം കരസ്ഥമാവുകയുമില്ല. അതിനാൽ അറബി ഭാഷയിൽ വേണ്ടത്ര വിജ്ഞാനമില്ലാത്തവരും മാതൃഭാഷയെപ്പോലെ തന്നെ അർത്ഥം ശരിക്കും മനസ്സിലാക്കാൻ പ്രയാസമുള്ളവരും വചനങ്ങൾ ധൃതിയിൽ ഓതാതിരിക്കേണ്ടതാണ്. ഒരു വാചകത്തിന്റെ അർത്ഥം ശരിക്കും മനസ്സിൽ പതിയുന്നതുവരെ മറ്റൊരു വാചകം ഓതാതിരിക്കേണ്ടതുമാണ്. ഉദാഹരണമായി **ബിസ്മില്ലാഹി ർറഹ്മാനി ർറഹീം** എന്ന് ഓതുമ്പോൾ അതിന്റെ അർഥം ശരിക്കും ഗ്രഹിച്ചതിനു ശേഷം **അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ** എന്ന് ചൊല്ലുക. ഇത് ഗ്രഹിച്ചതിനു ശേഷം അടുത്തത് ചൊല്ലുക. ഇങ്ങനെ ചെയ്തില്ലായെങ്കിൽ നാവിൽ ഒരു വാക്കും മനസ്സിൽ മറ്റൊരാശയവുമായിരിക്കും വരിക. അങ്ങനെ

ചിന്തകൾ ചിതറിപ്പോകുകയും ശ്രദ്ധ നഷ്ടപ്പെടുകയും ചെയ്യുന്നതാണ്. അറബി ഭാഷ നന്നായി പതിയുന്നതിന് വേണ്ടി വിശുദ്ധ ഖുർആൻ സാവകാശത്തിലും നിർത്തി നിർത്തിയും പാരായണം ചെയ്യുന്നതും നന്നായിരിക്കും.

വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്ന അവസരത്തിൽ മാത്രമല്ല, പ്രസംഗവും ഉപദേശവും ചെയ്യുന്ന അവസരത്തിലും സാവകാശം കൈകൊള്ളേണ്ടതാവശ്യമാണ്. ഒരവസരത്തിൽ ഹസ്റത്ത് അബൂ ഹുറൈറ ﷺ മറ്റുള്ളവർക്ക് വളരെ ധൃതിയിലും ഒച്ചയിലും ഹദീസ് വിവരിച്ചു കൊടുക്കുകയായിരുന്നു. ഇത് കേട്ടപ്പോൾ ഹസ്റത്ത് ആയിശ(റ) അതാരാണെന്നും എന്താണ് ചെയ്യുന്നതെന്നും ചോദിച്ചു. ഞാൻ അബൂഹുറൈറയാണെന്നും ഹദീസ് കേൾപ്പിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. എന്ത്? റസൂൽ തിരുമേനിയും ഇത്തരത്തിലായിരുന്നോ സംസാരിച്ചിരുന്നത്? ആയിശ (റ) ചോദിച്ചു. ഇത് കേട്ടപ്പോൾ അബൂഹുറൈറ ﷺ മൗനമവലംബിച്ചു.

ഖുർആൻ പാരായണം ചെയ്യുമ്പോഴും ഉപദേശിക്കുമ്പോഴും പ്രസംഗിക്കുമ്പോഴുമെല്ലാം സാവകാശം കൈക്കൊള്ളുക എന്നതായിരുന്നു റസൂൽ തിരുമേനി ﷺ യുടെ സമ്പ്രദായം. അങ്ങനെ ചെയ്യാനായിരുന്നു അദ്ദേഹം കൽപിച്ചിരുന്നതും. ആ സമ്പ്രദായവും കൽപനയും തന്നെയാണ് നമ്മളും സ്വീകരിക്കേണ്ടത്. അങ്ങനെ ചെയ്താൽ ശ്രദ്ധ ശരിക്കും നിലനിൽക്കുന്നതാണ്. നാവിലൊന്നും ഹൃദയത്തിൽ മറ്റൊന്നും ആണെന്ന കുഴപ്പം ഉണ്ടാവുകയില്ല.

**പന്ത്രണ്ടാമത്തെ വഴി:-** നമസ്കരിക്കാൻ നിന്നാൽ ദൃഷ്ടി സുജൂദിന്റെ സ്ഥലത്തേക്കാക്കണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. അധികമാളുകളും ഇതിൽ വീഴ്ച വരുത്തുന്നു. പലരും നമസ്കാര വേളയിൽ കണ്ണടക്കുകയാണ് ചെയ്യുന്നത്. കണ്ണടച്ചാൽ ശ്രദ്ധ നിലനിൽക്കുമെന്നാണ് അവരുടെ വിചാരം. എന്നാൽ കണ്ണ് തുറന്നു വെക്കുന്നതിലാണ് ശ്രദ്ധ നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെയാണ് നമസ്കാരത്തിന് നിന്നാൽ ദൃഷ്ടി സുജൂദിന്റെ സ്ഥലത്തേക്കാക്കണമെന്ന് റസൂൽ തിരുമേനി ﷺ പറഞ്ഞിരിക്കുന്നത്. ഹസ്റത്ത് ശിഹാബുദ്ദീൻ സുഹ്റവർദി (റഹ്) അദ്ദേഹത്തിന്റെ

'അവാരിഫുൽ മആരിഫ്'എന്ന ഗ്രന്ഥത്തിൽ എഴുതുന്നത്, 'റുക്കൂഅ് ' വേളയിൽ മാത്രം ദൃഷ്ടി രണ്ടു കാലുകളുടെ ഇടയിൽ ആക്കണമെന്നാണ്. അതു ശരിയാണെന്നാണ് എന്റേയും അഭിപ്രായം.

ദൃഷ്ടി 'സുജൂദി 'ന്റെ സ്ഥലത്താക്കുന്നതാണ് ഗുണകരവും ഭക്തിദ്യോതകവും. ദൃഷ്ടിയെ പരിമിതമാക്കി നിർത്തുന്നതിൽ വലിയൊരു തത്വം അടങ്ങിയിട്ടുണ്ട്. മനുഷ്യന്റെ സൃഷ്ടിപ്പിൽ അല്ലാഹു ഒരു കാര്യം ഉൾക്കൊള്ളിച്ചിരിക്കുന്നു. അതായത് അവന്റെ ഒരു ബോധേന്ദ്രിയം ശരിക്കും പ്രവർത്തനത്തിൽ ഏർപ്പെടുകയാണെങ്കിൽ ഇതര ഇന്ദ്രിയങ്ങൾ പ്രവർത്തിക്കാതെയാകുന്നു. ഉദാഹരണമായി ഒരാൾ പൂർണ്ണ താൽപര്യത്തോടുകൂടി ഒരു സാധനം വീക്ഷിക്കുന്നതിൽ ലയിച്ചു പോയാൽ ആ സന്ദർഭത്തിൽ അയാളെ വല്ലവരും വിളിച്ചാൽ അത് അയാളുടെ ശ്രദ്ധയിൽപ്പെടുകയില്ല. അപ്രകാരം തന്നെ തികഞ്ഞ ആസ്വാദ്യതയോടുകൂടി വല്ലതും കേൾക്കുന്നതിൽ ചെവി ലയിച്ചിരിക്കുന്ന സന്ദർഭത്തിൽ മൂക്കിന്റെ ഘ്രാണശക്തിയും കുറയുന്നതാണ്. മൂക്ക് സുഗന്ധദ്രവ്യം മണക്കുന്നതിൽ പൂർണ്ണമായി ലയിച്ചിരിക്കുമ്പോൾ കണ്ണിന്റെയും കാതിന്റെയും കാണാനും കേൾക്കാനുമുള്ള ശക്തിക്കും മങ്ങലേൽക്കുന്നു. ചുരുക്കത്തിൽ ഒരു ഇന്ദ്രിയം അതിന്റെ പ്രവർത്തനത്തിൽ പൂർണ്ണമായി ഏർപ്പെടുകയും അതിൽ വളരെ താൽപര്യത്തോടു കൂടി ലയിച്ചു പോവുകയും ചെയ്യുന്ന സന്ദർഭത്തിൽ ഇതര ഇന്ദ്രിയങ്ങളുടെ പ്രവർത്തന ശക്തിക്ക് മന്ദത ബാധിക്കുന്നതാണ്. എന്നാൽ ഒരു ഇന്ദ്രിയവും പ്രവർത്തനത്തിൽ ഏർപ്പെടാതിരിക്കുന്ന സന്ദർഭത്തിൽ വിവിധങ്ങളായ ചിന്തകൾ വന്നു മനുഷ്യനെ അലട്ടുന്നതാണ്. ഇതിന്റെ കാരണം ഏതെങ്കിലുമൊരു ഇന്ദ്രിയം പൂർണ്ണമായ പ്രവർത്തനത്തിൽ ലയിക്കാത്തതാണ്. അക്കാരണത്താൽ ഇതര ഇന്ദ്രിയങ്ങൾ മുഖേന ഉണ്ടാകാനിടയുള്ള ചിന്തകൾ തടയപ്പെടുന്നില്ല. അതിനാൽ നമസ്കാര വേളയിൽ കണ്ണിനെ അതിന്റെ പൂർണ്ണമായ പ്രവർത്തനത്തിന് വിടുകയും അതിനെ സുജൂദിന്റെ സ്ഥലത്ത് നോക്കുന്നതിൽ മാത്രം കേന്ദ്രീകരിപ്പിക്കുകയും ചെയ്യേണ്ടതാണ്. അങ്ങിനെ ചെയ്താൽ മാത്രം ആ സന്ദർഭത്തിൽ വിവിധങ്ങളായ

ചിന്തകൾ വന്നലട്ടുകയില്ല.

പ്രസ്തുതകാര്യം നീണ്ട അനുഭവങ്ങളിൽനിന്ന് മനസ്സിലായ ഒരു വസ്തുതയാണ്. എന്നാൽ 1400 സൽവത്സരങ്ങൾക്ക് മുമ്പ് തന്നെ ഈ പ്രകൃതി തത്വത്തെ മുൻ നിറുത്തി റസൂൽ തിരുമേനിﷺ നമസ്കാരവേളയിൽ കണ്ണ് തുറന്നു വെക്കണമെന്നും സുജൂദിന്റെ സ്ഥലത്തേക്ക് വീക്ഷിക്കുന്നതിൽ പരിമിതമാക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

പിന്നെ ഏത് ഇന്ദ്രിയത്തെ പ്രവർത്തനത്തിൽ ലയിപ്പിച്ചാലാണ് മനുഷ്യൻ വിവിധ ചിന്തകളിൽ നിന്നു പൂർണ്ണമായും രക്ഷപ്പെടുകയെന്ന കാര്യവും റസൂൽ തിരുമേനിﷺ കണക്കിലെടുത്തിരിക്കുന്നു. മൂക്കിനെ പൂർണ്ണമായ പ്രവർത്തനത്തിൽ ലയിപ്പിക്കണമെങ്കിൽ അതിന് വേണ്ടി നമസ്കാരവേളയിൽ വാസനാ ദ്രവ്യങ്ങളുടെ ഏർപ്പാട് ചെയ്യേണ്ടി വരും. മൂക്കിന്റെ വാസനിക്കാനുള്ള ശക്തിയെ നമ്മുടെ ഇഷ്ടംപോലെ നിയന്ത്രിക്കാനും പരിമിതമാക്കാനും സാദ്ധ്യമല്ല. പലരും പലവിധത്തിലുള്ള സുഗന്ധദ്രവ്യങ്ങൾ ഉപയോഗിക്കുകയാണെങ്കിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനു പകരം വിവിധ വാസനകളുടെ ഫലമായി ശ്രദ്ധ വിവിധ ഭാഗങ്ങളിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ് ചെയ്യുക. മൂക്കിനെ പോലെ തന്നെ ചെവിയുടെ കേൾവി ശക്തിയെയും ഇഷ്ടം പോലെ പരിമിതമാക്കി നിർത്താൻ സാദ്ധ്യമല്ല. പല ശബ്ദങ്ങളും ഒന്നിച്ചു വരുമ്പോൾ ഇഷ്ടമുള്ളത് കേൾക്കാനും ഇഷ്ടമില്ലാത്തതു കേൾക്കാതിരിക്കാനും മനുഷ്യന് സാദ്ധ്യമല്ല. ഒന്നിച്ചു വരുന്ന ശബ്ദങ്ങൾ മുഴുവനും കേൾക്കാൻ അവൻ നിർബന്ധിക്കപ്പെടും. അപ്പോൾ ശ്രദ്ധ കേന്ദ്രീകരിച്ചു നിർത്താൻ അവനു സാധിക്കുകയില്ല. എന്നാൽ ഇതിനെല്ലാം എതിരായി കണ്ണിന്റെ കാഴ്ച ശക്തിയെ നമ്മുടെ ഇഷ്ടമനുസരിച്ച് നിയന്ത്രിക്കാൻ സാധിക്കുന്നതാണ്. അതിനെ പരിമിതമാക്കി നിർത്താനും അവനു സാധിക്കും. ഇഷ്ടമില്ലാത്ത സാധനം നോക്കാതിരിക്കുകയെന്നത് ഒരാളുടെ കഴിവിൽപ്പെട്ടതാണ്. അതിനാൽ റസൂൽ തിരുമേനിﷺ നമസ്കാരത്തിൽ ശ്രദ്ധ നിലനിർത്താനായി അല്ലാഹുവിന്റെ നിർദ്ദേശമനുസരിച്ച് കണ്ണിനെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. നമസ്കാരവേള

യിൽ ദൃഷ്ടി 'സുജൂദി ' ന്റെ സ്ഥലത്തേക്ക് പരിമിതമാക്കേണമെന്ന് ഹുസൂർ കൽപ്പിച്ചു. സുജൂദിന്റെ സ്ഥലത്ത് നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്ന വിധത്തിലുള്ള സാധനങ്ങൾ ഉണ്ടാവരുതെന്നും നിർദ്ദേശിച്ചു. ഒരിക്കൽ നമസ്കരിക്കുന്നതിനു മുമ്പിൽ ചിത്രമുള്ള ഒരു കർട്ടൻ തൂക്കിയിട്ടിരുന്നത് തിരുമേനിﷺ നീക്കം ചെയ്യിപ്പിച്ചതായും റിപ്പോർട്ടുണ്ട്.

ചുരുക്കത്തിൽ നമസ്കാരവേളയിൽ നമ്മുടെ ദൃഷ്ടി 'സജ്ദ' യുടെ സ്ഥലത്തേക്ക് പരിമിതമായി നിർത്തുകയാണെങ്കിൽ നമസ്കാരത്തെ കുറിച്ചുള്ള വിചാരം അവന്റെ ഹൃദത്തിൽ മുഴച്ചു നിൽക്കുന്നതും ആരാധനയിൽ അവന്റെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമായിരിക്കും.

**പതിമൂന്നാമത്തെ വഴി:-** ഞാൻ മുമ്പ് പറഞ്ഞത് പോലെ നമസ്കാരത്തിന് നിൽക്കുമ്പോൾ നിയ്യത്തോട് കൂടിയും ഉദ്ദേശ്യപൂർവ്വവും നിൽക്കേണ്ടത് ആവശ്യമാണെന്നത് പോലെ തന്നെ ഓരോ നമസ്കാരത്തിന് നിൽക്കുമ്പോഴും നമസ്കാരവേളയിൽ മറ്റൊരു വിചാരം വരാൻ അനുവദിക്കുകയില്ല എന്നൊരു തീരുമാനവും ദൃഢനിശ്ചയവും ചെയ്യുകയെന്നുള്ളതാണ്. നമസ്കാരത്തിൽ ഇതര വിചാരങ്ങൾ വരാൻ അനുവദിക്കരുതെന്ന് എല്ലാവർക്കും അറിയാമെങ്കിലും അതൊരു മാമൂൽ കാര്യമെന്ന നിലക്ക് പലരും ശ്രദ്ധിച്ചില്ലെന്ന് വരാം. അതിനാൽ ഓരോ നമസ്കാരവേളയിലും ആ ദൃഢനിശ്ചയം പുതുക്കുന്നത് നല്ലതും ഗുണപ്രദവുമാണ്.

**പതിനാലാമത്തെ വഴി:-** ഇമാമിന്റെ പിന്നാലെ നമസ്കരിക്കുമ്പോൾ ഇമാമിന്റെ ഓതലും വചനങ്ങളുമെല്ലാം 'മഅ്മൂമി' നെ ഉണർത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ്. (ഇമാമും ജമാഅത്തുമായി നമസ്കരിക്കേണ്ടതിന്റെ പ്രാധാന്യവും ആവശ്യകതയും ഇതുകൊണ്ട് മനസ്സിലാക്കാം). എന്നാൽ തനിച്ചിരുന്ന് നമസ്കരിക്കുമ്പോൾ റസൂൽ തിരുമേനിയും അഭിവന്ദ്യ സഹാബിമാരും സൂഫിവര്യൻമാരും ചെയ്തിരുന്നതു പോലെ തന്നെ ചില ഖുർആൻ ആയത്തുകൾ, പ്രത്യേകിച്ച് ഭയഭക്തി ജനിപ്പിക്കുന്ന ഖുർആൻ വചനങ്ങൾ ആവർത്തിച്ചാവർത്തിച്ച് ഓതുകയെന്നത്

നമസ്കാരത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള ഒരു വഴിയാണ്. ഉദാഹരണമായി ഇയ്യാക നഅ്ബുദു വ ഇയ്യാക നസ്തഈൻ എന്നത് പോലുള്ള വചനങ്ങൾ ആവർത്തിച്ചോതുന്നത് നന്നായിരിക്കും. ഒരാളുടെ ഹൃദയം നമസ്കാരവേളയിൽ മറ്റു വിചാരങ്ങളിൽ ലയിച്ചിട്ടുണ്ടെങ്കിൽ ഭക്തി ജനിപ്പിക്കുന്ന ഖുർആൻ വചനങ്ങളുടെ ആവർത്തിച്ചുകൊണ്ടുള്ള പാരായണം ഹൃദയത്തിൽ ഭയവും ഭക്തിയും ഉണ്ടാക്കുന്നതാണ്. അത്തരം ആവർത്തനം നമസ്കാരത്തിൽ അവന്റെ ശ്രദ്ധ നിലനിർത്താൻ കാരണമായിത്തീരുകയും ചെയ്യും.

**പതിനഞ്ചാമത്തെ വഴി:-** ദീർഘനേരം ദൃഢനിശ്ചയത്തിൽ ഉറച്ചു നിൽക്കാൻ സാധിക്കാത്തവർക്കുള്ളതാണ്. അവർ ശിശുക്കളെ പോലെയുള്ളവരാണ്. ശിശുക്കൾക്ക് ഇടക്കിടെ പാൽ കൊടുത്തു കൊണ്ടിരിക്കണം; അവർക്ക് ദീർഘനേരം വിശപ്പ് സഹിക്കാൻ വയ്യ; അധികമായി ഭക്ഷണം ദഹിക്കുകയുമില്ല. അവരെ പോലെ തന്നെ ഇത്തരക്കാർക്കും ഇടക്കിടെ താങ്ങാവശ്യമാണ്. അതിനാൽ അവർ നമസ്കാരത്തിന്റെ ഓരോ റകഅത്തിലും നമസ്കാരത്തിലുണ്ടാകുന്ന പ്രധാന മാറ്റത്തിന്റെ ഘട്ടത്തിലും പ്രതിജ്ഞ പുതുക്കിക്കൊണ്ടിരിക്കേണ്ടതാവശ്യമാണ്. ഓരോ റക്അത്തിന്റെ ആരംഭത്തിലും അടുത്ത റക്അത്തുവരെ മറ്റൊരു വിചാരം വരാൻ അനുവദിക്കയില്ലെന്ന് അവർ നിയ്യത്ത് ചെയ്യണം. അങ്ങിനെ ഓരോ റക്കത്തിലും മാറി വരുന്ന പ്രധാന ഘട്ടത്തിലും പ്രതിജ്ഞ പുതുക്കിക്കൊണ്ടിരിക്കുകയാണെങ്കിൽ അവരുടെ മനക്കരുത്ത് ശക്തിപ്പെടുന്നതും കാലക്രമേണ ചിതറിയ ചിന്തകളിൽ നിന്നും അവർക്കു മോചനം ലഭിക്കുന്നതുമാണ്.

**പതിനാറാമത്തെ വഴി:-** ഇതര ചിന്തകൾ നമസ്കാരത്തിൽ വരാതെ ശ്രദ്ധിക്കുകയെന്നതാണ്. മനുഷ്യൻ അനാവശ്യ ചിന്തകളുടെ അടിമകളായിപ്പോയാൽ പിന്നെ അത്തരം ചിന്തകൾ അവരെ വിട്ടു മാറുകയില്ല. എന്നാൽ ആരംഭത്തിൽ തന്നെ അതിനെ നേരിടുകയും അത്തരം ചിന്തകൾ വരാൻ ഒരിക്കലും അനുവദിക്കയില്ലെന്ന് ദൃഢ നിശ്ചയം ചെയ്യുകയും ചെയ്താൽ അനാവശ്യ ചിന്തകൾ നമ്മെ വിട്ടു മാറുന്നതാണ്. ഉദാഹരണമായി നമസ്കാരത്തിൽ

തന്റെ കുട്ടിയുടെ രോഗാവസ്ഥയെ കുറിച്ച് ചിന്ത വരികയാണെ ങ്കിൽ ഉടനെ തന്നെ അതിനെ തടയാൻ ശ്രമിക്കണം. അതിനെ കുറിച്ചു ഞാൻ ചിന്തിച്ചതുകൊണ്ടു കുട്ടിയുടെ രോഗം മാറാൻ പോകുന്നില്ലെന്നും ചിന്തിക്കാത്തതുകൊണ്ട് കുട്ടിയുടെ രോഗം വർദ്ധിക്കാൻ പോകുന്നില്ലെന്നും മനസ്സിലാക്കി ആരംഭത്തിൽ തന്നെ അതിനെ തടയാൻ നോക്കണം. അങ്ങിനെ ചെയ്താൽ നിങ്ങ ളുടെ മനസ്സിനെ നിങ്ങൾക്ക് സ്വാധീനിക്കാൻ കഴിയുന്നതാണ്.

**പതിനേഴാമത്തെ വഴി:-** വീടുകളിൽ തനിച്ച് 'നഫൽ' നമസ്കാരം നിർവ്വഹിക്കുന്ന അവസരത്തിൽ ഖുർആൻ പാരായണത്തിന്റെ ശബ്ദം നല്ലവണ്ണം കാതുകളിൽ പതിയുമാറുച്ചത്തിൽ ഓതുകയെ ന്നുള്ളതാകുന്നു. മറ്റു ശബ്ദങ്ങൾ പതിയുന്നതിൽ നിന്നു നമുക്ക് കാതുകളെ തടയാൻ സാധ്യമല്ല. കാതുകൾ അതിന്റ പ്രവർത്തനം നടത്തികൊണ്ടേയിരിക്കും. അതിനാൽ ശബ്ദത്തിൽകൂടി ദിക്റെ ഇലാഹിയുടെ ഭാഗത്തേക്കതിനെ തിരിച്ചു വിടേണ്ടതാണ്. ഇതു തഹജ്ജൂദ് നമസ്കാരവേളയിൽ വളരെ പ്രയോജനകരമാണ്. പകൽ സമയത്ത് ശബ്ദകോലാഹലങ്ങളുടെ സന്ദർഭമായതിനാൽ അതു അത്ര പ്രയോജനപ്പെട്ടില്ലെന്നു വരാം. ചിലപ്പോൾ വിപരീത ഫലം ഉണ്ടാക്കിയെന്നും വരാം.

**പതിനെട്ടാമത്തെ വഴി:-** നമസ്കാരത്തിൽ അനങ്ങാതെ ഒതുങ്ങി നിൽക്കുകയെന്നതത്രെ. ചലനം കാരണമായി പുതിയ ചിന്തകൾ ഉണ്ടാവുന്നതാണ്. എന്നാൽ നമസ്കാരത്തിൽ തന്നെയുള്ള നിർദ്ധിഷ്ട ചലനങ്ങൾ ആരാധനക്കു വേണ്ടിയുള്ളതാകയാൽ അതു കാരണമായി പുറം ചിന്തകൾ വരികയില്ല. അത്തരം ചലന ങ്ങളല്ലാത്ത മറ്റു ചലനങ്ങൾ ഉണ്ടാക്കുകയാണെങ്കിൽ അതു നമ്മുടെ ശ്രദ്ധയെ അന്യഭാഗത്തേക്ക് തിരിച്ചു വിട്ടേക്കും. വളരെ ഒഴിച്ചുകൂടാത്ത അനക്കമല്ലാതെ മറ്റു യാതൊരനക്കവും നമസ്കാ രത്തിൽ പാടില്ലെന്ന് റസൂൽ തിരുമേനിﷺ നിർദ്ദേശിച്ചിരിക്കുന്നു. അനാവശ്യ ചലനം കാരണമായിട്ടാണ് അനാവശ്യ ചിന്തകളുണ്ടാ കുന്നത്. ഉദാഹരണമായി നമസ്കാരത്തിൽ തന്റെ വസ്ത്രം ശരി പ്പെടുത്തുയും ഷർട്ടിന്റെ കോളർ നേരെയാക്കാൻ ശ്രമിക്കുകയും ചെയ്യുകയാണെങ്കിൽ ഷർട്ടിനെ കുറിച്ചുള്ള വിചാരം വരും. ഷർട്ട്

കുറേ പഴകിപ്പോയി ഇനി പുതിയ ഒരു ഷർട്ട് വാങ്ങിക്കണമെന്നു തോന്നും. അപ്പോൾ ഷർട്ട് വാങ്ങാനുള്ള പണത്തെ കുറിച്ചുള്ള ചിന്ത വരും. അതിനെ തുടർന്നു തന്റെ ശമ്പളത്തെക്കുറിച്ചും അതിന്റെ പോരായ്മയെകുറിച്ചുമെല്ലാം ചിന്തിക്കും. ഇങ്ങനെ ചിന്തിച്ചുകൊണ്ടിരിക്കെ ഇമാമിന്റെ അസ്സലാമു അലൈക്കും എന്ന ശബ്ദം നമ്മുടെ കാതിൽ പതിയും. ഉടനെ നമ്മളും സാലം വീട്ടി നമസ്കാരം അവസാനിപ്പിക്കുകയും ചെയ്യും. അതിനാലാണ് ഇതര ചിന്തകൾ നമസ്കാരത്തിൽ പാടില്ലെന്ന് റസൂൽ തിരുമേനിﷺ വിരോധിച്ചിരിക്കുന്നത്. സുജൂദിന്റെ സ്ഥലത്ത് കല്ലിൻ കഷണമുണ്ടെങ്കിൽ അതു നീക്കം ചെയ്യാൻ പോലും ശ്രമിക്കരുതെന്നാണ് കൽപിച്ചിരിക്കുന്നത്. അതു വളരെ വിഷമമുണ്ടാക്കുന്നുവെങ്കിൽ അതിനെ ഒരൊറ്റ തട്ടുകൊണ്ടു നീക്കം ചെയ്യേണ്ടതാണ്. അതിനാൽ നമസ്കാരവേളയിൽ അനങ്ങാതെ, കഴിയുന്നത്ര നിശ്ചലനായി നിൽക്കേണ്ടതാവശ്യമാണ്.

**പത്തൊമ്പതാമത്തെ വഴി:-** നമസ്കാരം നല്ല ഉന്മേഷത്തോടും ഉണർവോടും കൂടി നിർവഹിക്കുകയെന്നുള്ളതാണ്. ആടിക്കുഴഞ്ഞമട്ടിലും വാടിത്തളർന്ന നിലയിലും ഒരു കാലിനു ഭാരം നൽകി മറ്റേ കാൽ തളർത്തിയതുമായ നിലയിലും നമസ്കരിക്കരുത്. ഉന്മേഷക്കുറവും ക്ഷീണവും മടിയുമെല്ലാം ശത്രുവിന് (പിശാചിന്) ആക്രമിക്കാനിട നൽകുന്നതാണ്. കൂടാതെ ബാഹ്യമായ ചുറുചുറുക്ക് ആന്തരീകമായ ഉന്മേഷവും ഉണർവും ഉണ്ടാക്കുന്നതാണ്. അതുകൊണ്ടാണ് നമ്മുടെ എല്ലാ ചലനവും ഉന്മേഷത്തോടുകൂടി ആയിരിക്കണമെന്ന് റസൂൽ തിരുമേനിﷺ അരുളിയിരിക്കുന്നത്.

**ഇരുപതാമത്തെ വഴി:-** ഈ വഴിയും സത്യ.വിശ്വാസികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. ചില സൂഫിമാർ അതിൽ അതിരു കവിഞ്ഞു പ്രവർത്തിച്ചിട്ടുണ്ട്.

ശിബിലി(റഹ്) ഒരു സൂഫിയായിരുന്നു. അദ്ദേഹം ജുനൈദ് ബഗ്ദാദി എന്ന ഭക്തനായ സൂഫി വര്യന്റെ ശിഷ്യനായിരുന്നു. അദ്ദേഹം ആദ്യം ഒരു സംസ്ഥാന ഗവർണ്ണറായിരുന്നു. ഒരവസരത്തിൽ അദ്ദേഹം രാജ ദർബാറിൽ വന്നപ്പോൾനല്ല സേവനം ചെയ്ത ഒരു നാട്ടു പ്രമാണിക്ക് സമ്മാനമെന്ന നിലയിൽ രാജാവ് ഒരു പട്ടു

ഷാൾ നൽകുന്നതായി കണ്ടു. നാട്ടു പ്രമാണിക്ക് ജലദോഷമുണ്ടായിരുന്നു. കയ്യിൽ തൂവ്വാലയുണ്ടായിരുന്നില്ല. അദ്ദേഹം രാജാവിന്റെ കണ്ണുവെട്ടിച്ചു കൊണ്ട് തനിക്ക് കിട്ടിയ ഷാൾകൊണ്ട് മൂക്ക് വൃത്തിയാക്കി. ഇത് രാജാവിന്റെ ശ്രദ്ധയിൽപ്പെട്ടു. അത് രാജാവിനെ വളരെ കോപിഷ്ടനാക്കി. ശിബിലി(റഹ്)യുടെ ഹൃദയത്തിൽ ദൈവഭക്തി ഉണ്ടായിരുന്നു. അതിനാൽ ഈ സംഭവം അദ്ദേഹത്തെ വല്ലാതെ പിടിച്ചു കുലുക്കി. തൽക്ഷണം തന്നെ അദ്ദേഹം ബോധക്ഷയനായി വീണുപോയി. ഉണർന്നു കഴിഞ്ഞ ഉടനെ അദ്ദേഹം തന്റെ ഗവർണ്ണർ സ്ഥാനം രാജി വെച്ചു. രാജാവ് കാരണമന്വേഷിച്ചു. താങ്കൾ നൽകിയ സമ്മാനത്തെ ആദരിക്കാത്ത കാരണത്താൽ താങ്കൾക്കെത്ര കോപം വന്നിരിക്കുന്നു. എന്നാൽ എനിക്കു അല്ലാഹു നൽകിയ കണക്കില്ലാത്ത അനുഗ്രഹങ്ങളെ ഞാൻ വിലമതിക്കാതിരിക്കുകയും നന്ദികാണിക്കാതിരിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു എന്നോട് എത്ര കോപിഷ്ടനായിത്തീരും? ഇതായിരുന്നു ശിബിലി(റഹ്)യുടെ മറുപടി. അതിനു ശേഷം അദ്ദേഹം മഹാനായ ജുനൈദുൽ ബാഗ്ദാദി(റഹ്) എന്ന വലിയുടെ അടുത്തേക്ക് പോയി. അദ്ദേഹത്തോട് തന്നെ ഒരു ശിഷ്യനാക്കണമെന്നഭ്യർത്ഥിച്ചു. ജുനൈദ്(റഹ്) മറുപടി പറഞ്ഞു. “താങ്കൾ ഗവർണ്ണരായി ജോലി ചെയ്ത ആളാണ്. ആ സന്ദർഭത്തിൽ താങ്കൾ പലരോടും ദ്രോഹം ചെയ്തിട്ടുണ്ടാവാൻ വഴിയുണ്ട്. അതിനാൽ എന്റെ ശിഷ്യനാക്കാൻ നിവൃത്തിയില്ല.” “ഇതിനു വല്ല പ്രതിവിധിയുമുണ്ടോ.” എന്ന് ശിബിലി(റഹ്) അദ്ദേഹത്തോട് ആരാഞ്ഞു. താങ്കൾ ഗവർണ്ണറായി ജോലി ചെയ്ത പ്രദേശത്തെ ഓരോ വീട്ടിലും ചെന്ന് അവർക്ക് നിങ്ങളിൽ നിന്ന് വല്ല ദ്രോഹവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനു പ്രതികാരം ചെയ്യാവുന്നതാണെന്ന് അവരോട് പറയണം. ഇതായിരുന്നു ജുനൈദ് (റഹ്)ന്റെ മറുപടി. ശിബിലി(റഹ്)അപ്രകാരം തന്നെ ചെയ്തു. ജുനൈദി(റഹ്)ന്റെ ശിഷ്യനായി. പിന്നീടാണ് അദ്ദേഹം വലിയ സൂഫിയായിത്തീർന്നത്.

ഈ ശിബിലി(റഹ്)യെകുറിച്ച് പറയപ്പെടുന്നത് നഫൽ നമസ്കാര വേളയിൽ അദ്ദേഹത്തിന് മടിയോ ആലസ്യമോ ഉണ്ടാവു

കയോ ഇതര ചിന്തകൾ ശ്രദ്ധയെ തെറ്റിക്കുകയോ ചെയ്താൽ വടി കൊണ്ട് തന്റെ ശരീരത്തിൽ വടി തുണ്ടമായി പോകുമാറ് പ്രഹരിക്കാറുണ്ടായിരുന്നുവെന്നാണ്. അദ്ദേഹത്തിന്റെ സമീപം വടികളുടെ കെട്ടുകൾ തന്നെ വെക്കാറുണ്ടെന്നും പറയപ്പെടുന്നു. എന്റെ അഭിപ്രായത്തിൽ ഇത് കുറേ അതിരു കവിഞ്ഞ നിലപാടാണ്. എന്റെ അഭിപ്രായത്തിൽ ഇസ്ലാം അത് ഇഷ്ടപ്പെടുന്നില്ല. ശിബിലി (റഹ്)യുടെ പ്രവൃത്തി അദ്ദേഹത്തിന്റെ വ്യക്തിപരമായ കാര്യമായത് കൊണ്ട് ഞാനതിനെ ആക്ഷേപിക്കുന്നില്ല. എന്നാൽ നമ്മുടെ ആത്മാവിനെ ശിക്ഷിക്കാനുള്ള മറ്റൊരു വഴിയുണ്ട്. അത് നമസ്കാരത്തിൽഏത് സ്ഥലത്ത് വെച്ചാണോ നമ്മുടെ ശ്രദ്ധ തെറ്റിപ്പോയിരിക്കുന്നത്, അല്ലെങ്കിൽ നമുക്കു ആലസ്യം സംഭവിച്ചിരിക്കുന്നത് ആസ്ഥാനത്ത് ഓതിക്കൊണ്ടിരുന്ന വാക്യം വീണ്ടും ഓതുകയും അങ്ങനെ പലവട്ടം ആവർത്തിക്കേണ്ടി വന്നാലും നാമത് മടികൂടാതെ ചെയ്യുകയുമാണ്. അങ്ങനെ ചെയ്യുകയാണെങ്കിൽ പിശാച് പരാജയപ്പെടുകയും നമുക്ക് നമസ്കാരത്തിൽ ഏകാഗ്രത കൈവരികയും ചെയ്യുന്നതാണ്.

**ഇരുപത്തൊന്നാമത്തെ വഴി:-** ഇത് വളരെ ഫലപ്രദമായ വഴിയാണ്. വിശുദ്ധ ഖുർആൻ പറയുന്നു. عَنِ اللَّغْوِ مُعْرِضُونَ അവർ(സത്യവിശ്വാസികൾ) വ്യർത്ഥമായ കാര്യങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവരായിരിക്കും. ഈ മഹത്തായ ഗുണം ജീവിതത്തിൽ ഉണ്ടാക്കാത്ത ആളുകൾ പലപ്പോഴും അനാവശ്യമായ ചിന്തകളിൽ ലയിച്ചു പോകുന്നതാണ്. അത്തരം ആളുകൾക്ക് നമസ്കാരവേളയിലും പലവിധ ചിന്തകൾ വന്നുകൊണ്ടിരിക്കും അത്തരക്കാർ അവരുടെ ജീവിതത്തിൽ തന്നെ ഒരു മാറ്റം വരുത്തേണ്ടതാണ്. ബാലിശമായ വിചാരങ്ങൾ വരുമ്പോൾ ആരംഭത്തിൽ തന്നെ അതിനെ തടയാൻ ശ്രമിക്കണം. ആകാശക്കോട്ട മെനയുന്നത് കൊണ്ട് യാതൊരു പ്രയോജനവും ഇല്ല. അർത്ഥ രഹിതമായ കാര്യങ്ങൾ ചിന്തിക്കുന്നത് കൊണ്ട് നമുക്കൊരു നേട്ടവും കിട്ടാനുമില്ല, അതിനാൽ മനോരാജ്യങ്ങളിൽ ലയിച്ച് സമയം കളയുന്ന പതിവ് മനുഷ്യൻ ഒഴിവാക്കേണ്ടതാണ്. മനുഷ്യന്റെ കഴിവ് ഏത് ഭാഗത്തേക്ക്

തിരിച്ച് വിടുന്നുവോ അവന്റെ മുഴുവൻ ശ്രദ്ധയും പിന്നെ ആ ഭാഗത്തേക്ക് തന്നെ പതിയുന്നതാണ്. ബാലിശമായ ചിന്തകളിൽ നമ്മുടെ തലച്ചോറിനെ ചെലവഴിക്കുകയാണെങ്കിൽ ഫലപ്രദമായ കാര്യങ്ങളെക്കുറിച്ച് ചിന്തക്കാനുള്ള അതിന്റെ കഴിവ് തന്നെ നഷ്ടപ്പെട്ടുപോകും. അതിനാൽ ബാലിശമായ കാര്യങ്ങളെ കുറിച്ച് ചിന്തിക്കുന്ന സമ്പ്രദായം തന്നെ ഇല്ലാതാക്കേണ്ടതാണ്. അല്ലെങ്കിൽ അത്തരം ആളുകളുടെ ശ്രദ്ധ നമസ്കാരവേളയിലും ഇതര ഭാഗങ്ങളിലേക്ക് ചിതറിപ്പോകുന്നതായിരിക്കും.

**ഇരുപത്തി രണ്ടാമത്തെ വഴി:-** ഇതും ഉൽകൃഷ്ടമായ ഒരു മാർഗ്ഗമാണ്. മനുഷ്യനെ ഇത് അദ്ധ്യാത്മീകതയുടെ ഉയർന്ന മേഖലയിലെത്തിക്കുന്നു. റസൂൽ തിരുമേനിﷺ യോട് 'ഇഹ്സാൻ' എന്താണെന്ന് ചോദിക്കപ്പെട്ടു. തിരുനബിﷺ പറഞ്ഞു

اَنْ تَعْبُدَ اللّٰهَ كَاَنَّكَ تَرَاهُ وَاِنْ لَّمْ تَكُنْ تَرَاهُ فَاِنَّهُ يَرَاكَ "അല്ലാഹുവിനെ നീ കാണുന്നുണ്ടെന്ന ഭാവത്തിൽ അവനെ ആരാധിക്കുക. കുറഞ്ഞപക്ഷം അല്ലാഹു നിന്നെ കാണുന്നുണ്ടെന്ന വിചാരമെങ്കിലും നിനക്കുണ്ടായിരിക്കേണ്ടതാണ്." നമസ്കാരവേളയിൽ ഞാൻ അല്ലാഹുവിന്റെ സന്നിധിയിലാണ് നിൽക്കുന്നതെന്നും അവനെ ഞാൻ കണ്ടുകൊണ്ടിരിക്കുകയാണെന്നും ഉള്ള ഒരു ബോധം നിങ്ങളിൽ ഉണ്ടാവുമ്പോൾ മഹത്വവാനും പ്രതാപശാലിയുമായ അല്ലാഹുവിനെ കണ്ടുകൊണ്ട് അശ്രദ്ധനായി നിൽക്കാൻ നിങ്ങൾക്ക് സാധ്യമാവുകയില്ല. ആ സന്ദർഭത്തിൽ മറ്റു വിചാരങ്ങൾ നിങ്ങളുടെ ഹൃദയത്തിൽ വരാൻ പാടില്ലാത്തതാണല്ലോ. ഇനി അല്ലാഹുവിനെ ഞാൻ കാണുന്നുണ്ടെന്ന അവസ്ഥ നിങ്ങൾക്കുണ്ടാക്കുവാൻ കഴിയുന്നില്ലെങ്കിൽ അല്ലാഹു നിങ്ങളെ കാണുന്നുണ്ടെന്ന ഒരു ബോധമെങ്കിലും നമസ്കാരത്തിൽ നിങ്ങൾക്കുണ്ടായിരിക്കണം. നിങ്ങളുടെ ഓരോ ചലനവും വിചാരവും അല്ലാഹു അറിയുന്നവനാണ് എന്ന ബോധം നിങ്ങൾക്കുണ്ടാവുമ്പോൾ അൽഹംദുലില്ലാഹ് (സർവ്വസ്തുതിയും അല്ലാഹുവിനാണ്) എന്നു പറയുന്ന സന്ദർഭത്തിൽ നിങ്ങളുടെ നാവിനും ഹൃദയത്തിനും ഒരു യോജിപ്പുണ്ടായിരിക്കേണ്ടതാണ്. നാവു കൊണ്ട് നിങ്ങൾ അല്ലാഹുവിനു സ്തുതി

പറയുമ്പോൾ മറ്റു വല്ല വിചാരത്തിലും പെട്ട് നിങ്ങളുടെ ഹൃദയം അലയുന്നത് ശരിയായിരിക്കുകയില്ല. അല്ലാഹു നിങ്ങളെ കാണുന്നുണ്ടെന്ന ബോധം അപ്പോൾ നിങ്ങൾക്കില്ലെന്നാണതു മനസ്സിലാക്കിത്തരുന്നത്. ഉണ്ടെങ്കിൽ നാവോടൊപ്പം തന്നെ ഹൃദയവും അൽഹംദു ലില്ലാഹ് എന്ന് ഏറ്റു പറയുന്നതാണ്. ആ അവസ്ഥയെങ്കിലും നിങ്ങൾക്കുണ്ടാക്കാൻ സാധിച്ചാൽ നമസ്കാരത്തിൽ നിങ്ങൾ അശ്രദ്ധരായിരിക്കുകയില്ല. റസൂൽ തിരുമേനിﷺ പറയുന്നു. ദാസൻ ഒരു റകഅത്തെങ്കിലും മറ്റു വിചാരങ്ങളിൽ ലയിക്കാതെ ഏകാഗ്രതയോടെ ഭയഭക്തിയോട് കൂടി നിർവ്വഹിച്ചാൽ അവന്റെ മുഴുവൻ പാപങ്ങളും അല്ലാഹു പൊറുത്തുകൊടുക്കുന്നതാണ്. അപ്പോൾ എല്ലാ നമസ്കാരവും ഈ നിലയിൽ നിർവ്വഹിക്കാൻ കഴിയുന്ന ഒരാളുടെ മഹത്വം എത്ര ഉയർന്നതാണെന്ന് ഊഹിക്കാമല്ലോ. അതിനാൽ നമസ്കാരത്തിൽ നമ്മുടെ ശ്രദ്ധ അല്ലാഹുവിന്റെ ഭാഗത്തേക്ക് തിരിച്ചു വിടുകയെന്നത് നിസ്സാരമായ ഒരു കാര്യമല്ല.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാനിപ്പോൾ നിങ്ങൾക്ക് വിവരിച്ചു തന്നിരിക്കുന്ന കാര്യങ്ങൾ നിസ്സാരമാണെന്ന് കരുതി തള്ളിക്കളയരുത്. അതു ശരിക്കും ഓർമ്മവെയ്ക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യുകയാണെങ്കിൽ വളരെ അനുഗ്രഹവും സൗഭാഗ്യവും കൈവരുന്നതാണ്.

നമസ്കാരത്തിന്റെ അവസാനം നാം 'അസ്സലാമുഅലൈക്കും' എന്നു പറയുന്നു. ഇതും നമസ്കാരത്തിൽ ശ്രദ്ധ നിലനിർത്തുന്ന കാര്യത്തിൽ മനുഷ്യന് അൽഭുതകരമായ സൂചന നൽകുകയാണ് ചെയ്യുന്നത്. പുറത്തു നിന്നു വരുന്ന വല്ലവരുമാണല്ലോ അസ്സലാമു അലൈക്കും എന്നു പറയുക. സത്യവിശ്വാസി നമസ്കാരം കഴിഞ്ഞു അസ്സലാമു അലൈക്കും എന്നു പറയുമ്പോൾ അതിന്റെ അർത്ഥം, ഞാൻ ഇതുവരെ അല്ലാഹുവിന്റെ സന്നിധിയിലായിരുന്നു. എന്റെ ആരാധന കഴിഞ്ഞു. ഞാൻ മടങ്ങിവന്നിരിക്കയാണ്. നിങ്ങൾക്കായി സമാധാനത്തിന്റെയും രക്ഷയുടെയും സന്ദേശം അല്ലാഹുവിന്റെ ദർബാറിൽ നിന്നും കൊണ്ടുവന്നിരിക്കുന്നുവെന്നാണ്. എന്നാൽ ഇതു അർത്ഥവത്തായിത്തീരുന്നത് നമസ്കാ

രം നമ്മുടേതായിത്തീരുമ്പോൾ മാത്രമാകുന്നു. ആരാധനയിൽ ലയിച്ചുകൊണ്ട് അല്ലാഹുവിന്റെ മുമ്പാകെ ഭയഭക്തിയോടുകൂടി കുമ്പിടുകയും അവനോട് പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ഒരാളെ സംബന്ധിച്ചു മാത്രമേ ഇത് ശരിയാവുകയുള്ളൂ. അവൻ യഥാർത്ഥത്തിൽ ഈ ലോകത്തിൽ നിന്ന് വിട്ടകന്ന് അല്ലാഹുവിന്റെ സന്നിധിയിൽ പോയവനാണെന്നു കണക്കാക്കാം. അവൻ നമസ്കാരാനന്തരം അസ്സലാമുഅലൈക്കും എന്ന് പറയുന്നത് സന്ദർഭോചിതം തന്നെ. അങ്ങനെ പറയാൻ അവനു അർഹതയുണ്ട്. അവരെകുറിച്ച് തന്നെയാണ്  അവർ നമസ്കാരത്തെ കാത്തു സൂക്ഷിക്കുന്നവരാണ് എന്ന് പറഞ്ഞിരിക്കുന്നതു. പിശാച് അവരുടെ നമസ്കാരത്തെ തെറ്റിച്ചു ചീത്തയാക്കാൻ ശ്രമിക്കുമെങ്കിലും സത്യവിശ്വാസികൾ അവന്റെ അക്രമത്തെ നന്നായി ചെറുക്കുകയും നമസ്കാരത്തെ ശരിക്കും സൂക്ഷിച്ച് സംരക്ഷിക്കുകയും ചെയ്യുന്നതാണ്. നമസ്കാരത്തിന് നിൽക്കുമ്പോൾതന്നെ ഞങ്ങൾ അല്ലാഹുവിന്റെ സന്നിധിയിലേക്ക് പോവുകയാണെന്ന ബോധത്തോട് കൂടിയായിരിക്കും അവർ നമസ്കാരത്തിൽ ഏർപ്പെടുന്നത്. അതിനാൽ നമസ്കാരാനന്തരം അവർ തന്റെ ഇടത്തും വലത്തും ഉള്ള സഹോദരൻമാർക്ക് അസ്സലാമുഅലൈക്കും എന്ന് പറയുന്നത് സന്ദർഭോചിതമാണ്. അങ്ങനെ നമസ്കരിക്കാത്ത ഒരാൾ നമസ്കാരാനന്തരം അസ്സലാമു അലൈക്കും എന്ന് പറയുന്നതിലർത്ഥമില്ല. അല്ലാഹുവിന്റെ സന്നിധിയിൽ പോകാത്ത ഒരാൾ അല്ലാഹുവിന്റെ സന്ദേശം എങ്ങിനെ കൊണ്ട് വരാനാണ്? അവരത് പറയുന്നുണ്ടെങ്കിൽ അത് തികച്ചും കളവാണ്. അതിനാൽ നമസ്കാരവേളയിൽ അല്ലാഹുവിൽനിന്നും നിങ്ങളെ അകറ്റാൻ ശ്രമിക്കുന്ന പിശാചിനെ നന്നായി നേരിടുകയും അവന്റെ എല്ലാ കുതന്ത്രങ്ങളെയും പരാജയപ്പെടുത്താൻ ശ്രമിക്കുകയും വേണ്ടതാണ്. അങ്ങനെ ചെയ്താൽ അവസാനം നിങ്ങൾ വിജയിക്കുക തന്നെ ചെയ്യും. അല്ലാത്തപക്ഷം അല്ലാഹു നിങ്ങളെ കൈവിട്ടു കളയുന്നതാണ്.

**പരസ്യമായ ദിക്റുകൾ**

മൂന്ന് തരം ദിക്റുകളെക്കുറിച്ചാണ് ഇതുവരെ വിവരിച്ചത്. ഒന്നാമത്തേത് നമസ്കാരം. രണ്ടാമത്തേത് ഖുർആൻ പാരായണം; മൂന്നാ

മത്തേത് നമസ്കാരത്തിന് പുറമെ ചെയ്യപ്പെടുന്ന ദിക്റുകൾ. ഇതെല്ലാം ഒറ്റക്ക് തനിയെ ചെയ്യപ്പെടുന്ന ദിക്റുകളാണ്. എന്നാൽ ഇനി സദസ്സുളിൽ പരസ്യമായി ചെയ്യപ്പെടുന്ന മറ്റൊരു തരത്തിലുള്ള ദിക്റിനെക്കുറിച്ചാണ് പറയാനുള്ളത്. അത് രണ്ട് വിധത്തിലാണ്. സത്യവിശ്വാസികൾക്ക് അന്യോന്യം ഒരുമിച്ചു കൂടാൻ കിട്ടുന്ന സന്ദർഭങ്ങളിൽ അവർ അനാവശ്യവും അർത്ഥരഹിതവുമായ കാര്യങ്ങളെക്കുറിച്ചു സംസാരിച്ചു സമയം പാഴാക്കുന്നതിന് പകരം അല്ലാഹുവിന്റെ ശക്തി മഹാത്മ്യങ്ങളെക്കുറിച്ചും അവൻ നമുക്ക് നൽകിയിരിക്കുന്ന വിവിധങ്ങളായ നന്മകളെയും ഗുണങ്ങളെയും കുറിച്ചും സംസാരിക്കേണ്ടതാണ്. അങ്ങിനെ ചെയ്യുന്നത് നമ്മുടെ ഹൃദയ പരിശുദ്ധി വരുത്തുന്നതിനും നമ്മിൽ നല്ല പ്രതികരണം ഉണ്ടാക്കുന്നതിനും കാരണമായിരിക്കും. ഒരവസരത്തിൽ റസൂൽ തിരുമേനിﷺ പള്ളിയിൽ വന്നപ്പോൾ, ചിലർ ഒറ്റക്കു നമസ്കാരത്തിലേർപ്പെട്ടിരിക്കുന്നതായും മറ്റു ചിലർ ചുറ്റുമിരുന്ന് മതപരമായ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുന്നതായും ചർച്ച ചെയ്യുന്നതായും കണ്ടു. റസൂൽ തിരുമേനിﷺ ചർച്ച ചെയ്യുന്നവരുടെ ഒന്നിച്ച് ചെന്നിരിക്കുകയും നമസ്കരിക്കുന്നവരുടെതിനേക്കാൾ ഉത്തമമായ കാര്യം ഇതാണെന്ന് പറയുകയും ചെയ്തു. ഇത് മനസ്സിലാക്കിത്തരുന്നത്, ചില സന്ദർഭങ്ങളിൽ ഒറ്റക്ക് ചെയ്യുന്ന ദിക്റിനേക്കാൾ കൂട്ടായി, പരസ്യമായി നിലയിൽ ചെയ്യുന്ന ദിക്റാണ് ഉത്തമമായതെന്നാണ്. ചില സന്ദർഭങ്ങളിൽ ഒറ്റക്ക് ചെയ്യപ്പെടുന്ന ദിക്റുകളും ആവശ്യം തന്നെയാണ്. എന്നാൽ ആളുകൾ ഒരുമിച്ചു കൂടുന്ന സന്ദർഭങ്ങളിൽ പരസ്യമായ വിധത്തിൽ മതപരമായ കാര്യങ്ങളെക്കുറിച്ച് സംസാരിക്കുകയും ചർച്ച ചെയ്യുകയുമാണ് പ്രയോജനകരം. അത് മുഖേന മറ്റുള്ളവരുടെ പല അനുഭവങ്ങൾ ശ്രവിക്കാനും നമ്മുടേത് മറ്റുള്ളവർക്ക് കേൾപ്പിക്കാനും സന്ദർഭം ലഭിക്കുന്നു. അത്തരം സന്ദർഭങ്ങളിൽ ഒറ്റക്ക് ഇരുന്ന് ദിക്ർ ചെയ്യുന്നതും നമസ്കരിക്കുന്നതും ചിലപ്പോൾ കാപട്യവും അഹങ്കാരവും ഉണ്ടാക്കിയേക്കും.

വിശുദ്ധ ഖുർആന്റെ ദർസ് എടുക്കുന്നതും സ്വസഹോദരൻമാരുടെ ഇടയിൽ ശിക്ഷണപരമായ പ്രസംഗങ്ങളും ഉപദേശങ്ങളും

ചെയ്യുന്നതുമെല്ലാം പരസ്യമായി ചെയ്യപ്പെടുന്ന ദിക്റുകൾ തന്നെ യാണ്.

പരസ്യമായി ചെയ്യപ്പെടുന്ന രണ്ടാമത്തെ വിധത്തിലുള്ള ദിക്ർ, അന്യരുടെയും എതിരാളികളുടെയും ഇടയിൽ ചെയ്യപ്പെടുന്നവ യാണ്. ഇസ്ലാമല്ലാത്ത എത് മതവിഭാഗക്കാരും അല്ലാഹുവിന്റെ ഗുണമഹാത്മ്യങ്ങളിൽ ഏതെങ്കിലും തരത്തിലുള്ള ഏറ്റക്കുറച്ചി ലുകൾ വരുത്തിയതായിക്കാണാം. അവർക്ക് അല്ലാഹുവിന്റെ യഥാർത്ഥ ഗുണമഹാത്മ്യങ്ങളെക്കുറിച്ചും അവന്റെ ശക്തി പ്രഭാ വങ്ങളെ കുറിച്ചുംമനസ്സിലാക്കി കൊടുക്കുന്നതും വിവരിച്ചു കൊടു ക്കുന്നതുമെല്ലാം ദിക്ർ തന്നെയാണ്. വിശുദ്ധ ഖുർആൻ പറയു ന്നു. يَا أَيُّهَا الْمُدَّثِّرُ ۝ قُمْ فَأَنذِرْ ۝ وَرَبَّكَ فَكَبِّرْ ۝ ഈ ആയത്തിൽ ജന ങ്ങൾക്ക് ദൈവശിക്ഷയെക്കുറിച്ചു മുന്നറിയിപ്പ് നൽകുന്നതോ ടൊപ്പം തന്നെ അല്ലാഹുവിന്റെ ഉന്നതമായ സ്ഥാനത്തെക്കുറിച്ച് അവർക്ക് വിവരിച്ചുകൊടുക്കുന്നതിനും കൽപിച്ചിരിക്കുകയാണ്. അപ്പോൾ ‘തക്ബീർ’ദിക്റിൽ ഉൾപ്പെട്ടതാണെന്നു വന്നു. അതാ യത് അല്ലാഹുവിന്റെ ഉന്നതമായ പദവിയെയും സ്ഥാന മഹാത്മ്യ ത്തെയും കുറിച്ച് ജനങ്ങൾക്ക് വിവരിച്ചു കൊടുക്കുകയെന്നത് ‘ദിക്റെ ഇലാഹി’ യിൽ ഉൾപ്പെട്ടതാണെന്നു സാരം. ഇത് തന്നെ യാണ് സൂറത്തുൽ അഅ്ലായിൽ سَبِّحِ اسْمَ رَبِّكَ الْأَعْلَى (സർവ്വോ ന്നതനായ നിന്റെ രക്ഷിതാവിന്റെ നാമത്തെ പ്രകീർത്തനം ചെയ്യു ക) എന്ന ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നത്. പ്രസ്തുത അദ്ധ്യാ യത്തിൽ തുടർന്നു പറയുന്നത് فَذَكِّرْ إِن نَّفَعَتِ الذِّكْرَىٰ “ഉപദേ ശിക്കുക, ഉപദേശം പ്രയോജനകരമാണ്.” എന്നാണ്, ഇവിടെ ഉപ ദേശം ചെയ്യുകയെന്നതിന് ‘ദിക്റ് ’എന്ന പദമാണ് ഉപോയഗിച്ചി രിക്കുന്നത്. മറ്റുള്ളവർക്ക് ഉപദേശം ചെയ്യുന്നത് ദിക്റെ ഇലാഹി യിൽ ഉൾപ്പെട്ടത് തന്നെയാണെന്നാണ് ഇത് മനസ്സിലാക്കിത്തരു ന്നത്.

**<u>ദിക്റ് ചെയ്യുന്നത് കൊണ്ടുള്ള പ്രയോജനം</u>**

1. ഇനി ദിക്റ് ചെയ്യുന്നത് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തൊ

ക്കെയാണെന്ന് പറയാം. ഏറ്റവും വലിയ പ്രയോജനം അത് മുഖേന അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാകുന്നുവെന്നതാണ്. അതിന്റെ അർത്ഥം ഇതൊരു സൽകർമ്മമാണ്. മറ്റ് സൽകർമ്മങ്ങളിലെന്ന പോലെ ഇതിലും അല്ലാഹു തൃപ്തനാകുന്നുവെന്നല്ല; മറിച്ച് ഇതിൽ അല്ലാഹു പ്രത്യേകമായ നിലയിൽ തൃപ്തിപ്പെടുന്നുവെന്നാണ്. ഒരു പ്രവൃത്തിയുടെ വലുപ്പവും പ്രാധാന്യവുമനുസരിച്ചായിരിക്കുമല്ലോ അതിന്റെ പ്രതിഫലം. വിശുദ്ധ ഖുർആനിൽ ഒരു സ്ഥലത്ത് അല്ലാഹുവിന് ദിക്റ് ചെയ്യുന്നത് വല ദിക്റുല്ലാഹി അക്ബർ വളരെ വലിയ കാര്യമാണെന്ന് പറയുന്നു. മറ്റൊരു സ്ഥലത്ത് ഖുർആനിൽ പറയുന്നു:-

وَعَدَ اللَّهُ الْمُؤْمِنِينَ وَالْمُؤْمِنَاتِ جَنَّاتٍ تَجْرِي مِن تَحْتِهَا الْأَنْهَارُ خَالِدِينَ فِيهَا وَمَسَاكِنَ طَيِّبَةً فِي جَنَّاتِ عَدْنٍ وَرِضْوَانٌ مِّنَ اللَّهِ أَكْبَرُ

സത്യവിശ്വാസികളായ സ്ത്രീപുരുഷൻമാർക്ക് താഴോരത്തുകൂടി അരുവികൾ ഒഴുകുന്ന സ്വർഗ്ഗം അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു. അതിൽ അവർ ശാശ്വതമായി വസിക്കുന്നതായിരിക്കും. ആ ശാശ്വതമായ സ്വർഗ്ഗത്തിൽ പരിശുദ്ധമായ താമസ സ്ഥലങ്ങളും വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. അതിന് പുറമെ വലിയ പ്രതിഫലമായ അല്ലാഹുവിന്റെ തൃപ്തിയും അവർക്ക് ലഭിക്കുന്നതാണ് എന്നു പറഞ്ഞിരിക്കുന്നു. ഏറ്റവും വലിയ സൽക്കർമ്മത്തിന്റെ പ്രതിഫലവും ഏറ്റവും വലുത് തന്നെയായിരിക്കും; അതൊരിക്കലും ചെറുതായിരിക്കില്ല. പ്രസ്തുത ഖുർആൻ വാക്യത്തിൽ സത്യവിശ്വാസികൾക്ക് ലഭിക്കുന്ന പല പ്രതിഫലത്തെ കുറിച്ചും പറഞ്ഞതിന് ശേഷമാണ് ഏറ്റവും വലിയ പ്രതിഫലമായ 'അല്ലാഹുവിന്റെ തൃപ്തിയും' അവർക്ക് ലഭിക്കുന്നതാണ് എന്ന് പറഞ്ഞിരിക്കുന്നത്. ഒരിടത്ത് ഏറ്റവും വലിയ സൽകർമ്മം 'ദിക്ർ' ആണെന്നു പറഞ്ഞു. മറ്റൊരിടത്ത് ഏറ്റവും വലിയ പ്രതിഫലം 'അല്ലാഹുവിന്റെ തൃപ്തി'യാണെന്നു പറഞ്ഞു. യഥാർത്ഥത്തിൽ ഒരു ദാസന് ലഭി

ക്കാവുന്ന ഏറ്റവും വലിയ സമ്മാനം അവന്റെ അല്ലാഹു അവനോട് തൃപ്തിപ്പെടുകയെന്നത് തന്നെയാണ്. അതിനാൽ ആ ഏറ്റവും വലിയ സമ്മാനം ലഭിക്കാനായി സത്യ വിശ്വാസികൾ മേലെ ഉദ്ധരിച്ച തരത്തിലുള്ള വിവിധങ്ങളായ ദിക്റുകൾ ചെയ്തുകൊണ്ടിരിക്കേണ്ടതാവശ്യമാണ്.

2. ദികർ ചെയ്യുന്നതുകൊണ്ടുള്ള രണ്ടാമത്തെ പ്രയോജനം അത് കാരണമായി മനഃശാന്തി ലഭിക്കുന്നുവെന്നതാണ്. അല്ലാഹു പറയുന്നു:-

الَّذِينَ آمَنُوا وَتَطْمَئِنُّ قُلُوبُهُم بِذِكْرِ اللَّهِ أَلَا بِذِكْرِ اللَّهِ تَطْمَئِنُّ الْقُلُوبُ

വിശ്വസിക്കുകയും അല്ലാഹുവിന്റെ ദിക്റ് മുഖേന മനഃശാന്തി ലഭിക്കുകയും ചെയ്തവർക്ക്(ഹിദായത്ത് നൽകുന്നതാണ്.) അറിയുക, അല്ലാഹുവിന്റെ ദിക്റ്(സ്മരണ) കാരണമായി മനഃശാന്തി കൈവരുന്നതാണ്. ആപൽഘട്ടത്തിൽ താൻ അതുകാരണമായി നശിച്ചു പോകുന്നതാണെന്ന വിചാരം വരുമ്പോഴാണ് മനുഷ്യന് പരിഭ്രമവും അസമാധാനവും ഉണ്ടാകുന്നത്. ഏത് വിഷമത്തിനും ആപത്തിനും തന്റെ കയ്യിൽ പരിഹാരമുണ്ടെന്ന് മനസ്സിലാക്കുന്ന ഒരാൾക്ക് പരിഭ്രമമുണ്ടാകുകയില്ല. അല്ലാഹുവിനെ ദിക്റ് ചെയ്തുകൊണ്ടിരിക്കുന്ന ഒരാൾക്ക് അറിയാം അല്ലാഹു അപരിമിതമായ കഴിവുള്ളവനാണെന്നും, ഏത് വിഷമ സന്ധിയിൽനിന്നും തനിക്ക് മുക്തി നൽകാൻ ശക്തനാണെന്നും. അതിനാൽ അവന് എപ്പോഴും മനഃശാന്തി ഉണ്ടായിരിക്കുന്നതാണ്.

3. ദിക്ർ കൊണ്ടുള്ള മൂന്നാമത്തെ പ്രയോജനം ദിക്ർ ചെയ്യുന്ന ദാസനെ അല്ലാഹു തന്റെ സുഹൃത്തായി സ്വീകരിക്കുമെന്നതാണ്. അല്ലാഹു പറയുന്നു فَاذْكُرُونِي أَذْكُرْكُمْ وَاشْكُرُوا لِي وَلَا تَكْفُرُونِ "നിങ്ങൾ എന്നെ ദിക്ർ ചെയ്യുക (സ്മരിക്കുക) ഞാൻ നിങ്ങളെയും സ്മരിക്കുന്നതാണ്." അല്ലാഹു ഒരാളെ സ്മരിക്കുന്നുവെന്ന് പറഞ്ഞാൽ അല്ലാഹു അവനെ സുഹൃത്തായി കണക്കാക്കുകയും അവന്റെ ദർബാറിൽ സ്ഥാനം നൽകുകയും ചെയ്യുമെന്നാണ്. ഏതുപോലെ ഒരു രാജാവ് ഒരാളെ ഓർത്തിരിക്കുന്നു എന്ന്

പറയുന്നതിന്റെ അർഥം ആ വ്യക്തിയെ രാജാവ് തന്റെ ദർബാറിൽ വിളിക്കുക എന്നതാണ്. ഇതേപോലെ അല്ലാഹുവും ചെയ്യുന്നു.
4. ദിക്റ് കൊണ്ടുള്ള നാലാമത്തെ പ്രയോജനം അല്ലാഹു ദിക്റ് ചെയ്യുന്ന ആളെ തിന്മയിൽ നിന്നും രക്ഷിക്കുന്നുവെന്നതാണ്. അല്ലാഹു പറയുന്നു:-

اُتْلُ مَا أُوحِيَ إِلَيْكَ مِنَ الْكِتَابِ وَأَقِمِ الصَّلَاةَ إِنَّ الصَّلَاةَ تَنْهَىٰ عَنِ الْفَحْشَاءِ وَالْمُنكَرِ وَلَذِكْرُ اللَّهِ أَكْبَرُ وَاللَّهُ يَعْلَمُ مَا تَصْنَعُونَ

(റസൂൽ തിരുമേനി യോട് അല്ലാഹു പറയുകയാണ്) “നിനക്ക് നൽകിയിരിക്കുന്ന ഗ്രന്ഥത്തെ നീ ജനങ്ങൾക്ക് ഓതി ക്കേൾപ്പിച്ചു കൊടുക്കുക; നമസ്കാരം നിലനിർത്തുക; നിശ്ചയ മായും നമസ്കാരം തിന്മയെയും നീചകർമ്മങ്ങളെയും തടയുന്ന താണ്; അല്ലാഹുവിന് ദിക്റ് ചെയ്യുകയെന്നത് വലിയ ഒരു കാര്യ മാണ്.” മുമ്പ് പ്രസ്താവിച്ചതുപോലെ ഉപദേശവും നമസ്കാരവു മെല്ലാം ദിക്ർതന്നെയാണ്. ദിക്ർ തിന്മയെ തടയുന്നു. കാരണം ദിക്ർ വലിയ (ഭാരിച്ച) കാര്യമാണെന്നാണ് പറഞ്ഞിരിക്കുന്നത്. ഭാരിച്ച സാധനംകൊണ്ട് പിശാചിന്റെ ശിരസ്സിന് തല്ല് കിട്ടിയാൽ അവൻ നിർജ്ജീവനായിപ്പോകുന്നതാണ്. പിന്നെ അവന് ദുഷ്പ്രേര ണക്ക് ശക്തി ഉണ്ടായിരിക്കുന്നതല്ല.
5. ദിക്ർ കൊണ്ടുള്ള അഞ്ചാമത്തെ പ്രയോജനം ദിക്ർ ചെയ്യുന്ന വന്റെ ഹൃദയം ശക്തിപ്പെടുമെന്നുള്ളതാണ്. എതിർശക്തികളെ നേരിടാനുള്ള ശക്തി അവന് ലഭിക്കുന്നതായിരിക്കും.പരാജയ ബോധം അവനെ ബാധിക്കുകയില്ല അല്ലാഹു പറയുന്നു-

يَا أَيُّهَا الَّذِينَ آمَنُوا إِذَا لَقِيتُمْ فِئَةً فَاثْبُتُوا وَاذْكُرُوا اللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ

ഏ, സത്യവിശ്വാസികളെ, എതിർ സൈന്യങ്ങളെ(ശക്തി കളെ) നിങ്ങൾ നേരിടേണ്ടി വരുമ്പോൾ നിങ്ങൾ ഉറച്ച് നിൽക്കുക;

നിങ്ങൾക്ക് വിജയം കൈവരാനായി നിങ്ങൾ അധികമായി അല്ലാഹുവിനെ ദിക്ർ ചെയ്യുക(സ്മരിക്കുക). ഇതുകൊണ്ട് മനസ്സിലാകുന്നത് ദിക്ർ കാരണമായി നമ്മുടെ മനഃക്കരുത്ത് വർദ്ധിക്കുമെന്നാണ്.

6. ദിക്ർ കൊണ്ടുള്ള ആറാമത്തെ പ്രയോജനം മനുഷ്യന് ലക്ഷ്യപ്രാപ്തി കൈവരുമെന്നുള്ളതാണ്. وَاذْكُرُوا اللَّهَ كَثِيرًا لَّعَلَّكُمْ تُفْلِحُونَ "നിങ്ങൾക്ക് വിജയം കൈവരാനായി നിങ്ങൾ അധികമായി അല്ലാഹുവിനെ ദിക്ർ ചെയ്യുക" എന്ന പ്രസ്തുത ആയത്തിൽനിന്നു ഇതു സ്പഷ്ടമാകുന്നു.

7. ദിക്ർ കൊണ്ടുള്ള ഏഴാമത്തെ പ്രയോജനം ഖിയാമം നാളിൽ അല്ലാഹുവിന്റെ തണലിൽ കീഴിലാകാനുള്ള സൗഭാഗ്യം ലഭിക്കുമെന്നുള്ളതാണ്. റസൂൽ തിരുമേനിﷺ പറയുന്നത് ആ നാൾ ഭയങ്കരമായ ഒരു നാളായിരിക്കുമെന്നും അന്ന് എല്ലാ പ്രവാചകൻമാർ തന്നെയും ഭയപ്പെട്ടു പോകുമെന്നും അല്ലാഹു വളരെ കോപിഷ്ടനായിരിക്കുമെന്നും, ദുഷ്കൃതൻമാരായ എല്ലാവരെയും അന്ന് അല്ലാഹുവിന്റെ മുമ്പാകെ കൊണ്ടു വരുമെന്നും, സൂര്യൻ അന്ന് വളരെ സമീപസ്തമായിരിക്കുമെന്നുമാണ്. ആ നാളിൽ ഏഴ് കൂട്ടർ അല്ലാഹുവിന്റെ തണലിലായിരിക്കുമെന്നും അവരിൽ ഒരു കൂട്ടർ അല്ലാഹുവിന് ദിക്ർ ചെയ്യുന്നവരായിരിക്കുമെന്ന് റസൂൽ തിരുമേനിﷺ പറഞ്ഞു തരുന്നു. അത്തരം സാഹചര്യത്തിൽ ആരിലാണോ അല്ലാഹുവിന്റെ തണലുള്ളത് അവർ സൗഭാഗ്യവാന്മാരായിരിക്കും.

8. ദിക്ർ കൊണ്ടുള്ള എട്ടാമത്തെ പ്രയോജനം ദിക്ർ ചെയ്യുന്നവന്റെ പ്രാർത്ഥനകൾ അധികമായി സ്വീകരിക്കപ്പെടുമെന്നുള്ളതാണ്. ഖുർആനിൽ വന്നിരിക്കുന്ന പ്രാർത്ഥനകളുടെ തുടക്കത്തിൽ ദിക്ർ അഥവാ 'തസ്ബീഹും' 'തഹ്മീദും' വന്നതായി കാണാം. ഖുർആനിലെ ഒന്നാമത്തെ ദുആ സൂറഫാത്തിഹയാണല്ലോ. അതിൽ اَلْحَمْدُ لِلَّهِ رَبِّ الْعَالَمِينَ -الرَّحْمٰنِ الرَّحِيمِ مَالِكِ يَوْمِ الدِّينِ. വരെയുള്ള വചനങ്ങൾ കൊണ്ടാണ് ആരംഭിച്ചിരിക്കുന്നത്. പിന്നെ

إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ എന്നത് മദ്ധ്യത്തിൽ വെച്ചിരിക്കുന്നു. ഈ വചനത്തിലെ ആദ്യത്തെ അർദ്ധഭാഗം അല്ലാഹുമായി ബന്ധപ്പെട്ടതും ബാക്കിഭാഗം മനുഷ്യനുമായി ബന്ധപ്പെട്ടതുമാണ്. അതിന് ശേഷമാണ്

اهْدِنَا الصِّرَاطَ الْمُسْتَقِيمَ ▪ صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ

എന്നുള്ള പ്രാർത്ഥനയുടെ വചനങ്ങൾ ആരംഭിക്കുന്നത്.ആദ്യം അല്ലാഹു ദിക്ക്ർ വെച്ചിരിക്കുന്നു. പിന്നീടാണ് പ്രാർത്ഥന വെച്ചിരിക്കുന്നത്. ഈ ഭൗതീക ലോകത്തും ഈ രീതിയാണ് അവലംബിക്കുന്നതെന്ന് നമ്മുക്ക് മനസ്സിലാക്കാം. ഒരു ഭിക്ഷക്കാരാൻ ആരുടെയെങ്കിലും അടുത്ത് ചെന്നാൽ ആദ്യം ആയാളെ സ്തുതിച്ചു പറയുന്നു. പിന്നീട് തന്റെ ആവശ്യങ്ങൾ നിരത്തുന്നു. അതിനാൽ അല്ലാഹുവിന്റെ സന്നിധിയിൽ ചെല്ലുമ്പോൾ ആദ്യം അല്ലാഹുവി ന്റെ ശക്തി മാഹാത്മ്യത്തെ പറ്റിയും പിന്നീട് തന്റെ കഴിവില്ലായ്മയും ഏറ്റുപറയേണ്ടതാണ്. ഹ: യൂനുസ് നബിعَلَيْهِ السَّلَام യുടെ പ്രാർത്ഥനയിലും നാം ഇത് കാണുന്നു. അദ്ദേഹം തന്റെ കാര്യം പറയുന്നതിനുമുമ്പായി

أَن لَّا إِلَٰهَ إِلَّا أَنتَ سُبْحَانَكَ إِنِّي كُنتُ مِنَ الظَّالِمِينَ

“ആരാധനക്കർഹനായി നീയല്ലാതെ മറ്റാരുമില്ല; നീ പരിശുദ്ധനാണ്; ഞാൻ ദ്രോഹികളിൽ പെട്ടവനാണ് ” എന്ന് പറയുകയാണ് ചെയ്തിരിക്കുന്നത്.

مَنْ شَغَلَهُ ذِكْرِى عَنْ مَسْئَلَتِىْ اَعْطَيْتُهُ اَفْضَلَ مَا اُعْطِى السَّائِلِيْنَ
فَذَكِّرْ إِن نَّفَعَتِ الذِّكْرَىٰ سَبِّحِ اسْمَ رَبِّكَ الْأَعْلَى

“എന്റെ ദിക്റിൽ സദാ മുഴുകിയവന് എന്നോട് സദാ ചോദിച്ചു കൊണ്ടിരിക്കുന്നവനെക്കാൾ ഞാൻ അധികം കൊടുക്കുന്നു” എന്ന് അല്ലാഹു പറയുന്നതായി റസൂൽതിരുമേനിﷺ പറയുന്നു. ഈ

ഹദീസിന്റെ വിവക്ഷ, പ്രാർത്ഥിക്കരുതെന്നല്ല. സൂറാഫാത്തിഹ ഉമ്മുൽ ഖുർആൻ ആണ്. അതിൽ ദിക്റിനോടൊന്നിച്ചു പ്രാർത്ഥനയും ഉൾപ്പെടുത്തിയിരിക്കുന്നതായിക്കാണാം. അപ്പോൾ ദിക്റില്ലാതെ ദുആ മാത്രം ചെയ്യുന്നവനെക്കാൾ ദുആയും ദിക്റും ഒരുമിച്ച് ചെയ്യുന്നവന്റെ പ്രാർത്ഥനയാണ് അധികമായി സ്വീകരിക്കപ്പെടുക എന്നതാണിതിന്റെ വിവക്ഷയെന്നു മനസ്സിലാക്കാം.

9. ദിക്ർ കൊണ്ടുള്ള ഒമ്പതാമത്തെ പ്രയോജനം അത് കാരണമായി പാപങ്ങൾ പൊറുക്കപ്പെടുന്നുവെന്നതാണ്. സമുദ്രങ്ങളിലുള്ള ചണ്ടിചവറുകൾക്ക് തുല്യമായി പാപങ്ങളുണ്ടായാലും 'തക്ബീർ' 'തഹ്മീദും 'തസ്ബീഹ്' (ദിക്ർ) മുഖേന അത് പൊറുക്കപ്പെടുമെന്ന് റസൂൽ തിരുമേനിﷺ പറയുന്നു.

10. ദിക്റ് കൊണ്ടുള്ള പത്താമത്തെ പ്രയോജനം അത് കാരണമായി ബുദ്ധിശക്തി വർദ്ധിക്കുമെന്നുള്ളതാണ്, സ്വയം ആശ്ചര്യപ്പെട്ടുപോകുന്നവിധത്തിലുള്ള ചില ആത്മീയജ്ഞാനങ്ങൾ ദിക്ർ ചെയ്യുന്നവനിൽ വെളിപ്പെടുന്നതാണ്.

إِنَّ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ وَاخْتِلَافِ اللَّيْلِ وَالنَّهَارِ لَآيَاتٍ
لِّأُولِي الْأَلْبَابِ ـ الَّذِينَ يَذْكُرُونَ اللَّهَ قِيَامًا وَقُعُودًا وَعَلَىٰ جُنُوبِهِمْ
وَيَتَفَكَّرُونَ فِي خَلْقِ السَّمَاوَاتِ وَالْأَرْضِ رَبَّنَا مَا خَلَقْتَ هَٰذَا بَاطِلًا
سُبْحَانَكَ فَقِنَا عَذَابَ النَّارِ

ഈ ആയത്തിൽ "ആകാശഗോളങ്ങളുടെയും ഭൂമിയുടെയും സൃഷ്ടിപ്പിലും ദിനരാത്രങ്ങളുടെ മാറ്റത്തിലും ബുദ്ധിമാൻമാർക്ക് അനവധി ദൃഷ്ടാന്തങ്ങൾ ഉണ്ട് " എന്ന് പറയുന്നു. "അല്ലാഹുവിനെ നിന്ന്കൊണ്ടും ഇരുന്നുകൊണ്ടും കിടന്നുകൊണ്ടും സ്മരിക്കുന്നവരും (ദിക്ർ ചെയ്യുന്നവർ) ആകാശഗോളങ്ങളുടെ സൃഷ്ടിപ്പിൽ അതായത് അല്ലാഹുവിന്റെ പ്രവർത്തനങ്ങളിൽ ചിന്തിക്കുന്നവരുമായിരിക്കും ബുദ്ധിമാൻമാർ. എന്നും പ്രസ്തുത ആയത്തുകൾ തന്നെ തുടർന്ന് പ്രസ്താവിക്കുകയും ചെയ്തു.

11. ദിക്ർ കൊണ്ടുള്ള പതിനൊന്നാമത്തെ പ്രയോജനം അത്

മുഖേന തഖ്‌വ(ദൈവഭക്തി) ഉണ്ടാകുമെന്നുള്ളതാണ്. ഒരു ഹദീസിൽ അല്ലാഹു പറയുനന്നതായി റസൂൽ തിരുമേനിﷺ പറയുന്നു.

فَاِنْ ذَكَرَنِى فِى نَفْسِهِ ذَكَرْتُهُ فِى نَفْسِى وَ اِنْ ذَكَرَنِى مَلَاءٍ ذَكَرْتُهُ فِى مَلَاءٍ
خَيْرٍ مِّنْهُمْ وَاِنْ تَقَرَّبَ اِلَىَّ شِبْرًا تَقَرَّبْتُ اِلَيْهِ ذِرَاعًا وَّ اِنْ تَقَرَّبَ اِلَىَّ ذِرَاعًا
تَقَرَّبْتُ اِلَيْهِ بَاعًا وَ اِنْ اَتَانِى يَمْشِى اَتَيْتُهُ هَرْوَلَةً-بخارى كتاب التوحيد

ദാസൻ അവന്റെ ഹൃദയത്തിൽ അല്ലാഹുവിനെ ദിക്ർ ചെയ്യുകയാണെങ്കിൽ അല്ലാഹു ആ ദാസനെ സ്മരിക്കുന്നതാണത്രെ. അതായത് 'സുബ്ഹാനല്ലാഹ് ' അല്ലാഹു പരിശുദ്ധനാണെന്ന് ദാസൻ പറയുമ്പോൾ പരിശുദ്ധത നിനക്ക് കൈവരുമെന്ന് അല്ലാഹുവും പറയുന്നതാണ്. അല്ലാഹു അത് പറയുമ്പോൾ നമുക്കത് ലഭിക്കുമെന്ന് തീർച്ചയായിരിക്കും. പിന്നെ ദാസൻ ജനങ്ങളുടെ ഇടയിലാണ് അല്ലാഹുവിനെകുറിച്ച് പറയുന്നതെങ്കിൽ ആ ജനങ്ങളെക്കാൾ ഉത്തമൻമാരായവരിൽ അവനെ കുറിച്ചുള്ള പ്രസ്താവനയുണ്ടാവാൻ അല്ലാഹു ഇടവരുത്തുന്നതാണ്. അതായത് ഭക്തൻമാരും സൻമാർഗികളുമായവരുടെ ഇടയിൽ അവൻ സ്മരിക്കപ്പെടും. ലോകം അവനെ നല്ലവനും ഭക്തനുമാണെന്ന് ഏറ്റ് പറയുകയും ചെയ്യും.

12. ദിക്ർ കൊണ്ടുള്ള പന്ത്രണ്ടാമത്തെ പ്രയോജനം അല്ലാഹുവിനോടുള്ള മുഹബ്ബത്ത് (സ്നേഹം) വർദ്ധിക്കുമെന്നതാണ്. ഏതൊരു സാധനവുമായി നമുക്ക് തുടർച്ചയായ ബന്ധമുണ്ടാകുന്നുവോ അതിനോട് അതിരറ്റ സ്നേഹമുണ്ടകും എന്നത് മനുഷ്യപ്രകൃതിയാണ്. നാം വസിക്കുന്ന നാടിനോടും പട്ടണത്തോടും നമുക്ക് സ്നേഹമുണ്ടാകുന്നു. അപ്പോൾ രാത്രിയും പകലും തുടർച്ചയായി അല്ലാഹുവിനെ സ്മരിച്ചുകൊണ്ടിരിക്കുകയും അവന്റെ നാമത്തെ പ്രകീർത്തനം ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്നവരുടെ ഹൃദയത്തിൽ കാലക്രമത്തിൽ അല്ലാഹുവിനോടുള്ള സ്നേഹം വർദ്ധിച്ചു വരുമെന്ന് തീർച്ചയാണ്.

അല്ലാഹുവിനെ ദിക്ർ ചെയ്യുന്നതുകൊണ്ടുള്ള പ്രയോജനങ്ങളാണ് ഞാൻ ചുരുക്കത്തിൽ വിവരിച്ചത്. അതിൽനിന്ന് പ്രയോജനം കരസ്ഥമാക്കാനുള്ള സൗഭാഗ്യം എനിക്കും നിങ്ങൾക്കും അല്ലാഹു നൽകുമാറാകട്ടെ, ആമീൻ.